260

കേന്ദ്ര ഗവൺമെന്റ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# THE WATER (PREVENTION AND CONTROL OF POLLUTION) ACT, 1974

(Act No. 6 of 1974)

# ജലം (മലിനീകരണം തടയലും നിയന്ത്രണവും) ആക്റ്റ്, 1974

(1974-ലെ 6-ാം നമ്പർ ആക്റ്റ്)

4-8-1973-ലെ G S R 8885-നാലും
1978-ലെ 44-ാം ആക്റ്റിനാലും
ഭേദഗതി ചെയ്യപ്പെട്ട പ്രകാരം

വില:

യൂണിയൻ ഗവൺമെന്റിനുവേണ്ടി കേരള ഗവൺമെന്റ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെന്റ് പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിക്കുന്നത്
1983

കേന്ദ്ര ഗവൺമെന്റ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# THE WATER (PREVENTION AND CONTROL OF POLLUTION) ACT, 1974

**(Act No. 6 of 1974)**

# ജലം (മലിനീകരണം തടയലും നിയന്ത്രണവും) ആക്റ്റ്, 1974

**(1974-ലെ 6-ാം നമ്പർ ആക്റ്റ്)**

4-8-1973-ലെ G S R 8885-നാലും 1978-ലെ 44-ാം ആക്റ്റിനാലും ഭേദഗതി ചെയ്യപ്പെട്ടപ്രകാരം

യൂണിയൻ ഗവൺമെന്റിനുവേണ്ടി കേരള ഗവൺമെന്റ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെന്റ് പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിക്കുന്നത്
1983

# ജലം (മലിനീകരണം തടയലും നിയന്ത്രണവും) ആക്റ്റ്, 1974

(1974-ലെ 6-ാം ആക്റ്റ്)

## വകുപ്പുകളുടെ വിന്യാസം

വകുപ്പുകൾ


### അദ്ധ്യായം I

പ്രാരംഭികം

1. ചുരുക്കപ്പേരും, ബാധകമാക്കലും, ആരംഭവും.
2. നിർവ്വചനങ്ങൾ.

### അദ്ധ്യായം II

ജലമലിനീകരണം തടയുന്നതിനും നിയന്ത്രിക്കുന്നതിനും വേണ്ടിയുള്ള കേന്ദ്ര ബോർഡുകളും സ്റ്റേറ്റു ബോർഡുകളും

3. കേന്ദ്രബോർഡിന്റെ രൂപവൽക്കരണം.
4. സ്റ്റേറ്റ് ബോർഡുകളുടെ രൂപവൽക്കരണം.
5. അംഗങ്ങളുടെ സേവനകാലാവധികളും സേവനവ്യവസ്ഥകളും.
6. അയോഗ്യതകൾ.
7. അംഗങ്ങൾ സ്ഥാനം ഒഴിയുന്നത്.
8. ബോർഡിന്റെ യോഗങ്ങൾ.
9. കമ്മിറ്റികളുടെ രൂപവൽക്കരണം.
10. പ്രത്യേക ആവശ്യങ്ങൾക്കുവേണ്ടി ബോർഡ് ആളുകളെ താൽക്കാലികമായി കൂട്ടുചേർക്കുന്നത്.
11. ബോർഡിൽ ഒഴിവുണ്ടെന്നുള്ളത് പ്രവർത്തനങ്ങളേയോ നടപടികളേയോ അസാധുവാക്കുന്നതല്ലെന്ന്.

11ക. ചെയർമാന് അധികാരം പ്രത്യായോജനം ചെയ്യൽ.

12. ബോർഡിലെ മെമ്പർ-സെക്രട്ടറിയും, ഉദ്യോഗസ്ഥൻമാരും, മറ്റു ജീവനക്കാരും.

### അദ്ധ്യായം III

സംയുക്തബോർഡുകൾ

13. സംയുക്ത ബോർഡുകളുടെ രൂപവൽക്കരണം.
14. സംയുക്ത ബോർഡുകളുടെ ഘടന.
15. നിദേശങ്ങൾ നൽകുന്നതുസംബന്ധിച്ചുള്ള പ്രത്യേക വ്യവസ്ഥകൾ.

### അദ്ധ്യായം IV

ബോർഡുകളുടെ അധികാരങ്ങളും ചുമതലകളും

16. കേന്ദ്രബോർഡിന്റെ ചുമതലകൾ.
17. സ്റ്റേറ്റ് ബോർഡിന്റെ ചുമതലകൾ.
18. നിദേശങ്ങൾ നൽകുന്നതിനുള്ള അധികാരങ്ങൾ.

### അദ്ധ്യായം V

ജലമലിനീകരണം തടയലും നിയന്ത്രിക്കലും

19. ഈ ആക്റ്റ് ചില പ്രദേശങ്ങളിൽ ബാധകമാകുന്നത് നിയന്ത്രിക്കുന്നതിന് സ്റ്റേറ്റ് ഗവൺമെന്റിനുള്ള അധികാരം.
20. വിവരം ലഭ്യമാക്കുന്നതിനുള്ള അധികാരം.
21. മാലിന്യങ്ങളുടെ സാമ്പിൾ എടുക്കുന്നതിനുള്ള അധികാരവും അതു സംബന്ധിച്ച് അനുവർത്തിക്കേണ്ട നടപടിക്രമവും.
22. 21-ാം വകുപ്പിൻകീഴിൽ എടുത്തിട്ടുള്ള സാമ്പിളുകളുടെ വിശ്ലേഷണ ഫലത്തിന്റെ റിപ്പോർട്ടുകൾ.
23. പ്രവേശനത്തിനും പരിശോധനയ്ക്കും ഉള്ള അധികാരം.
24. മലിനമാക്കുന്ന പദാർത്ഥങ്ങളും മറ്റും ഇടുന്നതിന് അരുവിയോ കിണറോ ഉപയോഗിക്കുന്നതിന്റെ നിരോധനം
25. പുതിയ നിർഗ്ഗമങ്ങളുടേയും പുതിയ പ്രസ്രാവങ്ങളുടേയും മേലുള്ള നിയന്ത്രണങ്ങൾ.
26. നിലവിലിരിക്കുന്ന ഓടവെള്ളത്തിന്റെയോ വ്യാപാര മാലിന്യത്തിന്റെയോ പ്രസ്രാവം സംബന്ധിച്ച വ്യവസ്ഥകൾ.
27. സ്റ്റേറ്റ് ബോർഡ് സമ്മതം നിരസിക്കുകയോ പിൻവലിക്കുകയോ ചെയ്യുന്നത്.
28. അപ്പീലുകൾ.
29. റിവിഷൻ.
30. സ്റ്റേറ്റ് ബോർഡിന് ചില ജോലികൾ നടത്തുന്നതിനുള്ള അധികാരം.
31. സ്റ്റേറ്റ് ബോർഡിനും മറ്റ് ഏജൻസികൾക്കും ചില സംഗതികളിൽ വിവരം നൽകുന്നത്.
32. അരുവിയോ കിണറോ മലിനമാക്കുന്ന സംഗതിയിലുള്ള അടിയന്തിര നടപടികൾ.
33. ബോർഡിന്, അരുവികളിലെയോ കിണറുകളിലേയോ ജലം മലിനമാക്കുമെന്നു ആശങ്ക ഉള്ളിടത്ത് അതിനെ നിരോധിക്കുന്നതിന് കോടതികളിൽ അപേക്ഷ ബോധിപ്പിക്കുന്നതിനുള്ള അധികാരം.

## അദ്ധ്യായം VI

### ഫണ്ടുകളും അക്കൗണ്ടുകളും ആഡിററും

34. കേന്ദ്രഗവൺമെൻറിനാലുള്ള അംശദാനങ്ങൾ.
35. സ്റ്റേററ് ഗവൺമെൻറിനാലുള്ള അംശദാനങ്ങൾ.
36. കേന്ദ്രബോർഡിൻെറ ഫണ്ട്.
37. സ്റ്റേററ് ബോർഡിൻെറ ഫണ്ട്.
38. ബഡ്ജററ്
39. വാർഷിക റിപ്പോർട്ട്.
40. അക്കൗണ്ടുകളും ആഡിററും.

## അദ്ധ്യായം VII

### ദണ്ഡനങ്ങളും നടപടിക്രമവും

41. 20-ാം വകുപ്പ്, (2)-ാം ഉപവകുപ്പിനോ (3)-ാം ഉപവകുപ്പിനോ കീഴിലുള്ള നിദേശങ്ങളോ 32-ാം വകുപ്പ്, (1)-ാം ഉപവകുപ്പ് (ഗ) ഖണ്ഡത്തിൻ കീഴിൽ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളോ അനുസരിക്കുന്നതിൽ വീഴ്ചവരുത്തുന്നത്.
42. ചില പ്രവൃത്തികൾക്കുള്ള ദണ്ഡനം.
43. 24-ാം വകുപ്പിലെ വ്യവസ്ഥകളുടെ ലംഘനത്തിനുള്ള ദണ്ഡനം.
44. 25-ാം വകുപ്പോ 26-ാം വകുപ്പോ ലംഘിക്കുന്നതിനുള്ള ദണ്ഡനം.
45. മുൻ കുററസ്ഥാപനത്തിനുശേഷം വർദ്ധിപ്പിച്ച ദണ്ഡനം.
46. കുററക്കാരുടെ പേരുകൾ പ്രസിദ്ധീകരിക്കുന്നത്.
47. കമ്പനികളാലുള്ള കുററങ്ങൾ.
48. ഗവൺമെൻറ് ഡിപ്പാർട്ടുമെൻറുകളാലുള്ള കുററങ്ങൾ.
49. കുററങ്ങൾ നടപടിക്കെടുക്കുന്നത്.
50. ബോർഡിലെ അംഗങ്ങളും ഉദ്യോഗസ്ഥൻമാരും, ജീവനക്കാരും പബ്ലിക് സർവൻറുമാരാണെന്ന്.

## അദ്ധ്യായം VIII

### പല വക

51. കേന്ദ്ര ജലപരീക്ഷണശാല.
52. സ്റ്റേററ് ജലപരീക്ഷണശാല.
53. അനലിസ്ററുകൾ.
54. അനലിസ്ററുകളുടെ റിപ്പോർട്ടുകൾ.
55. തദ്ദേശാധികാരസ്ഥാനങ്ങൾ സഹായിക്കണമെന്ന്.
56. സ്റ്റേററ് ബോർഡിനുവേണ്ടി ഭൂമി നിർബന്ധമായി ആർജ്ജിക്കുന്നത്.
57. റിട്ടേണുകളും റിപ്പോർട്ടുകളും.
58. അധികാരിതയ്ക്കു തടസ്സം.
59. ഉത്തമവിശ്വാസത്തിൽ എടുത്ത നടപടിക്ക് സംരക്ഷണം.
60. അധിപ്രഭാവം.
61. കേന്ദ്രഗവൺമെൻറിന് കേന്ദ്രബോർഡിനെയും ജായിൻറുബോർഡുകളെയും അതിലംഘിക്കാനുള്ള അധികാരം,
62. സ്റ്റേററ് ഗവൺമെൻറിന് സ്റ്റേററ് ബോർഡിനെ അതിലംഘിക്കാനുള്ള അധികാരം.
63. കേന്ദ്രഗവൺമെൻറിന് ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം.
64. സ്റ്റേററ് ഗവൺമെൻറിന് ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം

# ജലം (മലിനീകരണം തടയലും നിയന്ത്രണവും) ആക്റ്റ്, 1974

(1974-ലെ 6-ാം നമ്പർ ആക്റ്റ്)

ജലം മലിനമാക്കുന്നതു തടയുകയും നിയന്ത്രിക്കുകയും ചെയ്യുന്നതിനും ജലത്തിന്റെ പരിശുദ്ധി സംരക്ഷിക്കുകയോ വീണ്ടെടുക്കുകയോ ചെയ്യുന്നതിനും, മുകളിൽ പ്രസ്താവിച്ച ആവശ്യങ്ങൾ നിറവേറ്റുന്ന ലക്ഷ്യത്തോടുകൂടി ജലമലിനീകരണം തടയുകയും നിയന്ത്രിക്കുകയും ചെയ്യുന്നതിനും വേണ്ടി ബോർഡുകൾ സ്ഥാപിക്കുന്നതിനും അങ്ങനെയുള്ള ബോർഡുകൾക്ക് അതു സംബന്ധിച്ച് അധികാരങ്ങളും ചുമതലകളും നൽകുകയും തിരിച്ചുവയ്ക്കുകയും ചെയ്യുന്നതിനും അതിനോട് ബന്ധപ്പെട്ട സംഗതികൾക്കും വ്യവസ്ഥ ചെയ്യുന്നതിനുള്ള ഒരു ആക്റ്റ്.

ജലം മലിനമാക്കുന്നതു തടയുകയും നിയന്ത്രിക്കുകയും ചെയ്യുന്നതിനും, ജലത്തിന്റെ പരിശുദ്ധി സംരക്ഷിക്കുകയോ വീണ്ടെടുക്കുകയോ ചെയ്യുന്നതിനും മുകളിൽ പ്രസ്താവിച്ച ആവശ്യങ്ങൾ നിറവേറ്റുന്ന ലക്ഷ്യത്തോടുകൂടി ജലമലിനീകരണം തടയുകയും നിയന്ത്രിക്കുകയും ചെയ്യുന്നതിനും വേണ്ടി ബോർഡുകൾ സ്ഥാപിക്കുന്നതിനും അങ്ങനെയുള്ള ബോർഡുകൾക്കു അതുസംബന്ധിച്ച അധികാരങ്ങളും ചുമതലകളും നൽകുകയും തിരിച്ചുവയ്ക്കുകയും ചെയ്യുന്നതിനും വ്യവസ്ഥ ചെയ്യേണ്ടതു് സമീചീനമായിരിക്കയാലും ;

പാർലമെന്റിന്, മുകളിൽ പ്രസ്താവിച്ച ഏതെങ്കിലും വിഷയങ്ങൾ സംബന്ധിച്ച് സ്റ്റേറ്റുകൾക്കുവേണ്ടി നിയമങ്ങൾ ഉണ്ടാക്കാൻ ഭരണഘടന 249-ം 250-ം അനുച്ഛേദങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരമല്ലാതെ, അധികാരമില്ലാത്തതിനാലും,

ഭരണഘടന 252-ാം അനുച്ഛേദം (1)-ാം ഖണ്ഡം അനുസരിച്ച്, ആസ്സാം, ബീഹാർ, ഗുജറാത്ത്, ഹര്യാന, ഹിമാചൽ പ്രദേശ്, ജമ്മു-കാശ്മീർ കർണ്ണാടകം, കേരളം, മദ്ധ്യപ്രദേശ്, രാജസ്ഥാൻ, ത്രിപുര, പശ്ചിമബംഗാൾ എന്നീ സ്റ്റേറ്റുകളിലെ നിയമ നിർമ്മാണമണ്ഡലങ്ങളുടെ എല്ലാ സഭകളും മുൻപറഞ്ഞ വിഷയങ്ങൾ ആ സ്റ്റേറ്റുകളിൽ പാർലമെന്റ്, നിയമംമൂലം ക്രമീകരിക്കണമെന്ന് പ്രമേയങ്ങൾ പാസ്സാക്കിയിട്ടുള്ളതിനാലും.

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ ഇരുപത്തഞ്ചാമതു വർഷം പാർലമെന്റ് താഴെ പറയും പ്രകാരം അധിനിയമം ചെയ്തിരിക്കുന്നു :

## അദ്ധ്യായം I

## പ്രാരംഭികം

**ചുരുക്കപ്പേരും, ബാധകമാക്കലും, ആരംഭവും.**

1. (1) ഈ ആക്റ്റിന് ജലം (മലിനീകരണം തടയലും നിയന്ത്രണവും) ആക്റ്റ്, 1974 എന്ന് പേർ പറയാവുന്നതാണ്.

(2) ഇത് ആദ്യമായി ആസ്സാം, ബീഹാർ, ഗുജറാത്ത്, ഹര്യാന, ഹിമാചൽപ്രദേശ്, ജമ്മു-കാശ്മീർ, കർണ്ണാടകം, കേരളം, മദ്ധ്യപ്രദേശ്, രാജസ്ഥാൻ, ത്രിപുര, പശ്ചിമബംഗാൾ എന്നീ സ്റ്റേറ്റുകളിലും യൂണിയൻ രാജ്യക്ഷേത്രങ്ങളിലും ഒട്ടാകെ ബാധകമാകുന്നതും ; ഭരണഘടന 252-ാം അനുച്ഛേദം (1)-ാം ഖണ്ഡത്തിൻ കീഴിൽ അതിനുവേണ്ടി പാസ്സാക്കിയിട്ടുള്ള പ്രമേയംമൂലം ഈ ആക്റ്റിനെ അംഗീകരിക്കുന്ന മററു സ്റ്റേറ്റുകൾക്ക് ബാധകമാകുന്നതും ആണ്.

(3) ഇത്, ആസ്സാം, ബീഹാർ, ഗുജറാത്ത്, ഹര്യാന, ഹിമാചൽ പ്രദേശ്, ജമ്മു-കാശ്മീർ, കർണ്ണാടകം, കേരളം, മദ്ധ്യപ്രദേശ്, രാജസ്ഥാൻ, ത്രിപുര, വെസ്റ്റുബംഗാൾ എന്നീ സ്റ്റേറ്റുകളിലും യൂണിയൻ രാജ്യക്ഷേത്രങ്ങളിലും ഉടനെയും ഭരണഘടന 252-ാം അനുച്ഛേദം (1)-ാം ഖണ്ഡത്തിൻ കീഴിൽ ഈ ആക്റ്റിനെ അംഗീകരിക്കുന്ന മറേറതെങ്കിലും സ്റ്റേറ്റിൽ ആ സ്റ്റേറ്റിൽ അങ്ങനെ അംഗീകരിക്കുന്ന തീയതിയിലും പ്രാബല്യത്തിൽ വരുന്നതും, ഈ ആക്റ്റിന്റെ ആരംഭത്തെക്കുറിച്ചുള്ള ഈ ആക്റ്റിലെ ഏതെങ്കിലും പരാമർശത്തിന്, ഏതെങ്കിലും സ്റ്റേറ്റിനേയോ യൂണിയൻ രാജ്യക്ഷേത്രത്തേയോ സംബന്ധിച്ച്, അങ്ങനെയുള്ള സ്റ്റേറ്റിലോ യൂണിയൻ രാജ്യക്ഷേത്രത്തിലോ ഈ ആക്റ്റ് പ്രാബല്യത്തിൽവരുന്ന തീയതി എന്നർത്ഥമാകുന്നതും ആകുന്നു.

**നിർവ്വചനങ്ങൾ**

2. ഈ ആക്റ്റിൽ, സന്ദർഭം മററുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(ക) "ബോർഡ്" എന്നാൽ കേന്ദ്രബോർഡോ സ്റ്റേറ്റ് ബോർഡോ എന്നർത്ഥമാകുന്നു ;

(ഖ) "കേന്ദ്രബോർഡ്" എന്നാൽ ജലമലിനീകരണം തടയുകയും നിയന്ത്രിക്കുകയും ചെയ്യുന്നതിനുവേണ്ടി 3-ാം വകുപ്പിൻകീഴിൽ സംവിധാനം ചെയ്തിട്ടുള്ള കേന്ദ്രബോർഡ് എന്ന് അർത്ഥമാകുന്നു ;

(ഗ) "അംഗം" എന്നാൽ ബോർഡിലെ ഒരംഗം എന്നർത്ഥമാകുന്നതും അതിൽ അതിന്റെ ചെയർമാൻ ഉൾപ്പെടുന്നതുമാകുന്നു ;

(ഘ) "കൈവശക്കാരൻ" എന്നാൽ ഏതെങ്കിലും ഫാക്ടറിയെയോ പരിസരങ്ങളെയോ സംബന്ധിച്ച്, ആ ഫാക്ടറിയുടെയോ പരിസരങ്ങളുടെയോ കാര്യാദികളുടെമേൽ നിയന്ത്രണം ഉള്ള ആൾ എന്നർത്ഥമാകുന്നതും, പ്രസ്തുത കാര്യാദികൾ ഒരു മാനേജിംഗ് ഏജന്റിനെ ഭരമേല്പിച്ചിട്ടുള്ളിടത്ത്, അങ്ങനെയുള്ള ഏജന്റ് ആ ഫാക്ടറിയുടെയോ പരിസരങ്ങളുടെയോ കൈവശക്കാരനായി കരുതപ്പെടേണ്ടതുമാണ് ;

(ഘഘ) "നിർഗ്ഗമന മാർഗ്ഗം" എന്നതിൽ അഴുക്കുചാൽ വെള്ളമോ വ്യാപാരമാലിന്യമോ വഹിച്ചുകൊണ്ടുപോകുന്ന, തുറന്നതോ അടച്ചതോ ആയ ഏതെങ്കിലും ഓവുകുഴലോ ചാലോ മലിനീകരണത്തിനിടയാക്കുന്നതോ ഇടയാക്കാൻ സാദ്ധ്യതയുള്ളതോ ആയ മറ്റേതെങ്കിലും വഹനസംവിധാനമോ ഉൾപ്പെടുന്നതാകുന്നു ;

(ങ) "മലിനീകരണം" എന്നാൽ ശല്യം ഉണ്ടാക്കാവുന്നതോ ഉണ്ടാക്കാൻ ഇടയുള്ളതോ അല്ലെങ്കിൽ അങ്ങനെയുള്ള ജലം പൊതുജനങ്ങളുടെ ആരോഗ്യത്തിനോ സുരക്ഷിതത്വത്തിനോ അല്ലെങ്കിൽ ഗാർഹികമോ വാണിജ്യപരമോ വ്യാവസായികമോ കാർഷികമോ ആയതോ അല്ലെങ്കിൽ നിയമാനുസൃതമോ ആയ മറ്റു ഉപയോഗങ്ങൾക്കോ അല്ലെങ്കിൽ മൃഗങ്ങളുടെയോ, സസ്യങ്ങളുടെയോ ജലജീവികളുടെയോ ജീവനും ആരോഗ്യത്തിനുമോ ഹാനികരമോ ആകാവുന്നതോ ആകാൻ ഇടയുള്ളതോ ആയ ജലത്തിന്റെ ദുഷിപ്പിക്കലോ അല്ലെങ്കിൽ ജലത്തിന്റെ ഭൗതികമോ രാസപരമോ ജീവശാസ്ത്രപരമോ ആയ ഗുണങ്ങളുടെ അങ്ങനെയുള്ള വ്യത്യാസപ്പെടുത്തലോ അല്ലെങ്കിൽ ജലത്തിൽ (നേരെയോ അല്ലാതെയോ) ഏതെങ്കിലും അഴുക്കുചാൽ വെള്ളമോ വ്യാപാരമാലിന്യമോ അല്ലെങ്കിൽ മറ്റേതെങ്കിലും ദ്രാവകമോ വാതകമോ അല്ലെങ്കിൽ ഖരപദാർത്ഥമോ കടത്തിവിടുന്നതോ എന്നർത്ഥമാകുന്നു ;

(ച) "നിർണ്ണയിക്കപ്പെട്ട" എന്നാൽ, അതതുസംഗതിപോലെ, കേന്ദ്രഗവൺമെന്റോ സ്റ്റേറ്റ് ഗവൺമെന്റോ ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾ മൂലം നിർണ്ണയിച്ചിട്ടുള്ള എന്നർത്ഥമാകുന്നു ;

(ഛ) "അഴുക്കുചാൽ മാലിന്യം" എന്നാൽ ഏതെങ്കിലും ഓടച്ചോർത്തുകളിലോ അല്ലെങ്കിൽ ഓടശുചീകരണജോലികളിലോ നിന്നുള്ള മലിനവസ്തുക്കൾ എന്നർത്ഥമാകുന്നതും, തുറന്ന പാത്തികളിൽനിന്നുള്ള മലിനജലം അതിൽ ഉൾപ്പെടുന്നതുമാകുന്നു ;

(ഛഛ) "അഴുക്കുചാൽ" എന്നാൽ അഴുക്കുചാൽവെള്ളമോ വ്യാപാരമാലിന്യമോ വഹിച്ചുകൊണ്ടുപോകുന്ന, തുറന്നതോ അടച്ചതോ ആയ ഏതെങ്കിലും ഓവുകുഴലോ ചാലോ എന്നർത്ഥമാകുന്നു ;

(ജ) "സ്റ്റേറ്റ്ബോർഡ്" എന്നാൽ 4-ാം വകുപ്പിൻകീഴിൽ ജലമലിനീകരണം തടയുകയും നിയന്ത്രിക്കുകയും ചെയ്യുന്നതിനു സംവിധാനം ചെയ്തിട്ടുള്ള സ്റ്റേറ്റ്ബോർഡ് എന്നർത്ഥമാകുന്നു ;

(ഝ) "സ്റ്റേറ്റ് ഗവൺമെന്റ്" എന്നാൽ ഒരു യൂണിയൻ പ്രദേശത്തെ സംബന്ധിച്ചിടത്തോളം ഭരണഘടന 239-ാം അനുച്ഛേദത്തിൻകീഴിൽ നിയമിച്ചിട്ടുള്ള അതിന്റെ അഡ്മിനിസ്ട്രേറ്റർ എന്നർത്ഥമാകുന്നു ;

(ഞ) "അരുവി" എന്നതിൽ,—

(i) നദി ;

(ii) നീർച്ചാൽ (ഒഴുകുന്നതോ തൽസമയം ജലം വറ്റിപ്പോയതോ ആയാലും) ;

(iii) ഉൾനാടൻ ജലം (പ്രകൃത്യാ ഉള്ളതോ കൃത്രിമമായതോ ആയാലും ;

(iv) ഭൂഗർഭ ജലങ്ങൾ

(v) സ്റ്റേറ്റു ഗവൺമെന്റ് ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനംവഴി ഇതിനുവേണ്ടി വിനിർദ്ദേശിക്കാവുന്ന വ്യാപ്തിയോളമോ അല്ലെങ്കിൽ അതതുസംഗതിപോലെ, അങ്ങനെയുള്ള പരിധിവരെയുമോ ഉള്ള സമുദ്രമോ വേലാജലങ്ങളോ ;

(ട) "വ്യാപാരമാലിന്യം" എന്നതിൽ ഗാർഹികമാലിന്യം അല്ലാതെയുള്ള, ഏതെങ്കിലും വ്യാപാരമോ വ്യവസായമോ നടത്തുന്നതിനുപയോഗിക്കുന്ന ഏതെങ്കിലും പരിസരങ്ങളിൽനിന്ന് പുറത്തു കളയുന്ന ഏതെങ്കിലും ദ്രാവകമോ വാതകമോ അല്ലെങ്കിൽ ഖരപദാർത്ഥമോ ഉൾപ്പെടുന്നതാണ്.

## അദ്ധ്യായം II

## ജലമലിനീകരണം തടയുന്നതിനും നിയന്ത്രിക്കുന്നതിനും വേണ്ടിയുള്ള കേന്ദ്രബോർഡുകളും സ്റ്റേറ്റു ബോർഡുകളും

**കേന്ദ്ര ബോർഡിന്റെ രൂപവൽക്കരണം.**

3. (1) കേന്ദ്രഗവൺമെന്റ് ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി നിശ്ചയിക്കാവുന്ന തീയതി (ഈ ആക്ററ് ആസ്സാം, ബീഹാർ, ഗുജറാത്ത്, ഹര്യാന, ഹിമാചൽപ്രദേശ്, ജമ്മുകാശ്മീർ, കർണ്ണാടക, കേരളം, മദ്ധ്യപ്രദേശ്, രാജസ്ഥാൻ, ത്രിപുര, പശ്ചിമബംഗാൾ എന്നീ സ്റ്റേററുകളിലും, യൂണിയൻ ടെറിട്ടറികളിലും പ്രാരംഭത്തിൽ വന്നതിനുശേഷം ആറുമാസം കഴിയുന്നതിനുമുമ്പുള്ള ഒരു തീയതി) മുതൽ പ്രഭാവത്തിൽ വരത്തക്കവണ്ണം ജലമലിനീകരണം തടയുകയും നിയന്ത്രിക്കുകയും ചെയ്യുന്നതിനുള്ള കേന്ദ്രബോർഡ് എന്നു പേർ പറയുന്ന ഒരു കേന്ദ്രബോർഡ്, ഈ ആക്ററിൻകീഴിൽ ആ ബോർഡിന് നല്കിയിട്ടുള്ള അധികാരങ്ങൾ പ്രയോഗിക്കുന്നതിനും അതിന് തിരിച്ചുവച്ചിട്ടുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിനുംവേണ്ടി രൂപവൽക്കരിക്കേണ്ടതാണ്.

(2) കേന്ദ്രബോർഡിൽ താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങിയിരിക്കേണ്ടതാണ്, അതായത് :—

(ക) പരിസരസംരക്ഷണം സംബന്ധിച്ച വിഷയങ്ങളെക്കുറിച്ച് പ്രത്യേക അറിവോ പ്രായോഗിക പരിജ്ഞാനമോ ഉള്ള ഒരാളോ അല്ലെങ്കിൽ മുൻപറഞ്ഞ വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന സ്ഥാപനങ്ങളുടെ ഭരണം നടത്തുന്നതിൽ അറിവും പരിചയവും ഉള്ള ഒരാളോ ആയ കേന്ദ്രഗവൺമെന്റിനാൽ നാമനിർദ്ദേശം ചെയ്യപ്പെടുന്ന ഒരു ഫുൾ-ടൈം ചെയർമാൻ ;

(ഖ) കേന്ദ്രഗവൺമെന്റ്, ആ ഗവൺമെന്റിനെ പ്രതിനിധീകരിക്കുന്നതിന്, നാമനിർദ്ദേശം ചെയ്യുന്ന അഞ്ചിൽകവിയാത്ത ഉദ്യോഗസ്ഥൻമാർ ;

(ഗ) കേന്ദ്ര ഗവൺമെന്റ്, സ്റ്റേററു ബോർഡുകളിലെ അംഗങ്ങളിൽനിന്ന് നാമനിർദ്ദേശം ചെയ്യുന്ന അഞ്ചിൽ കവിയാത്ത എണ്ണം ആളുകൾ, അവരിൽ രണ്ടിൽ കവിയാത്ത എണ്ണം 4-ാം വകുപ്പ് 2-ാം ഉപവകുപ്പ് (ഗ) ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ളവരിൽനിന്നായിരിക്കേണ്ടതാണ് ;

(ഘ) കൃഷിയുടെയോ മൽസ്യബന്ധനത്തിന്റെയോ, വ്യവസായത്തിന്റെയോ, വ്യാപാരത്തിന്റെയോ, താല്പര്യങ്ങളെ പ്രതിനിധാനം ചെയ്യുന്നതിനോ അല്ലെങ്കിൽ തീർച്ചയായും പ്രതിനിധാനം ചെയ്യേണ്ടതാണെന്ന് കേന്ദ്രഗവൺമെന്റിന് അഭിപ്രായമുള്ള മറേറതെങ്കിലും താൽപര്യത്തെ പ്രതിനിധാനം ചെയ്യുന്നതിനോ കേന്ദ്രഗവൺമെന്റ് നാമനിർദ്ദേശം ചെയ്യുന്ന മൂന്നിൽ കവിയാത്ത അനുദ്യോഗസ്ഥൻമാർ ;

(ങ) കേന്ദ്രഗവൺമെന്റിന്റെ ഉടമസ്ഥതയിലോ, നിയന്ത്രണത്തിലോ, മാനേജ്മെന്റിലോ ഉള്ള കമ്പനികളേയോ ഏകാംഗയോഗങ്ങളേയോ പ്രതിനിധീകരിക്കുന്നതിന് ആ ഗവൺമെന്റ് നാമനിർദ്ദേശം ചെയ്യുന്ന രണ്ട് ആളുകൾ ;

(ച) പബ്ലിക് ഹെൽത്ത് എൻജിനീയറിംഗ് യോഗ്യതയും പരിസരസംരക്ഷണവും സംബന്ധിച്ച വിഷയങ്ങളെക്കുറിച്ച് പ്രായോഗിക പരിചയമുള്ളതും കേന്ദ്രഗവൺമെന്റിനാൽ നിയമിക്കപ്പെടേണ്ടതുമായ ഒരു ഫുൾ-ടൈം മെമ്പർ-സെക്രട്ടറി ;

(3) കേന്ദ്രബോർഡ് മുൻപറഞ്ഞ പേരുള്ളതും ശാശ്വതപിൻതുടർച്ചാവകാശവും പൊതുമുദ്രയും ഉള്ളതും, ഈ ആക്ററിലെ വ്യവസ്ഥകൾക്ക് വിധേയമായി വസ്തു ആർജ്ജിക്കാനും, കൈവശം വയ്ക്കാനും, കൈമാററം ചെയ്യാനും, കാൺട്രാക്ററിൽ ഏർപ്പെടാനും അധികാരം ഉണ്ടായിരിക്കുന്നതും ആയ ഒരു ഏകാംഗീകൃതനികായം ആയിരിക്കുന്നതും, മുൻപറഞ്ഞ പേരിൽ അതിന് വ്യവഹരിക്കാവുന്നതും അതിന്റെ പേരിൽ വ്യവഹാരപ്പെടാവുന്നതും ആകുന്നു.

**സ്റ്റേററ്ബോർഡുകളുടെ രൂപവൽക്കരണം**

4. (1) സ്റ്റേററ് ഗവൺമെന്റ് ഔദ്യോഗികഗസററിൽ വിജ്ഞാപനംവഴി നിശ്ചയിക്കാവുന്ന തീയതി മുതൽ നടപ്പിൽ വരത്തക്കവണ്ണം വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കാവുന്ന പേരിൽ, ഈ ആക്ററിൻകീഴിൽ ആ ബോർഡിന് നല്കിയിട്ടുള്ള അധികാരങ്ങൾ പ്രയോഗിക്കുന്നതിനും അതിന് തിരിച്ചുവച്ചിട്ടുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിനും, ഒരു സ്റ്റേററ് ബോർഡ് രൂപവൽക്കരിക്കേണ്ടതാണ്.

(2) ഒരു സ്റ്റേററ് ബോർഡിൽ താഴെ പറയുന്ന അംഗങ്ങൾ അടങ്ങിയിരിക്കേണ്ടതാണ്, അതായത്:—

(ക) പരിസരസംരക്ഷണം സംബന്ധിച്ച വിഷയങ്ങളെക്കുറിച്ച് പ്രത്യേക അറിവോ പ്രായോഗിക പരിചയമോ ഉള്ള ഒരാളോ അല്ലെങ്കിൽ മുൻപറഞ്ഞ വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന സ്ഥാപനങ്ങളുടെ ഭരണം നടത്തുന്നതിൽ അറിവും പരിചയവുമുള്ള ഒരാളോ ആയ സ്റ്റേററ് ഗവൺമെന്റ് നാമനിർദ്ദേശം ചെയ്യേണ്ട ഒരു ചെയർമാൻ:

എന്നാൽ ചെയർമാൻ, ഗവൺമെന്റിനു യുക്തമെന്നു തോന്നാവുന്ന പ്രകാരം മുഴുവൻ സമയ ചെയർമാനോ അല്ലെങ്കിൽ ഭാഗിക സമയ ചെയർമാനോ ആയിരിക്കാവുന്നതാണ് ;

(ഖ) സ്റ്റേറ്റ് ഗവൺമെന്റ്, ആ ഗവൺമെന്റിനെ പ്രതിനിധാനം ചെയ്യുന്നതിന് നാമനിർദ്ദേശം ചെയ്യേണ്ട അഞ്ചിൽ കവിയാത്ത ഉദ്യോഗസ്ഥൻമാർ ;

(ഗ) സ്റ്റേറ്റ് ഗവൺമെന്റ്, സ്റ്റേറ്റിനുള്ളിൽ പ്രവർത്തനം നടത്തുന്ന തദ്ദേശാധികാര സ്ഥാപനങ്ങളിലെ അംഗങ്ങളിൽനിന്നും നാമനിർദ്ദേശം ചെയ്യേണ്ട അഞ്ചിൽകവിയാത്ത ആളുകൾ ;

(ഘ) കൃഷിയുടെയോ, മൽസ്യ ബന്ധനത്തിന്റേയോ, വ്യവസായത്തിന്റെയോ, വ്യാപാരത്തിന്റെയോ താൽപ്പര്യങ്ങളെയോ അല്ലെങ്കിൽ സ്റ്റേറ്റ് ഗവൺമെന്റിന്റെ അഭിപ്രായത്തിൽ തീർച്ചയായും പ്രതിനിധാനം ചെയ്യേണ്ടതായ മറ്റേതെങ്കിലും താൽപ്പര്യത്തെയോ പ്രതിനിധാനം ചെയ്യുന്നതിന് സ്റ്റേറ്റ് ഗവൺമെന്റ് നാമനിർദ്ദേശം ചെയ്യേണ്ട മൂന്നിൽകവിയാത്ത അനുദ്യോഗസ്ഥൻമാർ ;

(ങ) സ്റ്റേറ്റ് ഗവൺമെന്റ്, ആ ഗവൺമെന്റിന്റെ ഉടമസ്ഥതയിലോ, നിയന്ത്രണത്തിലോ, മാനേജ്മെന്റിലോ ഉള്ള കമ്പനികളെയോ, ഏകാംഗയോഗങ്ങളെയോ പ്രതിനിധാനം ചെയ്യുന്നതിന് നാമനിർദ്ദേശം ചെയ്യേണ്ട രണ്ട് ആളുകൾ ;

(ച) പബ്ലിക്ഹെൽത്ത് എൻജിനീയറിംഗ് യോഗ്യതയും പരിസര സംരക്ഷണം സംബന്ധിച്ച വിഷയങ്ങളെക്കുറിച്ച് പ്രായോഗികപരിചയമുള്ളതും സ്റ്റേറ്റ് ഗവൺമെന്റിനാൽ നിയമിക്കപ്പെടേണ്ടതുമായ ഒരു ഫുൾ-ടൈം മെമ്പർ-സെക്രട്ടറി.

(3) ഓരോ സ്റ്റേറ്റ് ബോർഡും സ്റ്റേറ്റുഗവൺമെന്റ് (1)-ാം ഉപവകുപ്പിൻകീഴിലുള്ള വിജ്ഞാപനത്തിൽ വിനിർദ്ദേശിച്ചിട്ടുള്ള പേരുള്ളതും, ശാശ്വത പിൻതുടർച്ചാവകാശവും പൊതുമുദ്രയും ഉള്ളതും, ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി, വസ്തു ആർജ്ജിക്കാനും, കൈവശം വയ്ക്കാനും, കൈമാറ്റം ചെയ്യാനും, കാൺട്രാക്റ്റിൽ ഏർപ്പെടാനും ഉള്ള അധികാരത്തോടുകൂടിയതും ആയ ഒരു ഏകാംഗീകൃതനികായം ആയിരിക്കുന്നതും, അത് മുൻപറഞ്ഞ പേരിൽ വ്യവഹരിക്കുകയും വ്യവഹരിക്കപ്പെടുകയും ചെയ്യാവുന്നതും ആകുന്നു.

(4) ഈ വകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഒരു യൂണിയൻ രാജ്യക്ഷേത്രത്തിനുവേണ്ടി യാതൊരു സ്റ്റേറ്റ് ബോർഡും രൂപവൽക്കരിക്കേണ്ടതില്ലാത്തതും, ഒരു യൂണിയൻ രാജ്യക്ഷേത്രത്തെ സംബന്ധിച്ച്, കേന്ദ്ര ബോർഡ് ആ യൂണിയൻ രാജ്യക്ഷേത്രത്തിനുവേണ്ടി ഒരു സ്റ്റേറ്റ് ബോർഡിന്റെ അധികാരങ്ങൾ പ്രയോഗിക്കുകയും ചുമതലകൾ നിർവ്വഹിക്കുകയും ചെയ്യേണ്ടതും ആണ് :

എന്നാൽ ഏതെങ്കിലും യൂണിയൻ രാജ്യക്ഷേത്രത്തെ സംബന്ധിച്ച്, കേന്ദ്രബോർഡിന് ഈ ഉപവകുപ്പിൻ കീഴിലുള്ള അതിന്റെ എല്ലാമോ ഏതെങ്കിലുമോ അധികാരങ്ങളും ചുമതലകളും കേന്ദ്രഗവൺമെന്റ് വിനിർദ്ദേശിക്കാവുന്ന ആൾക്കോ ആളുകളുടെ നികായത്തിനോ പ്രത്യായോജനം ചെയ്യാവുന്നതാണ്.

**അംഗങ്ങളുടെ സേവന കാലാവധികളും സേവന വ്യവസ്ഥകളും.**

5. (1) ഈ ആക്റ്റുമൂലമോ ഈ ആക്റ്റിൻ കീഴിലോ മറ്റു വിധത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളപ്രകാരമൊഴികെ, ഒരു മെമ്പർ-സെക്രട്ടറി അല്ലാത്ത ബോർഡിലെ ഒരംഗം അയാളെ നാമനിർദ്ദേശം ചെയ്ത തീയതി മുതൽ മൂന്നു വർഷക്കാലത്തേക്ക് ഉദ്യോഗം വഹിക്കുന്നതാണ്:

എന്നാൽ ഒരംഗം അയാളുടെ ഉദ്യോഗ കാലാവധി അവസാനിച്ചാലും, അയാളുടെ പിൻഗാമി തന്റെ ഉദ്യോഗത്തിൽ പ്രവേശിക്കുന്നതുവരെ ഉദ്യോഗത്തിൽ തുടരേണ്ടതാണ്.

(2) 3-ാം വകുപ്പ്, രണ്ടാം ഉപവകുപ്പ് (ഖ) ഖണ്ഡത്തിന്റേയോ (ങ) ഖണ്ഡത്തിന്റേയോ, അല്ലെങ്കിൽ 4-ാം വകുപ്പ്, (2)-ാം ഉപവകുപ്പ് (ഖ) ഖണ്ഡത്തിന്റേയോ (ങ) ഖണ്ഡത്തിന്റേയോ കീഴിൽ നാമനിർദ്ദേശം ചെയ്യപ്പെട്ട, ബോർഡിലെ ഒരംഗത്തിന്റെ ഉദ്യോഗകാലാവധി, അയാൾ കേന്ദ്രഗവൺമെന്റിന്റേയോ സ്റ്റേറ്റു ഗവൺമെന്റിന്റേയോ, അല്ലെങ്കിൽ അതതു സംഗതിപോലെ, കേന്ദ്രഗവൺമെന്റിന്റേയോ, സ്റ്റേറ്റുഗവൺമെന്റിന്റേയോ ഉടമയിലുള്ളതോ നിയന്ത്രണത്തിലുള്ളതോ നടത്തിപ്പിലുള്ളതോ ആയ കമ്പനിയുടേയോ ഏകാംഗയോഗത്തിന്റേയോ, കീഴിൽ ഏത് ഉദ്യോഗത്തിന്റെ ബലത്തിലാണോ അയാൾ നാമനിർദ്ദേശം ചെയ്യപ്പെട്ടത് ആ ഉദ്യോഗം വഹിക്കുന്നതല്ലാതായിത്തീരുന്ന ഉടനെ അവസാനിക്കുന്നതാണ്.

(3) അതതു സംഗതിപോലെ, കേന്ദ്രഗവൺമെന്റിനോ സ്റ്റേറ്റുഗവൺമെന്റിനോ, അത് യുക്തമെന്നു കരുതുന്നപക്ഷം ബോർഡിലെ ഏതെങ്കിലും അംഗത്തെ, അയാളുടെ ഉദ്യോഗകാലാവധി അവസാനിക്കുന്നതിനു മുമ്പ് അതിനെതിരായി കാരണം കാണിക്കാൻ അയാൾക്ക് ന്യായമായ ഒരവസരം നല്കിയതിനുശേഷം, നീക്കം ചെയ്യാവുന്നതാണ്.

(4) മെമ്പർ-സെക്രട്ടറി അല്ലാത്ത, ബോർഡിലെ ഒരംഗത്തിന് ഏതെങ്കിലും സമയത്ത്—

(ക) ചെയർമാന്റെ സംഗതിയിൽ, അതതു സംഗതിപോലെ, കേന്ദ്രഗവൺമെന്റിനെയോ സ്റ്റേറ്റ് ഗവൺമെന്റിനെയോ അഭിസംബോധന ചെയ്തുകൊണ്ടും;

(ഖ) മറ്റേതെങ്കിലും സംഗതിയിൽ, ബോർഡിലെ ചെയർമാനെ അഭിസംബോധന ചെയ്തുകൊണ്ടും, അയാളുടെ കയ്യൊപ്പോടുകൂടി രേഖാമൂലം തന്റെ ഉദ്യോഗം രാജിവയ്ക്കാവുന്നതും അതോടുകൂടി ചെയർമാന്റെയോ അങ്ങനെയുള്ള മറ്റംഗത്തിന്റെയോ സ്ഥാനം ഒഴിവാകുന്നതുമാണ്.

(5) മെമ്പർ-സെക്രട്ടറി അല്ലാത്ത, ബോർഡിലെ ഒരംഗം, ബോർഡിന്റെ അഭിപ്രായത്തിൽ, മതിയായ കാരണം കൂടാതെ ബോർഡിന്റെ തുടർച്ചയായ മൂന്നു യോഗങ്ങളിൽ ഹാജരാകാതിരിക്കുകയാണെങ്കിലോ, അല്ലെങ്കിൽ 3-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (ഗ) ഖണ്ഡത്തിന്റേയോ (ങ) ഖണ്ഡത്തിന്റേയോ കീഴിലോ, 4-ാം വകുപ്പ്, (2)-ാം ഉപവകുപ്പ്, (ഗ) ഖണ്ഡത്തിന്റേയോ (ങ) ഖണ്ഡത്തിന്റേയോ കീഴിലോ അയാളെ നാമനിർദ്ദേശം ചെയ്തിട്ടുള്ളിടത്ത്, അയാൾ അതതുസംഗതിപോലെ കേന്ദ്രഗവൺമെന്റിന്റെയോ സ്റ്റേറ്റ് ഗവൺമെന്റിന്റെയോ ഉടമയിലുള്ളതോ നിയന്ത്രണത്തിലുള്ളതോ നടത്തിപ്പിലുള്ളതോ ആയ കമ്പനിയിലോ ഏകാംഗയോഗത്തിലോ ഒരു അംഗമല്ലാതായിത്തീരുന്നെങ്കിലോ അയാൾ തന്റെ സ്ഥാനം ഒഴിഞ്ഞതായി കരുതപ്പെടുന്നതും, രണ്ടിലേതൊരു സംഗതിയിലും അങ്ങനെയുള്ള സ്ഥാനം ഒഴിയൽ, അതതു സംഗതിപോലെ, കേന്ദ്ര ഗവൺമെന്റോ സ്റ്റേറ്റ് ഗവൺമെന്റോ, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനംവഴി, വിനിർദ്ദിഷ്ടമാക്കാവുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതും ആകുന്നു.

(6) ഒരു ബോർഡിലെ ഒരു യാദൃശ്ചിക ഒഴിവ് ഒരു പുതിയ നാമനിർദ്ദേശം മൂലം നികത്തേണ്ടതും, ആ ഒഴിവ് നികത്തുവാൻ നാമനിർദ്ദേശം ചെയ്യപ്പെട്ട ആൾ, ഏത് അംഗത്തിന്റെ സ്ഥാനത്തേക്കാണോ അയാൾ നാമനിർദ്ദേശം ചെയ്യപ്പെട്ടത് ആ അംഗത്തിന്റെ ശേഷിച്ച കാലത്തേയ്ക്ക്മാത്രം ഉദ്യോഗം വഹിക്കേണ്ടതാണ്.

(7) ബോർഡിലെ ഒരംഗത്തിന് രണ്ടു പ്രാവശ്യത്തിൽ കൂടുതൽ വീണ്ടും നാമനിർദ്ദേശം ചെയ്യപ്പെടാൻ അർഹത ഉണ്ടായിരിക്കുന്നതല്ല.

(8) ചെയർമാനും മെമ്പർ-സെക്രട്ടറിയും അല്ലാത്ത ബോർഡിലെ ഒരംഗത്തിന്റെ മറ്റു സേവനവ്യവസ്ഥകളും നിബന്ധനകളും നിർണ്ണയിക്കാവുന്ന പ്രകാരം ആയിരിക്കുന്നതാണ്.

(9) ചെയർമാന്റെ മറ്റു സേവനവ്യവസ്ഥകളും നിബന്ധനകളും, നിർണ്ണയിക്കാവുന്ന പ്രകാരം ആയിരിക്കുന്നതാണ്.

6. (1) ഏതൊരാളാണോ— അയോഗ്യതകൾ.

(ക) നിർദ്ധനനായി ന്യായനിർണ്ണയം ചെയ്യപ്പെടുകയോ അല്ലെങ്കിൽ ഏതെങ്കിലും സമയത്ത് അങ്ങനെ ചെയ്യപ്പെട്ടിരിക്കുകയോ അല്ലെങ്കിൽ അയാളുടെ കടങ്ങൾ കൊടുത്തുതീർക്കുന്നതു നിറുത്തിവയ്ക്കുകയോ അല്ലെങ്കിൽ അയാളുടെ ഉത്തമർണ്ണൻമാരുമായി രാജിയാവുകയോ ചെയ്തിട്ടുള്ളത്, അല്ലെങ്കിൽ

(ഖ) ചിത്തഭ്രമം ഉള്ളവനായിരിക്കുകയും ക്ഷമതയുള്ള ഒരു കോടതി അപ്രകാരം പ്രഖ്യാപിക്കുകയും ചെയ്തിട്ടുള്ളത്, അല്ലെങ്കിൽ

(ഗ) അതതു സംഗതിപോലെ, കേന്ദ്രഗവൺമെന്റിന്റെയോ സ്റ്റേറ്റ് ഗവൺമെന്റിന്റെയോ അഭിപ്രായത്തിൽ സദാചാരദൂഷ്യം ഉൾക്കൊള്ളുന്ന ഒരു കുറ്റത്തിന് കുറ്റസ്ഥാപനം ചെയ്യപ്പെടുകയോ ചെയ്യപ്പെട്ടിരിക്കുകയോ ചെയ്തിട്ടുള്ളത്, അല്ലെങ്കിൽ

(ഘ) ഈ ആക്റ്റിൻകീഴിൽ ഒരു കുറ്റത്തിന് കുറ്റസ്ഥാപനം ചെയ്യപ്പെടുകയോ അല്ലെങ്കിൽ ഏതെങ്കിലും സമയത്ത് കുറ്റസ്ഥാപനം ചെയ്യപ്പെട്ടിരിക്കുകയോ ചെയ്തിട്ടുള്ളത്, അല്ലെങ്കിൽ

(ങ) ഓടവെള്ളമോ വ്യാപാരമാലിന്യമോ കൈകാര്യം ചെയ്യുന്നതിലേക്കുള്ള യന്ത്രക്കോപ്പോ, യന്ത്രശാലയോ, സജ്ജീകരണമോ, സാമഗ്രിയോ, ഫിറ്റിങ്ങുകളോ നിർമ്മിക്കുകയോ വില്ക്കുകയോ കൂലിക്കു കൊടുക്കുകയോ ചെയ്യുന്ന ബിസിനസ്സ് നടത്തിക്കൊണ്ടുപോകുന്ന ഏതെങ്കിലും ഫേമിലോ കമ്പനിയിലോ, നേരിട്ടോ നേരിട്ടല്ലാതെയോ, സ്വന്തമായോ ഏതെങ്കിലും പങ്കാളി മുഖേനയോ, ഏതെങ്കിലും ഓഹരിയോ താൽപ്പര്യമോ ഉള്ളവനായിരിക്കുന്നത് അല്ലെങ്കിൽ

(ച) ഓടജലപദ്ധതികൾ നടപ്പിലാക്കുന്നതിലേക്കോ, ഓടജലമോ വ്യാപാരമാലിന്യമോ കൈകാര്യം ചെയ്യുന്നതിനുള്ള യന്ത്രശാലകൾ സംസ്ഥാപിക്കുന്നതിലേക്കോ ബോർഡിനോടോ, ബോർഡ് രൂപവൽക്കരിക്കുന്ന ഗവൺമെന്റിനോടോ, അല്ലെങ്കിൽ സ്റ്റേറ്റിലെ ഒരു തദ്ദേശാധികാരസ്ഥാനത്തോ, അല്ലെങ്കിൽ ഗവൺമെന്റിന്റെ വകയായുള്ളതോ അത് നിയന്ത്രിക്കുന്നതോ മാനേജ് ചെയ്യുന്നതോ ആയ ഒരു കമ്പനിയോടോ ഏകാംഗയോഗത്തോടോ ഏതെങ്കിലും കാൺട്രാക്റ്റ് ഉള്ള ഏതെങ്കിലും കമ്പനിയിലോ ഫേമിലോ ഒരു ഡയറക്ടറോ ഒരു സെക്രട്ടറിയോ മാനേജരോ അല്ലെങ്കിൽ ശമ്പളമുള്ള മറ്റ് ആഫീസറോ നിയോജിതനോ ആയിരിക്കുകയോ ചെയ്തിട്ടുള്ളത്, അല്ലെങ്കിൽ

(ഛ) അതതുസംഗതിപോലെ, കേന്ദ്രഗവൺമെന്റിന്റെയോ സ്റ്റേറ്റ് ഗവൺമെന്റിന്റെയോ അഭിപ്രായത്തിൽ, അയാൾ ബോർഡിൽ തുടരുന്നത് പൊതുജനങ്ങളുടെ താൽപ്പര്യത്തിന് ഹാനികരമായിത്തീരത്തക്കവണ്ണം ഒരംഗമെന്ന നിലയിലുള്ള അയാളുടെ സ്ഥാനത്തെ അത്രമാത്രം ദുരുപയോഗപ്പെടുത്തുകയോ ചെയ്തിട്ടുള്ളത്;

അങ്ങനെയുള്ള യാതൊരാളും ഒരു ബോർഡിലെ അംഗമായിരിക്കാൻ പാടുള്ളതല്ല.

(2) അതതു സംഗതിപോലെ, കേന്ദ്രഗവൺമെന്റോ സ്റ്റേറ്റ് ഗവൺമെന്റോ ഈ വകുപ്പിൻ കീഴിൽ നീക്കം ചെയ്യുന്നതിനുള്ള യാതൊരുത്തരവും, ബന്ധപ്പെട്ട അംഗത്തിന് അതിനെതിരായി കാരണം കാണിക്കാൻ ന്യായമായ ഒരവസരം നല്കാത്തപക്ഷം, പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

(3) 5-ാം വകുപ്പ്, (1)-ം (7)-ം ഉപവകുപ്പുകളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ വകുപ്പിൻകീഴിൽ നീക്കം ചെയ്തിട്ടുള്ള ഒരംഗം ഒരംഗമായി വീണ്ടും നാമനിർദ്ദേശം ചെയ്യപ്പെടാൻ അർഹനായിരിക്കുന്നതല്ല.

**അംഗങ്ങൾ സ്ഥാനം ഒഴിയുന്നത്.**

7. ബോർഡിലെ ഒരംഗം 6-ാം വകുപ്പിൻകീഴിൽ വിനിർദ്ദേശിച്ചിട്ടുള്ള ഏതെങ്കിലും അയോഗ്യതകൾക്കു വിധേയനാകുന്ന പക്ഷം, അയാളുടെ സ്ഥാനം ഒഴിവാകുന്നതാണ്.

**ബോർഡിന്റെ യോഗങ്ങൾ.**

8. ഒരു ബോർഡ് ഓരോ മൂന്നുമാസത്തിലും ഒരു പ്രാവശ്യമെങ്കിലും യോഗം ചേരേണ്ടതും, അതിന്റെ യോഗങ്ങളിൽ ബിസിനസ്സിന്റെ നടത്തിപ്പു സംബന്ധിച്ച് നിർണ്ണയിക്കപ്പെടാവുന്ന നടപടിച്ചട്ടങ്ങൾ പാലിക്കേണ്ടതും ആണ്.

എന്നാൽ ചെയർമാന്റെ അഭിപ്രായത്തിൽ, അടിയന്തര സ്വഭാവമുള്ള ഏതെങ്കിലും ബിസിനസ്സ് നടത്തേണ്ടതായുണ്ടെങ്കിൽ, മുൻപറഞ്ഞ ആവശ്യത്തിന് അയാൾ യുക്തമെന്നു കരുതുന്ന സമയത്ത് അയാൾക്ക് ബോർഡിന്റെ ഒരു യോഗം വിളിച്ചുകൂട്ടാവുന്നതാണ്.

**കമ്മിറ്റികളുടെ രൂപവൽക്കരണം.**

9. (1) ബോർഡിന്, പൂർണ്ണമായും അംഗങ്ങൾ അടങ്ങുന്നതോ അല്ലെങ്കിൽ പൂർണ്ണമായും മറ്റാളുകൾ അടങ്ങുന്നതോ അല്ലെങ്കിൽ ഭാഗികമായി അംഗങ്ങളും ഭാഗികമായി മറ്റാളുകളും അടങ്ങുന്നതോ ആയ, അത് യുക്തമെന്ന് കരുതാവുന്നത്രയും കമ്മിറ്റികൾ യുക്തമെന്ന് കരുതാവുന്ന ആവശ്യത്തിനോ ആവശ്യങ്ങൾക്കോ വേണ്ടി രൂപവൽക്കരിക്കാവുന്നതാണ്.

(2) ഈ വകുപ്പിൻകീഴിൽ രൂപവൽക്കരിച്ചിട്ടുള്ള ഒരു കമ്മിറ്റി, നിർണ്ണയിക്കാവുന്ന സമയത്തും സ്ഥലത്തും യോഗം ചേരേണ്ടതും, അതിന്റെ യോഗങ്ങളിലെ ബിസിനസ്സിന്റെ നടത്തിപ്പ് സംബന്ധിച്ച് നിർണ്ണയിക്കപ്പെടാവുന്ന നടപടിച്ചട്ടങ്ങൾ പാലിക്കേണ്ടതും ആണ്.

(3) കമ്മിറ്റിയിലെ അംഗങ്ങൾക്ക് (ബോർഡിലെ അംഗങ്ങളല്ലാത്ത) അതിന്റെ യോഗങ്ങളിൽ സന്നിഹിതരാകുന്നതിനും, ബോർഡിലെ മറ്റേതെങ്കിലും ജോലിയിൽ ഏർപ്പെടുന്നതിനും നിർണ്ണയിക്കപ്പെടാവുന്ന ഫീസും ബത്തകളും നല്കേണ്ടതാണ്.

**പ്രത്യേക ആവശ്യങ്ങൾക്കു വേണ്ടി ബോർഡ് ആളുകളെ താൽക്കാലികമായി കൂട്ടുചേർക്കുന്നത്.**

10. (1) ഒരു ബോർഡിന്, നിർണ്ണയിക്കപ്പെടാവുന്ന രീതിയിലും നിർണ്ണയിക്കപ്പെടാവുന്ന ആവശ്യങ്ങൾക്കുവേണ്ടിയും, ഏതാളുകളുടെ സഹായമോ ഉപദേശമോ ആണോ ഈ ആക്റ്റിൻകീഴിൽ അതിന്റെ ഏതെങ്കിലും ചുമതലകൾ നിർവ്വഹിക്കുന്നതിന് ലഭിക്കാൻ അത് ആഗ്രഹിക്കാവുന്നത് അങ്ങനെയുള്ള ഏതെങ്കിലും ആളെ അതിനോട് കൂട്ടുചേർക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൻകീഴിൽ ഏതെങ്കിലും ആവശ്യത്തിന് ബോർഡിനോടു കൂട്ടുചേർത്തിട്ടുള്ള ഒരാൾക്ക് ആ ആവശ്യത്തിന് പ്രസക്തമായ ബോർഡിന്റെ ചർച്ചകളിൽ പങ്കെടുക്കുന്നതിനുള്ള അവകാശം ഉണ്ടായിരിക്കുന്നതും, എന്നാൽ ബോർഡിന്റെ യോഗത്തിൽ വോട്ടു ചെയ്യുന്നതിനുള്ള അവകാശം ഉണ്ടായിരിക്കുന്നതല്ലാത്തതും, മറ്റേതെങ്കിലും ആവശ്യത്തിന് അയാൾ ഒരംഗം അല്ലാതിരിക്കുന്നതും ആകുന്നു.

(3) ഏതെങ്കിലും ആവശ്യത്തിന് (1)-ാം ഉപവകുപ്പിൻകീഴിൽ ബോർഡുമായി കൂട്ടുചേർത്ത ഒരാൾക്ക്, അതിന്റെ യോഗങ്ങളിൽ സംബന്ധിക്കുന്നതിനും ബോർഡിന്റെ മറ്റേതെങ്കിലും ജോലിയിൽ ഏർപ്പെടുന്നതിനും നിർണ്ണയിക്കപ്പെടാവുന്ന ഫീസും ബത്തകളും നല്കുന്നതാണ്.

**ബോർഡിൽ ഒഴിവുണ്ടെന്നുള്ളത് പ്രവർത്തനങ്ങളേയോ നടപടികളേയോ അസാധുവാക്കുന്നതല്ലെന്ന്.**

11. (1) ബോർഡിന്റെയോ അല്ലെങ്കിൽ അതിന്റെ ഏതെങ്കിലും കമ്മിറ്റിയുടേയോ യാതൊരു പ്രവൃത്തിയോ നടപടിയോ, അതതു സംഗതിപോലെ, ബോർഡിലോ അങ്ങനെയുള്ള കമ്മിറ്റിയിലോ ഏതെങ്കിലും ഒഴിവ് നിലവിലുണ്ടെന്നോ അല്ലെങ്കിൽ അതിന്റെ സംവിധാനത്തിൽ ഏതെങ്കിലും ന്യൂനതയുണ്ടെന്നോ ഉള്ള കാരണത്താൽ മാത്രം ചോദ്യം ചെയ്യപ്പെടാൻ പാടുള്ളതല്ല.

(2) x x x x x

11. ക. ബോർഡിന്റെ ചെയർമാൻ, നിർണ്ണയിക്കപ്പെടാവുന്നതോ അല്ലെങ്കിൽ ബോർഡ്, അപ്പോഴപ്പോൾ അയാൾക്ക് പ്രത്യായോജനം ചെയ്യാവുന്നതോ ആയ അധികാരങ്ങൾ പ്രയോഗിക്കുകയും ചുമതലകൾ നിർവ്വഹിക്കുകയും ചെയ്യേണ്ടതാണ്.

ചെയർമാന് അധികാരം പ്രത്യായോജനം ചെയ്യൽ.

12. (1) മെമ്പർ-സെക്രട്ടറിയുടെ സേവനവ്യവസ്ഥകളും ഉപാധികളും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം ആയിരിക്കുന്നതാണ്.

(2) മെമ്പർ-സെക്രട്ടറി, നിർണ്ണയിക്കപ്പെടാവുന്നതോ അല്ലെങ്കിൽ അതതു സമയം ബോർഡോ അതിന്റെ ചെയർമാനോ അയാൾക്ക് പ്രത്യായോജനം ചെയ്യാവുന്നതോ ആയ അധികാരങ്ങൾ പ്രയോഗിക്കേണ്ടതും ചുമതലകൾ നിർവ്വഹിക്കേണ്ടതും ആണ്.

ബോർഡിലെ മെമ്പർ—സെക്രട്ടറിയും, ഉദ്യോഗസ്ഥൻമാരും, മററു ജീവനക്കാരും.

(3) അതതുസംഗതിപോലെ, കേന്ദ്രഗവൺമെന്റോ സ്റ്റേററ് ഗവൺമെന്റോ ഇതിനുവേണ്ടി ഉണ്ടാക്കാവുന്ന ചട്ടങ്ങൾക്ക് വിധേയമായി, ബോർഡിന്, അതിന്റെ ചുമതലകളുടെ കാര്യക്ഷമമായ നിർവ്വഹണത്തിന് ആവശ്യമെന്ന് കരുതുന്ന ഉദ്യോഗസ്ഥൻമാരെയും ജീവനക്കാരെയും നിയമിക്കാവുന്നതാണ്.

3 ക. കേന്ദ്ര ബോർഡിന്റേയോ ഒരു സ്റ്റേററ് ബോർഡിന്റേയോ (മെമ്പർ സെക്രട്ടറി അല്ലാത്ത) ഉദ്യോഗസ്ഥൻമാരുടെയും മററു ജീവനക്കാരുടെയും ആൾ ചേർക്കൽ സമ്പ്രദായവും സേവനവ്യവസ്ഥകളും ഉപാധികളും (ശമ്പള സ്കെയിലുകൾ ഉൾപ്പെടെ), അതതു സംഗതിപോലെ, കേന്ദ്രബോർഡോ സ്റ്റേററ് ബോർഡോ ഉണ്ടാക്കുന്ന റഗുലേഷനുകൾവഴി നിശ്ചയിക്കാവുന്നതായിരിക്കുന്നതാണ്.

എന്നാൽ ഈ ഉപവകുപ്പിൻ കീഴിൽ ഉണ്ടാക്കിയ യാതൊരു റഗുലേഷനും.

(ക) കേന്ദ്ര ബോർഡ് ഉണ്ടാക്കിയ റഗുലേഷന്റെ സംഗതിയിൽ, അത് കേന്ദ്രഗവൺമെന്റ് അംഗീകരിക്കുകയും ;

(ഖ) ഒരു സ്റ്റേററ് ബോർഡ് ഉണ്ടാക്കിയ റഗുലേഷന്റെ സംഗതിയിൽ, അത് സ്റ്റേററ്ഗവൺമെന്റ് അംഗീകരിക്കുകയും ;

ചെയ്യാത്തപക്ഷം പ്രഭാവത്തിൽ വരുന്നതല്ല.

(4) നിർണ്ണയിക്കപ്പെടാവുന്ന വ്യവസ്ഥകൾക്ക് വിധേയമായി, ബോർഡിന് അതതുസമയം, ബോർഡിന്റെ കൺസൾട്ടിംഗ് എഞ്ചിനീയർ ആയി, യോഗ്യതയുള്ള ഏതെങ്കിലും ആളെ നിയമിക്കാവുന്നതും, അയാൾക്ക് അത് യുക്തമെന്നു കരുതുന്ന ശമ്പളങ്ങളും ബത്തകളും നല്കാവുന്നതും മററു സേവനവ്യവസ്ഥകൾക്കും ഉപാധികൾക്കും അയാളെ വിധേയനാക്കാവുന്നതും ആണ്.

## അദ്ധ്യായം III

## സംയുക്ത ബോർഡുകൾ

13. (1) ഈ ആക്ററിൽ എന്തുതന്നെ അടങ്ങിയിരുന്നാലും—

സംയുക്ത ബോർഡുകളുടെ രൂപവൽക്കരണം

(ക) തൊട്ടു കിടക്കുന്ന സ്റ്റേററുകളിലെ രണ്ടോ അതിലധികമോ ഗവൺമെൻറുകൾ തമ്മിലോ,

അല്ലെങ്കിൽ

(ഖ) കേന്ദ്രഗവൺമെൻറ് (ഒന്നോ അതിലധികമോ യൂണിയൻ രാജ്യക്ഷേത്രങ്ങൾ സംബന്ധിച്ച്) അങ്ങനെയുള്ള യൂണിയൻ രാജ്യക്ഷേത്രത്തോടോ യൂണിയൻ രാജ്യക്ഷേത്രങ്ങളോടോ തൊട്ടു കിടക്കുന്ന സ്റ്റേററുകളിലെ ഒന്നോ അതിലധികമോ ഗവൺമെൻറുകൾ തമ്മിലോ,

കരാറിൽ വിനിർദ്ദേശിക്കാവുന്ന കാലത്തേക്ക് പ്രാബല്യത്തിലിരിക്കുന്നതും, ഏതെങ്കിലും കാലാവധി വിനിർദ്ദേശിച്ചിട്ടുണ്ടെങ്കിൽ അങ്ങനെയുള്ള കൂടുതൽ കാലത്തേക്ക് പുതുക്കലിന് വിധേയമായിരിക്കുന്നതും ആയ ഒരു കരാറിൽ,—

(i) (ക) ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള സംഗതിയിൽ പങ്കു കൊള്ളുന്ന എല്ലാ സ്റ്റേററുകൾക്കുവേണ്ടിയും,

(ii) (ഖ) ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള സംഗതിയിൽ പങ്കു കൊള്ളുന്ന യൂണിയൻ രാജ്യക്ഷേത്രമോ യൂണിയൻ രാജ്യക്ഷേത്രങ്ങളോ ഇവയ്ക്കും സ്റ്റേററോ സ്റ്റേററുകളോ ഇവയ്ക്കുവേണ്ടിയും,

ഒരു സംയുക്ത ബോർഡ് സംഘടിപ്പിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നതിലേക്ക് ഏർപ്പെടാവുന്നതാണ്.

(2) ഈ വകുപ്പിൻകീഴിലുള്ള ഒരു കരാറിൽ—

(ക) സംയുക്ത ബോർഡിനെ സംബന്ധിച്ചുള്ള ചെലവ് (1)-ാം ഉപവകുപ്പ് (ക) ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള സംഗതിയിൽ, ഭാഗഭാക്കാകുന്ന സ്റ്റേററുകൾ തമ്മിൽ വിഭജിക്കുന്നതിനും, ആ ഉപവകുപ്പ് (ഖ) ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള സംഗതിയിൽ, കേന്ദ്രഗവൺമെൻറും ഭാഗഭാക്കാകുന്ന സ്റ്റേററ് ഗവൺമെന്റോ സ്റ്റേററുഗവൺമെൻറുകളോഅവയും തമ്മിൽ വിഭജിക്കുന്നതിനും വ്യവസ്ഥ ചെയ്യാവുന്നതും ;

3/2852/V.

(ഖ) ഈ ആക്റ്റിൻകീഴിൽ സ്റ്റേറ്റ് ഗവൺമെൻറിന്റെ ബഹുവിധ അധികാരങ്ങളും ചുമതലകളും പ്രയോഗിക്കുകയും നിർവ്വഹിക്കുകയും ചെയ്യേണ്ടത് (1)-ാം ഉപവകുപ്പ് (ക) ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള സംഗതിയിൽ ഭാഗഭാക്കാകുന്ന ഏത് സ്റ്റേറ്റ് ഗവൺമെൻറുകളാണെന്നും. ആ ഉപവകുപ്പ്, (ഖ) ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള സംഗതിയിൽ, കേന്ദ്രഗവൺമെൻറാണോ ഭാഗഭാക്കാകുന്ന സ്റ്റേറ്റ് ഗവൺമെൻറാണോ (ഭാഗഭാക്കാകുന്ന സ്റ്റേറ്റുകൾ ഒന്നിലധികം ഉള്ളപക്ഷം, ഭാഗഭാക്കാകുന്ന സ്റ്റേറ്റു ഗവൺമെൻറുകളിൽ ഏതാണെന്നുള്ളതുംകൂടി) എന്നും നിശ്ചയിക്കാവുന്നതും, സ്റ്റേറ്റ് ഗവൺമെൻറിനെക്കുറിച്ചുള്ള ഈ ആക്റ്റിലെ പരാമർശങ്ങൾക്ക് അതനുസരിച്ച് അർത്ഥം കല്പിക്കേണ്ടതും ;

(ഗ) (1)-ാം ഉപവകുപ്പ്, (ക) ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള സംഗതിയിൽ, ഭാഗഭാക്കാകുന്ന സ്റ്റേറ്റ് ഗവൺമെൻറുകൾ തമ്മിലും, ആ ഉപവകുപ്പ് (ഖ) ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള ഒരു സംഗതിയിൽ, കേന്ദ്രഗവൺമെൻറും ഭാഗഭാക്കാകുന്ന സ്റ്റേറ്റുഗവൺമെൻേറാ സ്റ്റേറ്റുഗവൺമെൻറുകളുമോ തമ്മിലും ഒന്നുകിൽ പൊതുവായോ അല്ലെങ്കിൽ ഈ ആക്റ്റിൻകീഴിൽ ഉൽഭവിക്കുന്ന പ്രത്യേക വിഷയങ്ങൾ സംബന്ധിച്ചോ ആലോചിക്കുന്നതിനു വ്യവസ്ഥ ചെയ്യാവുന്നതും ;

(ഘ) ഈ ആക്റ്റിന് വിരുദ്ധമല്ലാത്തതും കരാറിന് പ്രഭാവം നല്കുന്നതിനു ആവശ്യകമോ സമീചീനമോ ആണെന്നു കരുതാവുന്നതും ആയ ആനുഷംഗികവും സഹായകവുമായ വ്യവസ്ഥകൾ ഉണ്ടാക്കാവുന്നതും

ആകുന്നു.

(3) ഈ വകുപ്പിൻ കീഴിലുള്ള ഒരു കരാർ (1)-ാം ഉപവകുപ്പ്, (ക) ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള ഒരു സംഗതിയിൽ ഭാഗഭാക്കാകുന്ന സ്റ്റേറ്റുകളുടെ ഔദ്യോഗിക ഗസററിലും, ആ ഉപവകുപ്പ് (ഖ) ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള ഒരു സംഗതിയിൽ, ഭാഗഭാക്കാകുന്ന യൂണിയൻ രാജ്യക്ഷേത്രത്തിന്റെയോ യൂണിയൻ രാജ്യക്ഷേത്രങ്ങളുടെയോ അവരുടേയും ഭാഗഭാക്കാകുന്ന സ്റ്റേറ്റിന്റെയോ സ്റ്റേറ്റുകളുടെയോ അവരുടെയും ഔദ്യോഗിക ഗസററിലും പ്രസിദ്ധപ്പെടുത്തേണ്ടതാണ്.

**സംയുക്തബോർഡുകളുടെ ഘടന.**

14. (1) 13-ാം വകുപ്പ്, (1)-ാം ഉപവകുപ്പ്, (ക) ഖണ്ഡത്തിൻകീഴിൽ ഉള്ള ഒരു കരാറനുസരിച്ച് സംവിധാനം ചെയ്തിട്ടുള്ള ഒരു സംയുക്ത ബോർഡിൽ താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങിയിരിക്കുന്നതാണ്, അതായത് :—

(ക) പരിസര സംരക്ഷണം സംബന്ധിച്ച വിഷയങ്ങളെക്കുറിച്ച് പ്രത്യേകമായ അറിവോ പ്രായോഗിക പരിചയമോ ഉള്ള ഒരാളോ അല്ലെങ്കിൽ മുൻപറഞ്ഞ വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന സ്ഥാപനങ്ങളുടെ ഭരണം നടത്തുന്നതിൽ അറിവും പരിചയവുമുള്ള ഒരാളോ ആയ, കേന്ദ്രഗവൺമെൻറ് നാമനിർദ്ദേശം ചെയ്യേണ്ട, ഒരു ഫുൾ-ടൈം ചെയർമാൻ ;

(ഖ) ഭാഗഭാക്കാകുന്ന ഓരോ സ്റ്റേറ്റിൽനിന്നും, ബന്ധപ്പെട്ട ഭാഗഭാക്കാകുന്ന സ്റ്റേറ്റ് ഗവൺമെൻറ് ആ ഗവൺമെൻറിനെ പ്രതിനിധാനം ചെയ്യുന്നതിന് നാമനിർദ്ദേശം ചെയ്യേണ്ട രണ്ട് ഉദ്യോഗസ്ഥൻമാർ ;

(ഗ) ഭാഗഭാക്കാകുന്ന ഓരോ സ്റ്റേറ്റ് ഗവൺമെൻറും ബന്ധപ്പെട്ട സ്റ്റേറ്റിൽ പ്രവർത്തിക്കുന്ന തദ്ദേശാധികാര സ്ഥാനത്തിലെ അംഗങ്ങളിൽനിന്ന് നാമനിർദ്ദേശം ചെയ്യേണ്ട ഒരാൾ ;

(ഘ) ഭാഗഭാക്കാകുന്ന ഓരോ സ്റ്റേറ്റ് ഗവൺമെൻറും, ബന്ധപ്പെട്ട സ്റ്റേറ്റിലെ കൃഷിയുടെയോ, മൽസ്യബന്ധനത്തിന്റേയോ, വ്യവസായത്തിന്റേയോ, വ്യാപാരത്തിന്റെയോ, താൽപ്പര്യങ്ങളെയോ അല്ലെങ്കിൽ ഭാഗഭാക്കാകുന്ന സ്റ്റേറ്റുഗവൺമെൻറിന്റെ അഭിപ്രായത്തിൽ പ്രതിനിധാനം ചെയ്യപ്പെടേണ്ടതായ മറേറതെങ്കിലും താൽപ്പര്യത്തേയോ പ്രതിനിധാനം ചെയ്യുന്നതിന് നാമനിർദ്ദേശം ചെയ്യേണ്ട ഓരോ അനുദ്യോഗസ്ഥൻ;

(ങ) ഭാഗഭാക്കാകുന്ന സ്റ്റേറ്റ് ഗവൺമെൻറിന്റെ ഉടമസ്ഥതയിലുള്ളതോ നിയന്ത്രണത്തിലുള്ളതോ അല്ലെങ്കിൽ അത് മാനേജ് ചെയ്യുന്നതോ ആയ കമ്പനികളെയോ ഏകാംഗീകൃതനികായങ്ങളെയോ പ്രതിനിധാനം ചെയ്യുന്നതിന് കേന്ദ്രഗവൺമെൻറ് നാമനിർദ്ദേശം ചെയ്യേണ്ട രണ്ട് ആളുകൾ ;

(ച) പബ്ലിക് ഹെൽത്ത് എൻജിനീയറിംഗ് യോഗ്യതയും പരിസരസംരക്ഷണം സംബന്ധിച്ച വിഷയത്തെക്കുറിച്ച് പ്രായോഗിക പരിചയവും ഉള്ള മുഴുവൻ സമയ മെമ്പർ—സെക്രട്ടറി.

(2) 13-ാം വകുപ്പ്, (1)-ാം ഉപവകുപ്പ് (ഖ) ഖണ്ഡത്തിൽകീഴിൽ ഏർപ്പെട്ടിട്ടുള്ള ഒരു കരാറനുസരിച്ച് രൂപവൽക്കരിക്കപ്പെട്ട ഒരു ജോയിൻറ് ബോർഡിൽ താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങിയിരിക്കേണ്ടതാണ്, അതായത്:—

(ക) പരിസര സംരക്ഷണം സംബന്ധിച്ച വിഷയങ്ങളെക്കുറിച്ച് പ്രത്യേക അറിവോ പ്രായോഗിക പരിചയമോ ഉള്ള ഒരാളോ അല്ലെങ്കിൽ മുൻപറഞ്ഞ വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന സ്ഥാപനങ്ങളുടെ ഭരണം നടത്തുന്നതിൽ അറിവും പരിചയവുമുള്ള ഒരാളോ ആയ കേന്ദ്രഗവൺമെൻറ് നാമനിർദ്ദേശം ചെയ്യേണ്ട ഒരു ഫുൾടൈം ചെയർമാൻ ;

(ഖ) കേന്ദ്രഗവൺമെൻറ്, അതതുസംഗതിപോലെ, ഭാഗഭാക്കാകുന്ന യൂണിയൻ രാജ്യക്ഷേത്രത്തിൽനിന്നോ അല്ലെങ്കിൽ ഭാഗഭാക്കാകുന്ന ഓരോ യൂണിയൻ രാജ്യക്ഷേത്രങ്ങളിൽ നിന്നോ നാമനിർദ്ദേശം ചെയ്യേണ്ട രണ്ടുദ്യോഗസ്ഥൻമാരും, അതതുസംഗതിപോലെ, ഭാഗഭാക്കാകുന്ന സ്റേററിൽനിന്നോ ഭാഗഭാക്കാകുന്ന ഓരോ സ്റേററുകളിൽനിന്നോ ഭാഗഭാക്കാകുന്ന ബന്ധപ്പെട്ട സ്റേററ് ഗവൺമെൻറ് നാമനിർദ്ദേശം ചെയ്യേണ്ട രണ്ടുദ്യോഗസ്ഥൻമാരും;

(ഗ) കേന്ദ്രഗവൺമെൻറ്, അതതുസംഗതിപോലെ, ഭാഗഭാക്കാകുന്ന യൂണിയൻ രാജ്യക്ഷേത്രത്തിലോ അല്ലെങ്കിൽ ഭാഗഭാക്കാകുന്ന യൂണിയൻ രാജ്യക്ഷേത്രങ്ങളിൽ ഒരോന്നിലുമോ പ്രവർത്തിക്കുന്ന തദ്ദേശാധികാരസ്ഥാനങ്ങളിലെ അംഗങ്ങളിൽനിന്ന് നാമനിർദ്ദേശം ചെയ്യേണ്ട ഓരോ ആളും, അതതുസംഗതിപോലെ, ഭാഗഭാക്കാകുന്ന സ്റേററിലോ ഭാഗഭാക്കാകുന്ന ഓരോ സ്റേററുകളിലോ പ്രവർത്തിക്കുന്ന തദ്ദേശാധികാരസ്ഥാനങ്ങളിലെ അംഗങ്ങളിൽനിന്ന് ഭാഗഭാക്കാകുന്ന ബന്ധപ്പെട്ട സ്റേററ് ഗവൺമെൻറ് നാമനിർദ്ദേശം ചെയ്യേണ്ട ഒരാൾ;

(ഘ) യൂണിയൻ രാജ്യക്ഷേത്രത്തിലേയോ, യൂണിയൻ രാജ്യക്ഷേത്രങ്ങളിൽ ഓരോന്നിലുമോ അല്ലെങ്കിൽ അതതുസംഗതിപോലെ സ്റേററിലെയോ ഓരോ സ്റേററുകളിലേയോ, കൃഷിയുടെയോ മത്സ്യബന്ധനത്തിൻേറയോ വ്യവസായത്തിൻേറയോ വ്യാപാരത്തിൻേറയോ താൽപ്പര്യങ്ങളെ പ്രതിനിധാനം ചെയ്യാനോ അല്ലെങ്കിൽ, അതതുസംഗതിപോലെ, കേന്ദ്രഗവൺമെൻറിൻേറയോ സ്റേററ് ഗവൺമെൻറിൻേറയോ അഭിപ്രായത്തിൽ പ്രതിനിധാനം ചെയ്യപ്പെടേണ്ട മറേറതെങ്കിലും താൽപ്പര്യത്തേയോ പ്രതിനിധാനം ചെയ്യുന്നതിലേക്ക് കേന്ദ്ര ഗവൺമെൻറ് നാമനിർദ്ദേശം ചെയ്യേണ്ട ഒരു അനുദ്യോഗസ്ഥനും, ഭാഗഭാക്കാകുന്ന സ്റേററ് ഗവൺമെൻേറാ സ്റേററ് ഗവൺമെൻറുകളോ നാമനിർദ്ദേശം ചെയ്യേണ്ട ഒരാളും;

(ങ) കേന്ദ്രഗവൺമെൻറ്, ആ ഗവൺമെൻറിൻെറ ഉടമസ്ഥതയിലുള്ളതോ നിയന്ത്രണത്തിലുള്ളതോ അല്ലെങ്കിൽ അവർ മാനേജ് ചെയ്യുന്നതോ ആയതും, ഭാഗഭാക്കാകുന്ന യൂണിയൻ രാജ്യക്ഷേത്രത്തിലോ രാജ്യക്ഷേത്രങ്ങളിലോ സ്ഥിതി ചെയ്യുന്നതും ആയ കമ്പനികളെയോ ഏകാംഗീകൃതനികായങ്ങളെയോ, പ്രതിനിധാനം ചെയ്യാൻ നാമനിർദ്ദേശം ചെയ്യേണ്ട രണ്ട് ആളുകളും, കേന്ദ്ര ഗവൺമെൻറ് ഭാഗഭാക്കാകുന്ന സ്റേററ് ഗവൺമെൻറുകളുടെ ഉടമസ്ഥതയിലുള്ളതോ നിയന്ത്രണത്തിലുള്ളതോ മാനേജ് ചെയ്യുന്നതോ ആയ കമ്പനികളെയോ ഏകാംഗീകൃത നികായങ്ങളെയോ പ്രതിനിധാനം ചെയ്യാൻ നാമനിർദ്ദേശം ചെയ്യേണ്ട രണ്ടാളുകളും;

(ച) പബ്ലിക് ഹെൽത്ത് എൻജിനീയറിംഗ് യോഗ്യതയും പ്രായോഗിക പരിചയവും പരിസരസംരക്ഷണം സംബന്ധിച്ചുള്ള വിഷയങ്ങളെക്കുറിച്ച്, കേന്ദ്ര ഗവൺമെൻറിനാൽ നിയമിക്കപ്പെടേണ്ട ഒരു ഫുൾടൈം മെമ്പർ—സെക്രട്ടറി.

(3) 13-ാം വകുപ്പ്, (1)-ാം ഉപവകുപ്പ്, (ഖ) ഖണ്ഡത്തിൻ കീഴിൽ ഉള്ള ഒരു കരാറനുസരിച്ച് ഒരു സംയുക്ത ബോർഡ് സംഘടിപ്പിക്കുമ്പോൾ, 4-ാം വകുപ്പ് (4)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ, ഏത് യൂണിയൻ രാജ്യക്ഷേത്രത്തിനുവേണ്ടിയാണോ ജോയിൻറ് ബോർഡ് സംഘടിപ്പിച്ചിട്ടുള്ളത് ആ യൂണിയൻ രാജ്യക്ഷേത്രത്തിന് ബാധകമല്ലാതായിത്തീരുന്നതാണ്.

(4) 4-ാം വകുപ്പ് (3)-ാം ഉപവകുപ്പിലേയും 5 മുതൽ 12 വരെ (രണ്ടും ഉൾപ്പെടെ) വകുപ്പുകളിലേയും വ്യവസ്ഥകൾ (3)-ാം ഉപവകുപ്പിൻെറ വ്യവസ്ഥകൾക്ക് വിധേയമായി, ജോയിൻറ് ബോർഡിനെയും അതിൻെറ മെമ്പർ—സെക്രട്ടറിയേയും സംബന്ധിച്ച് ഒരു സ്റേററ് ബോർഡിനും അതിൻെറ മെമ്പർ സെക്രട്ടറിക്കും ബാധകമാകുന്നതുപോലെ, ബാധകമാകുന്നതാണ്.

(5) സ്റേററ് ബോർഡ് സംബന്ധിച്ച് ഈ ആക്ററിലെ ഏതെങ്കിലും പരാമർശത്തിൽ സന്ദർഭം മററുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം, ഒരു ജോയിൻറ് ബോർഡുകൂടി ഉൾപ്പെടുത്തുന്നതായി അർത്ഥം കൽപ്പിക്കേണ്ടതാണ്.

15. ഈ ആക്ററിൽ എന്തുതന്നെ അടങ്ങിയിരുന്നാലും 13-ാം വകുപ്പിൻ കീഴിൽ ഏതെങ്കിലും ജോയിൻറ് ബോർഡ് രൂപവൽക്കരിച്ചിട്ടുള്ളടത്ത്,— നിദേശങ്ങൾ നൽകുന്നതു സംബന്ധിച്ചുള്ള പ്രത്യേക വ്യവസ്ഥകൾ.

(ക) ഏത് സ്റേററിനുവേണ്ടിയാണോ ജോയിൻറ് ബോർഡ് രൂപവൽകരിച്ചിട്ടുള്ളത് ആ സ്റേററിലെ ഗവൺമെൻറിന് ഈ ആക്ററിൻകീഴിൽ ഏതെങ്കിലും നിദേശം നൽകുന്നതിന് ആ സ്റേററിൻെറ പൂർണ്ണമായ രാജ്യക്ഷേത്രാധികാരിതയിൽപ്പെടുന്ന വിഷയം സംബന്ധിച്ചുള്ള സംഗതികളിൽ മാത്രം ക്ഷമത ഉണ്ടായിരിക്കുന്നതും;

(ഖ) ഈ ആക്ററിൻകീഴിലുള്ള ഏതെങ്കിലും നിദേശം അങ്ങനെയുള്ള നിദേശം രണ്ടോ അതിലധികമോ സ്റേററുകളുടെ രാജ്യക്ഷേത്രാധികാരിതയ്ക്കുള്ളിലുള്ള വിഷയം സംബന്ധിച്ചുള്ളതോ അല്ലെങ്കിൽ ഒരു യൂണിയൻ രാജ്യക്ഷേത്രം സംബന്ധിച്ചുള്ളതോ ആയിരിക്കുന്നിടത്ത് ഏതെങ്കിലും നിദേശം നൽകുന്നതിന് കേന്ദ്രഗവൺമെൻറിനുമാത്രം ക്ഷമത ഉണ്ടായിരിക്കുന്നതുമാണ്.

## അദ്ധ്യായം IV

### ബോർഡുകളുടെ അധികാരങ്ങളും ചുമതലകളും

കേന്ദ്ര ബോർഡിന്റെ ചുമതലകൾ.

16. (1) ഈ ആക്റ്റിന്റെ വ്യവസ്ഥകൾക്ക് വിധേയമായി, കേന്ദ്രബോർഡിന്റെ പ്രധാന ചുമതല, സ്റ്റേറ്റുകളിലെ വിവിധ പ്രദേശങ്ങളിലുള്ള അരുവികളുടേയും കിണറുകളുടേയും ശുചിത്വം പുലർത്തുക എന്നതായിരിക്കുന്നതാണ്.

(2) പ്രത്യേകിച്ചും, മുൻപറഞ്ഞ ചുമതലയുടെ സാമാന്യതയ്ക്ക് ഭംഗം കൂടാതെയും, കേന്ദ്രബോർഡിന് താഴെപ്പറയുന്ന എല്ലാമോ, ഏതെങ്കിലുമോ ചുമതലകൾ, നിർവ്വഹിക്കാവുന്നതാണ്, അതായത്:—

(ക) ജലമലിനീകരണം തടയുകയും നിയന്ത്രിക്കുകയും ചെയ്യുന്നതു സംബന്ധിച്ചുള്ള ഏതെങ്കിലും വിഷയത്തെക്കുറിച്ച് കേന്ദ്രഗവൺമെന്റിനെ ഉപദേശിക്കുക;

(ഖ) സ്റ്റേറ്റ് ബോർഡുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും അവരുടെയിടയിലുള്ള തർക്കങ്ങൾ തീരുമാനിക്കുകയും ചെയ്യുക;

(ഗ) സ്റ്റേറ്റ് ബോർഡുകൾക്ക് സാങ്കേതികസഹായവും മാർഗ്ഗദർശനവും നൽകുകയും ജലമലിനീകരണവും മലിനീകരണം തടയുകയോ അവസാനിപ്പിക്കുകയോ നിയന്ത്രിക്കുകയോ ചെയ്യുന്നതും സംബന്ധിച്ച പ്രശ്നങ്ങളെപ്പറ്റി അന്വേഷണവും, ഗവേഷണവും നടത്തുകയും നടത്തിക്കുകയും ചെയ്യുക;

(ഘ) കേന്ദ്രബോർഡ് വിനിർദ്ദേശിക്കാവുന്ന വ്യവസ്ഥകളിൻമേലും ഉപാധികളിൻമേലും ജലം അശുദ്ധമാക്കുന്നതു തടയുകയോ നിയന്ത്രിക്കുകയോ അവസാനിപ്പിക്കുകയോ ചെയ്യുന്നതിനുള്ള പരിപാടികളിൽ ഏർപ്പെട്ടിട്ടുള്ളതോ ഏർപ്പെടേണ്ടതോ ആയ ആളുകളുടെ പരിശീലനം ആസൂത്രണം ചെയ്യുകയും സംഘടിപ്പിക്കുകയും ചെയ്യുക;

(ങ) ജലമലിനീകരണം തടയുകയും നിയന്ത്രിക്കുകയും ചെയ്യുന്നതു സംബന്ധിച്ച് പൊതുജനങ്ങളെ പങ്കെടുപ്പിച്ചുംകൊണ്ടുള്ള ഒരു സമഗ്രമായ പരിപാടി സംഘടിപ്പിക്കുക;

(ച) ജലമലിനീകരണവും അതിനെ ഫലപ്രദമായി തടയുന്നതിനും നിയന്ത്രിക്കുന്നതിനും വേണ്ടി ആസൂത്രണം ചെയ്യപ്പെട്ട മാർഗ്ഗങ്ങളും സംബന്ധിച്ച സാങ്കേതികവും സ്ഥിതിവിവരസംബന്ധവുമായ അടിസ്ഥാനവിവരങ്ങൾ ശേഖരിക്കുകയും, സമാഹരിക്കുകയും പ്രസിദ്ധപ്പെടുത്തുകയും ചെയ്യുകയും, ഓടവെള്ളങ്ങളും വ്യാപാരമാലിന്യങ്ങളും കൈകാര്യം ചെയ്യുന്നതും നീക്കം ചെയ്യുന്നതും സംബന്ധിച്ചുള്ള മാനുവലുകളും കോഡുകളും ഗൈഡുകളും തയ്യാറാക്കുകയും അതു സംബന്ധിച്ച വിവരങ്ങൾ പ്രചരിപ്പിക്കുകയും ചെയ്യുക;

(ഛ) ബന്ധപ്പെട്ട സ്റ്റേറ്റ് ഗവൺമെന്റിനോടാലോചിച്ചുകൊണ്ട് ഒരു അരുവിയുടെയോ കിണറിന്റെയോ നിലവാരങ്ങൾ നിശ്ചയിക്കുകയോ ഭേദപ്പെടുത്തുകയോ ദുർബ്ബലപ്പെടുത്തുകയോ ചെയ്യുക:

എന്നാൽ ഒരേ അരുവിക്കോ കിണറിനോ അല്ലെങ്കിൽ വ്യത്യസ്തമായ അരുവികൾക്കോ കിണറുകൾക്കോ അരുവിയിലേയോ കിണറിലേയോ ജലത്തിന്റെ ഗുണവും ഒഴുക്കിന്റെ സ്വഭാവവും അങ്ങനെയുള്ള അരുവിയിലേയോ കിണറിലേയോ അല്ലെങ്കിൽ അരുവികളിലേയോ കിണറുകളിലേയോ ജലത്തിന്റെ ഉപയോഗത്തിന്റെ സ്വഭാവവും പരിഗണിച്ചുകൊണ്ട്, വ്യത്യസ്തമായ മാനദണ്ഡങ്ങൾ നിശ്ചയിക്കാവുന്നതാണ്;

(ജ) ജലമലിനീകരണം തടയുകയോ നിയന്ത്രിക്കുകയോ അവസാനിപ്പിക്കുകയോ ചെയ്യുന്നതിന് ഒരു രാഷ്ട്രവ്യാപകമായ പരിപാടി ആസൂത്രണം ചെയ്യുകയും നടപ്പാക്കുകയും ചെയ്യുക;

(ഝ) നിർണ്ണയിക്കപ്പെടാവുന്ന മററ് ചുമതലകൾ നിർവ്വഹിക്കുക.

(3) ബോർഡിന്, ഈ വകുപ്പിൻകീഴിൽ ഏതെങ്കിലും അരുവിയിലേയോ കിണറിലെയോ ജലത്തിന്റെ മാതൃകകളോ, ഏതെങ്കിലും ഓവുവെള്ളത്തിന്റെയോ വ്യാപാരമാലിന്യത്തിന്റെയോ മാതൃകകളോ വിശ്ലേഷണം ചെയ്യുന്നത് ഉൾപ്പെടെയുള്ള ബോർഡിന്റെ ചുമതലകൾ കാര്യക്ഷമമായി നിർവ്വഹിക്കാൻ ബോർഡിനെ കഴിവുള്ളതാക്കിത്തീർക്കുന്നതിന് ഒരു പരീക്ഷണശാലയോ പരീക്ഷണശാലകളോ സ്ഥാപിക്കുകയോ അംഗീകരിക്കുകയോ ചെയ്യാവുന്നതാണ്.

സ്റ്റേറ്റ് ബോർഡിന്റെ ചുമതലകൾ.

17. (1) ഈ ആക്റ്റിന്റെ വ്യവസ്ഥകൾക്കു വിധേയമായി ഒരു സ്റ്റേറ്റ് ബോർഡിന്റെ ചുമതലകൾ—

(ക) സ്റ്റേറ്റിലെ അരുവികളും കിണറുകളും മലിനമാക്കുന്നത് തടയുകയോ നിയന്ത്രിക്കുകയോ അവസാനിപ്പിക്കുകയോ ചെയ്യുന്നതിന് ഒരു സമഗ്രമായ പരിപാടി ആസൂത്രണം ചെയ്യുകയും അതിന്റെ നടത്തിപ്പ് ഉറപ്പു വരുത്തുകയും;

(ഖ) സ്റ്റേറ്റ് ഗവൺമെന്റിനെ ജലമലിനീകരണം തടയുന്നതോ, നിയന്ത്രിക്കുന്നതോ അവസാനിപ്പിക്കുന്നതോ സംബന്ധിച്ചുള്ള ഏതെങ്കിലും വിഷയത്തിൽ ഉപദേശിക്കുകയും;

(ഗ) ജലമലിനീകരണവും അതിന്റെ തടയലോ നിയന്ത്രണമോ അവസാ നിപ്പിക്കലോ സംബന്ധിച്ച് വിവരം ശേഖരിച്ച് പ്രചരിപ്പിക്കുകയും;

(ഘ) ജലമലിനീകരണവും ജലമലിനീകരണം തടയുകയോ നിയന്ത്രിക്കു കയോ അവസാനിപ്പിക്കുകയോ ചെയ്യുന്നതും സംബന്ധിച്ച പ്രശ്നങ്ങളെക്കു റിച്ചുള്ള ഗവേഷണവും പ്രോൽസാഹിപ്പിക്കുകയും, നടത്തുകയും അതിൽ പങ്കെ ടുക്കുകയും ചെയ്യുകയും;

(ങ) ജലമലിനീകരണം തടയുന്നതോ നിയന്ത്രിക്കുന്നതോ അവസാനിപ്പിക്കുന്നതോ സംബന്ധിച്ചുള്ള പരിപാടികളിൽ ഏർപ്പെട്ടിട്ടുള്ളതോ ഏർപ്പെടേണ്ടതോ ആയ ആളുക ൾക്ക് പരിശീലനം സംഘടിപ്പിക്കുന്നതിൽ കേന്ദ്രബോർഡുമായി സഹകരിക്കുകയും അതുസംബന്ധിച്ച് ബൃഹത്തായ വിദ്യാഭ്യാസപരിപാടികൾ സംഘടിപ്പിക്കുകയും;

(ച) ഓടവെള്ളമോ വ്യാപാരമാലിന്യങ്ങളോ, ഓടവെള്ളവും വ്യാപാരമാലി ന്യങ്ങളും കൈകാര്യം ചെയ്യുന്നതിനുള്ള ജോലികളും യന്ത്രോപകരണങ്ങളുമോ പരിശോധിക്കുകയും, ജലം കൈകാര്യം ചെയ്യുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള യന്ത്രോപകരണങ്ങളും അതിന്റെ ശുദ്ധീകരണത്തിനുള്ള ജോലികളും ഓടജലമോ വ്യാപാരമാലിന്യങ്ങളോ നീക്കം ചെയ്യുന്നതിനുള്ള സമ്പ്രദായവും സംബന്ധിച്ചോ അല്ലെങ്കിൽ ഈ ആക്റ്റുമൂലം ആവശ്യപ്പെട്ടിട്ടുള്ള ഏതെങ്കിലും അനുമതി നൽകു ന്നതു സംബന്ധിച്ചോ ഉള്ള പ്ലാനോ വിവരക്കുറിപ്പുകളോ മററു അടിസ്ഥാന വിവരങ്ങളോ റിവ്യു ചെയ്യുകയും;

(ഛ) ഓടവെള്ളത്തിന്റേയും വ്യാപാരമാലിന്യങ്ങളുടെയും നിർഗ്ഗമനില വാരങ്ങളും, മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിൽനിന്നും ലഭിക്കുന്ന ജലങ്ങളുടെ (സംസ്ഥാനാന്തര അരുവിയിലോ ജലം അല്ലാത്ത) ഗുണത്തിന്റെ മാനദണ്ഡങ്ങളും വ്യവസ്ഥപ്പെടുത്തുകയോ ഭേദപ്പെടുത്തുകയോ ദുർബലപ്പെടുത്തുകയോ, ചെയ്യു കയും സ്റ്റേററിലെ ജലങ്ങൾ തരം തിരിക്കുകയും;

(ജ) ഓടവെള്ളവും വ്യാപാരമാലിന്യങ്ങളും കൈകാര്യം ചെയ്യുന്നതിലേക്ക് വ്യത്യസ്തപ്രദേശങ്ങളിലെ മണ്ണിന്റെയും കാലാവസ്ഥയുടെയും ജലാശയങ്ങളു ടെയും അസാധാരണമായ അവസ്ഥകളും വിശേഷിച്ചും ഏററവും കുറഞ്ഞ തോതിലുള്ള ജലാംശം ലഭിക്കുന്നത് അസാദ്ധ്യമാക്കിത്തീർക്കുന്ന വിധത്തിൽ നിലവിലുള്ള അരുവികളിലെയും കിണറുകളിലെയും നീരൊഴുക്കിന്റെ സ്വഭാ വവും പരിഗണിച്ചുകൊണ്ട് ചെലവുകുറഞ്ഞതും വിശ്വാസയോഗ്യവുമായ മാർ ഗ്ഗങ്ങൾ ഏർപ്പെടുത്തുകയും;

(ഝ) ഓടവെള്ളവും, ഉപയോഗയോഗ്യമായ വ്യാപാരമാലിന്യങ്ങളും കൃഷിക്ക് ഉപയോഗപ്പെടുത്തുന്നതിനുള്ള മാർഗ്ഗങ്ങൾ ഏർപ്പെടുത്തുകയും;

(ഞ) വർഷത്തിലെ ഭൂരിഭാഗവും ഏററവും കുറഞ്ഞതോതിലുള്ള ജലാംശം പോലും ലഭ്യമാകാത്തവിധമുള്ള അരുവിയിലെ ശക്തികുറഞ്ഞ ജലപ്രവാഹം ഹേതുവായി ആവശ്യകമായ ഓടവെള്ളവും വ്യാപാരമാലിന്യങ്ങളും ഭൂമിയി ലേക്കു തിരിച്ചുവിടാനുള്ള ഫലപ്രദമായ മാർഗ്ഗങ്ങൾ ആവിഷ്ക്കരിക്കുകയും;

(ട) ഓടവെള്ളവും വ്യാപാരമാലിന്യങ്ങളും ഏതെങ്കിലും പ്രത്യേക അരു വിയിലേക്ക് നീക്കം ചെയ്യുന്നതിന് ആ അരുവിയിൽ നല്ലകാലാവസ്ഥയിൽ ലഭ്യമാകാവുന്ന ഏററവും കുറഞ്ഞ ജലാംശവും മാലിന്യങ്ങൾ ആരുവിയിലേക്ക് നീക്കം ചെയ്തതിനുശേഷം ആ അരുവിയിലെ ജലത്തിൽ എത്രത്തോളം മാലി ന്യങ്ങൾ കലർത്താം എന്നുള്ളതും പരിഗണിച്ചുകൊണ്ട് അവ കൈകാര്യം ചെയ്യേണ്ടതിന്റെ മാനദണ്ഡങ്ങൾ നിശ്ചയിക്കുകയും;

(ഠ) (i) അരുവികളിലോ കിണറുകളിലോ പാഴ് വസ്തുക്കൾ ഇടുന്നത് തടയുകയോ നിയന്ത്രിക്കുകയോ അവസാനിപ്പിക്കുകയോ ചെയ്യുന്നതിനും;

(ii) ഓടവെള്ളവും വ്യാപാരമാലിന്യങ്ങളും നീക്കം ചെയ്യുന്നതിലേക്ക് പുതിയ സമ്പ്രദായങ്ങൾ ഉണ്ടാക്കുകയോ അല്ലെങ്കിൽ അങ്ങനെ നിലവിലുള്ള ഏതെങ്കിലും സമ്പ്രദായം രൂപഭേദപ്പെടുത്തുകയോ വ്യത്യാസപ്പെടുത്തുകയോ വ്യാപിപ്പിക്കുകയോ, അല്ലെങ്കിൽ ജലമലിനീകരണം തടയുകയോ നിയന്ത്രിക്കുകയോ അവസാനിപ്പിക്കുകയോ ചെയ്യുന്നതിനാവശ്യമായ പരിഹാരമാർഗ്ഗങ്ങൾ സ്വീക രിക്കുകയോ ചെയ്യുന്നതിന് ബന്ധപ്പെട്ട ഏതെങ്കിലും ആളോട് ആവശ്യപ്പെട്ടു കൊണ്ടും;

ഏതെങ്കിലും ഉത്തരവ് ഉണ്ടാക്കുകയോ ഭേദപ്പെടുത്തുകയോ പിൻവലിക്കു കയോ ചെയ്യുകയും;

(ഡ) ഓടവെള്ളമോ, മലിനജലമോ അല്ലെങ്കിൽ രണ്ടുംകൂടിയോ നീക്കം ചെയ്യുമ്പോൾ ആളുകൾ അനുസരിക്കേണ്ട മലിനജല നിർഗ്ഗമമാനദണ്ഡങ്ങൾ വ്യവസ്ഥപ്പെടുത്തുകയും ഓടവെള്ളത്തിന്റേയും വ്യാപാരമാലിന്യങ്ങളുടെയും നിർഗ്ഗമമാനദണ്ഡങ്ങൾ വ്യവസ്ഥപ്പെടുത്തുകയോ രൂപഭേദപ്പെടുത്തുകയോ ദുർബലപ്പെടുത്തുകയോ ചെയ്യുകയും;

(ഢ) ഏതു വ്യവസായം നടത്തുന്നതാണോ ഒരു അരുവിയേയോ കിണറിനേയോ മലിനപ്പെടുത്തുവാൻ ഇടയുള്ളത് അങ്ങനെയുള്ള ഏതെങ്കിലും വ്യവസായം സ്ഥാപിക്കേണ്ട സ്ഥാനത്തെപ്പററി ഗവൺമെൻറിനെ ഉപദേശിക്കു കയും;

(ണ) നിർണ്ണയിക്കപ്പെടാവുന്നതോ അല്ലെങ്കിൽ കേന്ദ്രബോർഡോ സ്റ്റേറ്റ് ഗവൺമെൻറോ, അതതുസമയം, അതിനെ ഏൽപ്പിക്കാവുന്നതോ ആയ ചുമതലകൾ നിർവ്വഹിക്കുകയും.

ചെയ്യുകയാണ്.

(2) ബോർഡിന്, ഏതെങ്കിലും അരുവിയിലേയോ, കിണറിലേയോ ജലത്തിൻെറ സാമ്പിളുകളും ഏതെങ്കിലും ഓടവെള്ളത്തിൻേറയോ വ്യാപാരമാലിന്യത്തിൻേറയോ സാമ്പിൾകളും വിശ്ലേഷണം ചെയ്യുന്നതുൾപ്പെടെയുള്ള അതിൻെറ ഈ വകുപ്പിൻകീഴിലുള്ള ചുമതലകൾ കാര്യക്ഷമമായി നിർവ്വഹിക്കുന്നതിന് അതിനെ പ്രാപ്തമാക്കാൻവേണ്ടി ഒരു ലബോറട്ടറിയോ ലാബോറട്ടറികളോ സ്ഥാപിക്കുകയോ അംഗീകരിക്കുകയോ ചെയ്യാവുന്നതാണ്.

*നിദേശങ്ങൾ നൽകുന്നതിനുള്ള അധികാരങ്ങൾ.*

18. ഈ ആക്റ്റിൻകീഴിലുള്ള അതിൻെറ ചുമതലകൾ നിർവ്വഹിക്കുന്നതിൽ—

(ക) കേന്ദ്രഗവൺമെൻറ് ലിഖിതമായി അതിനു നൽകാവുന്ന നിദേശങ്ങൾ അനുസരിക്കാൻ കേന്ദ്രബോർഡ് ബാദ്ധ്യസ്ഥമായിരിക്കുന്നതും;

(ഖ) കേന്ദ്രബോർഡോ സ്റ്റേറ്റ് ഗവൺമെൻേറാ ലിഖിതമായി അതിനു നൽകാവുന്ന നിദേശങ്ങൾ അനുസരിക്കാൻ ഏതൊരു സ്റ്റേറ്റ് ബോർഡും ബാദ്ധ്യസ്ഥമായിരിക്കുന്നതും;

ആണ് :

എന്നാൽ, സ്റ്റേറ്റ് ഗവൺമെൻറ് നൽകുന്ന ഒരു നിദേശം കേന്ദ്രബോർഡ് നൽകുന്ന നിദേശത്തിന് വിരുദ്ധമായിരിക്കുന്നിടത്ത് ആ വിഷയം കേന്ദ്രഗവൺമെൻറിൻെറ തീരുമാനത്തിന് റഫർ ചെയ്യേണ്ടതാണ്.

## അദ്ധ്യായം V

## ജലമലിനീകരണം തടയലും നിയന്ത്രിക്കലും

*ഈ ആക്റ്റ് ചില പ്രദേശങ്ങളിൽ ബാധകമാകുന്നത് നിയന്ത്രിക്കുന്നതിന് സ്റ്റേറ്റ് ഗവൺമെൻറിനുള്ള അധികാരം.*

19. (1) ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, സ്റ്റേറ്റ് ഗവൺമെൻറിന് സ്റ്റേറ്റ് ബോർഡിനോടാലോചിച്ചതിനുശേഷമോ അല്ലെങ്കിൽ അതിൻെറ ശുപാർശയിൻമേലോ, ഈ ആക്റ്റിലെ വ്യവസ്ഥകൾ സ്റ്റേററു മുഴുവനും ബാധകമാക്കേണ്ട ആവശ്യമില്ലെന്ന് അഭിപ്രായം ഉള്ളപക്ഷം, അതിന് ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി, ജലമലിനീകരണം തടയലും നിയന്ത്രണവും പ്രദേശമോ പ്രദേശങ്ങളോ ആയി അതിൽ പ്രഖ്യാപിക്കാവുന്ന പ്രദേശത്തോ പ്രദേശങ്ങളിലോ ഈ ആക്റ്റിൻെറ ബാധകത നിയന്ത്രിക്കാവുന്നതും, അപ്പോൾ അങ്ങനെയുള്ള പ്രദേശത്തോ പ്രദേശങ്ങളിലോ മാത്രം ഈ ആക്റ്റിലെ വ്യവസ്ഥകൾ ബാധകമാകുന്നതും ആണ്.

(2) ഓരോ ജലമലിനീകരണം തടയലും നിയന്ത്രണവും പ്രദേശവും ഒന്നുകിൽ ഒരു ഭൂപടത്തിൻെറ അടിസ്ഥാനത്തിലോ അല്ലെങ്കിൽ ജലപ്പിരിവതിർത്തിയുടെ അടിസ്ഥാനത്തിലോ അല്ലെങ്കിൽ ഏതെങ്കിലും ഡിസ്ട്രിക്റ്റിൻെറ അതിർത്തിയുടെ അടിസ്ഥാനത്തിലോ അല്ലെങ്കിൽ ഭാഗികമായി ഒരു രീതിയിലോ ഭാഗികമായി മററൊരു രീതിയിലോ പ്രഖ്യാപിക്കാവുന്നതാണ്.

(3) സ്റ്റേറ്റ് ഗവൺമെൻറിന് ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി, —

(ക) ഏതെങ്കിലും ജലമലിനീകരണം തടയലും നിയന്ത്രണവും പ്രദേശം വിപുലപ്പെടുത്തലോ ചെറുതാക്കലോവഴി വ്യത്യാസപ്പെടുത്തുകയോ; അല്ലെങ്കിൽ

(ഖ) ഒന്നോ അതിലധികമോ ജലമലിനീകരണം തടയലും നിയന്ത്രണവും പ്രദേശങ്ങളോ അതിൻെറ ഏതെങ്കിലും ഭാഗമോ ഭാഗങ്ങളോ ലയിപ്പിക്കാവുന്ന ഒരു പുതിയ ജലമലിനീകരണം തടയലും നിയന്ത്രണവും പ്രദേശം തിരിച്ചുവയ്ക്കുകയോ,

ചെയ്യാവുന്നതാണ്.

*വിവരം ലഭ്യമാക്കുന്നതിനുള്ള അധികാരം.*

20. (1) ഒരു സ്റ്റേറ്റ് ബോർഡിന് ഈ ആക്റ്റ്മൂലമോ ഈ ആക്റ്റിൻ കീഴിലോ നൽകിയിട്ടുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിന് അതിനെ പ്രാപ്തമാക്കുന്ന ആവശ്യത്തിലേയ്ക്ക്, സ്റ്റേറ്റ് ബോർഡിനോ അല്ലെങ്കിൽ അതിലേയ്ക്ക് അത് അധികാരപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ഉദ്യോഗസ്ഥനോ ഏതെങ്കിലും പ്രദേശത്ത് സർവ്വേ നടത്തുകയും, അങ്ങനെയുള്ള പ്രദേശത്തെ ഏതെങ്കിലും അരുവിയുടെയോ കിണറിൻെറയോ ഒഴുക്കോ പരിമാണമോ മററു സ്വഭാവങ്ങളോ അളക്കുകയും റിക്കാർഡു സൂക്ഷിക്കുകയും ചെയ്യാവുന്നതും, അങ്ങനെയുള്ള പ്രദേശത്തോ അതിൻെറ ഏതെങ്കിലും ഭാഗത്തോ ഉള്ള വർഷപാതത്തിൻെറ അളവ് എടുക്കുന്നതിനും റിക്കാർഡു ചെയ്യുന്നതിനും ആ ആവശ്യങ്ങൾക്ക് അളവുകളും അല്ലെങ്കിൽ മററുപകരണങ്ങളും അതിനോട് ബന്ധപ്പെട്ട ജോലികളും ഏർപ്പെടുത്തുന്നതിനും വച്ചുപോരുന്നതിനും നടപടി എടുക്കാവുന്നതും അരുവിയിൽ സർവ്വേ നടത്തുകയും മുൻപറഞ്ഞ ആവശ്യങ്ങൾക്ക് വേണ്ടതായ ഏതെങ്കിലും വിവരം ലഭിക്കുന്നതിനാവശ്യമാകാവുന്ന മററു നടപടികൾ എടുക്കുകയും ചെയ്യാവുന്നതും ആകുന്നു.

(2) ഒരു സ്റേററ് ബോർഡിന് അതിൻെറ അഭിപ്രായത്തിൽ ഏതൊരാ
ളാണോ ആ പ്രദേശത്ത് അങ്ങനെയുള്ള ഏതെങ്കിലും അരുവിയിലോ കിണററിലോ
നിന്ന്, ആ അരുവിയിലേയോ കിണററിലേയോ ഒഴുക്കോ പരിമാണമോ സംബ
ന്ധിച്ചിടത്തോളം ഗണ്യമായ അളവിൽ ജലം എടുക്കുകയോ അല്ലെങ്കിൽ അങ്ങ
നെയുള്ള ഏതെങ്കിലും അരുവിയിലോ കിണററിലോ ഓടവെള്ളമോ വ്യാപാര
മാലിന്യമോ കടത്തിവിടുകയോ ചെയ്യുന്നത്, അങ്ങനെയുള്ള ഏതെങ്കിലും
ആളോട് എടുക്കുകയോ കടത്തിവിടുകയോ ചെയ്യുന്നത് സംബന്ധിച്ച് നിദേ
ശങ്ങളിൽ വിനിർദ്ദേശിക്കാവുന്ന വിവരങ്ങൾ അങ്ങനെയുള്ള സമയങ്ങളിലും
അങ്ങനെയുള്ള ഫാറത്തിലും നൽകുന്നതിന് ആവശ്യപ്പെട്ടുകൊണ്ടുള്ള നിദേശ
ങ്ങൾ നൽകാവുന്നതാണ്.

(3) (2)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് ഭംഗം കൂടാതെ, ഒരു
സ്റേററ് ബോർഡിന്, ജലമലിനീകരണം തടയുകയോ നിയന്ത്രിക്കുകയോ
ചെയ്യണമെന്ന ലക്ഷ്യത്തോടുകൂടി, ഏതെങ്കിലും വ്യവസായമോ വ്യാപാരമോ
നടത്തിക്കൊണ്ടുപോകുന്ന ഏതെങ്കിലും സ്ഥാപനത്തിൻെറ ചാർജ്ജ് ഉള്ള
ഏതെങ്കിലും ആളോട്, അങ്ങനെയുള്ള സ്ഥാപനത്തിൻെറ നിർമ്മാണത്തേയോ,
സംസ്ഥാപനത്തേയോ, പ്രവർത്തനത്തേയോ അല്ലെങ്കിൽ അങ്ങനെയുള്ള സ്ഥാപ
നത്തിലെ ഏതെങ്കിലും കയ്യൊഴിക്കൽ പദ്ധതിയേയോ അല്ലെങ്കിൽ ഏതെങ്കിലും
വ്യാപിപ്പിക്കലിനേയോ അതിനോടുള്ള കൂട്ടിച്ചേർക്കലിനെയോ സംബന്ധിച്ച
വിവരവും നിർണ്ണയിക്കപ്പെടാവുന്ന മററു വിവരങ്ങളും അതിനു നൽകുന്നതിന്
ആവശ്യപ്പെട്ടുകൊണ്ടു നിദേശങ്ങൾ നൽകാവുന്നതാണ്.

21. (1) ഒരു സ്റേററ് ബോർഡിനോ അല്ലെങ്കിൽ ഇതിനുവേണ്ടി അധികാര
പ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ഉദ്യോഗസ്ഥനോ, ഏതെങ്കിലും അരുവിയിലേയോ
കിണററിലേയോ ജലത്തിൻെറയോ സാമ്പിളുകളോ അല്ലെങ്കിൽ ഏതെങ്കിലും
യന്ത്രോപകരണങ്ങളിലോ, പാത്രത്തിലോ നിന്നോ അല്ലെങ്കിൽ ഏതെങ്കിലും
സ്ഥലത്തുനിന്നോ സ്ഥലത്തുകൂടിയോ അങ്ങനെയുള്ള അരുവിയിലേക്കോ
കിണററിലേക്കോ ഒഴുകിവീഴുന്ന ഏതെങ്കിലും ഓടവെള്ളത്തിൻെയോ വ്യാപാര
മാലിന്യത്തിൻെറയോ സാമ്പിളുകളോ വിശ്ലേഷണം ചെയ്യുന്ന ആവശ്യത്തിന്
എടുക്കാനുള്ള അധികാരം ഉണ്ടായിരിക്കുന്നതാണ്.

മാലിന്യങ്ങളുടെ സാമ്പിൾ എടുക്കുന്നതിനുള്ള അധികാരവും അതു സംബന്ധിച്ച് അനുവർത്തിക്കേണ്ട നടപടിക്രമവും.

(2) (1)-ാം ഉപവകുപ്പിൻകീഴിൽ എടുത്തിട്ടുള്ള ഏതെങ്കിലും ഓടവെള്ള
ത്തിൻെറയോ വ്യാപാരമാലിന്യത്തിൻെറയോ ഒരു സാമ്പിളിൻെറ ഏതെങ്കിലും
വിശ്ലേഷണത്തിൻെറ ഫലം, (3)-ം (4)-ം, (5)-ം ഉപവകുപ്പുകളിലെ വ്യവസ്ഥ
കൾ അനുസരിക്കാത്തപക്ഷം, ഏതെങ്കിലും നിയമപരമായ നടപടിയിൽ തെളി
വായി സ്വീകരിക്കാൻ പാടുള്ളതല്ല.

(3) (4)-ം, (5)-ം ഉപവകുപ്പുകളിലെ വ്യവസ്ഥകൾക്ക് വിധേയമായി,
(1)-ാം ഉപവകുപ്പിൻകീഴിൽ ഏതെങ്കിലും ഓടവെള്ളത്തിൻെറയോ വ്യാപാരമാലി
ന്യത്തിൻെറയോ സാമ്പിൾ (അതിലേയ്ക്ക് ഉപയോഗിക്കുന്ന പ്രക്രിയ അനുവ
ദിക്കാവുന്ന പോലെ സംയുക്തമോ മററുതരത്തിലുള്ളതോ) വിശ്ലേഷണത്തിനായി
എടുക്കുമ്പോൾ, സാമ്പിൾ എടുക്കുന്ന ആൾ—

(ക) ആ യന്ത്രോപകരണത്തിൻെറയോ പാത്രത്തിൻെറയോ ചാർജ്ജോ
നിയന്ത്രണമോ ഉള്ളതോ, അല്ലെങ്കിൽ ആ സ്ഥലം കൈവശംവച്ചിരിക്കുന്നതോ
ആയ ആൾക്കോ (ആളെ ഇതിൽ ഇതിനുശേഷം കൈവശക്കാരൻ എന്നു പരാമർശി
ച്ചിരിക്കുന്നു) അല്ലെങ്കിൽ അങ്ങനെയുള്ള കൈവശക്കാരൻെറ ഏതെങ്കിലും
ഏജൻറിനോ നിർണ്ണയിക്കപ്പെടാവുന്ന ഫാറത്തിൽ അപ്പോൾ അവിടെവച്ചുതന്നെ,
അത് അപ്രകാരം വിശ്ലേഷണം ചെയ്യുന്നതിനുള്ള അയാളുടെ ഉദ്ദേശം കാണിക്കുന്ന
ഒരു നോട്ടീസ് നൽകേണ്ടതും ;

(ഖ) കൈവശക്കാരൻെറയോ അയാളുടെ ഏജൻറിൻെറയോ സാന്നിദ്ധ്യ
ത്തിൽ, സാമ്പിൾ രണ്ടു ഭാഗങ്ങളായി വിഭജിക്കേണ്ടതും ;

(ഗ) ഓരോ ഭാഗവും ഓരോ പാത്രത്തിൽ വയ്പിക്കുകയും, പാത്രത്തിന്
അടയാളവും മുദ്രയും വയ്ക്കുകയും, കൂടാതെ സാമ്പിൾ എടുക്കുന്ന ആളും കൈവ
ശക്കാരനും അല്ലെങ്കിൽ അയാളുടെ ഏജൻറും ഈ രണ്ടുപേരും അതിൽ ഒപ്പിടുകയും
ചെയ്യേണ്ടതും ;

(ഘ) ഉടനെ തന്നെ ഒരു പാത്രം —

(i) യൂണിയൻ രാജ്യക്ഷേത്രത്തിൽ സ്ഥിതിചെയ്യുന്ന ഏതെങ്കിലും
പ്രദേശത്തുനിന്ന് അങ്ങനെയുള്ള സാമ്പിൾ എടുത്തിട്ടുള്ള സംഗതിയിൽ, കേന്ദ്ര
ബോർഡ് 16-ാം വകുപ്പിൻകീഴിൽ സ്ഥാപിച്ചിട്ടുള്ളതോ അംഗീകരിച്ചിട്ടുള്ളതോ
ആയ പരീക്ഷണ ശാലയിലും ;

(ii) മറേറതെങ്കിലും സംഗതിയിൽ, സ്റേററ് ബോർഡ് 17-ാം
വകുപ്പിൻകീഴിൽ സ്ഥാപിച്ചിട്ടുള്ളതോ അംഗീകരിച്ചിട്ടുള്ളതോ ആയ പരീക്ഷണശാല
യിലും ;

അയക്കേണ്ടതും ;

(ങ) കൈവശക്കാരൻെറയോ അയാളുടെ ഏജൻറിൻെറയോ അപേക്ഷയിൻ
മേൽ, രണ്ടാമത്തെ പാത്രം, —

(i) യൂണിയൻ രാജ്യക്ഷേത്രത്തിൽ സ്ഥിതിചെയ്യുന്ന ഏതെങ്കിലും പ്രദേശത്തുനിന്ന് അങ്ങനെയുള്ള സാമ്പിൾ എടുത്തിട്ടുള്ള സംഗതിയിൽ, 51-ാം വകുപ്പ് (1)-ാം ഉപവകുപ്പിൻകീഴിൽ സ്ഥാപിച്ചിട്ടുള്ളതോ വിനിർദ്ദേശിച്ചിട്ടുള്ളതോ ആയ പരീക്ഷണശാലയിലും ;

(ii) മറ്റേതെങ്കിലും സംഗതിയിൽ, 52-ാം വകുപ്പ് (1)-ാം ഉപവകുപ്പിൻകീഴിൽ സ്ഥാപിച്ചിട്ടുള്ളതോ വിനിർദ്ദേശിച്ചിട്ടുള്ളതോ ആയ പരീക്ഷണശാലയിലും, അയച്ചു കൊടുക്കേണ്ടതും, ആണ്.

(4) ഏതെങ്കിലും ഓടവെള്ളത്തിന്റേയോ വ്യാപാരമാലിന്യത്തിന്റേയോ ഒരു സാമ്പിൾ (1)-ാം ഉപവകുപ്പിൻകീഴിൽ വിശ്ലേഷണം ചെയ്യുന്നതിനുവേണ്ടി എടുക്കുകയും സാമ്പിൾ എടുക്കുന്ന ആൾ (3)-ാം ഉപവകുപ്പ് (ക) ഖണ്ഡത്തിൻ കീഴിൽ ഒരു നോട്ടീസ് കൈവശക്കാരനോ അയാളുടെ ഏജന്റിനോ നടത്തുകയും കൈവശക്കാരനോ അയാളുടെ ഏജന്റോ മനഃപൂർവ്വം ഹാജരാകാതിരിക്കുകയും ചെയ്യുമ്പോൾ,—

(ക) അപ്രകാരം എടുക്കുന്ന സാമ്പിൾ, അടയാളപ്പെടുത്തുകയും മുദ്രവയ്ക്കുകയും ചെയ്ത ഒരു പാത്രത്തിൽ വയ്ക്കേണ്ടതും സാമ്പിൾ എടുക്കുന്ന ആൾകൂടി ഒപ്പു വയ്ക്കേണ്ടതും അങ്ങനെയുള്ള ആൾ അത് വിശ്ലേഷണം ചെയ്യുന്നതിന് ഉടനടി, അതതു സംഗതിപോലെ, (3)-ാം ഉപവകുപ്പ് (ങ) ഖണ്ഡം (i)-ാം ഉപഖണ്ഡത്തിലോ (ii)-ാം ഉപഖണ്ഡത്തിലോ പരാമർശിച്ചിട്ടുള്ള പരീക്ഷണശാലയിൽ അയക്കേണ്ടതും അങ്ങനെയുള്ള ആൾ, കൈവശക്കാരന്റേയോ അയാളുടെ ഏജന്റിന്റെയോ മനഃപൂർവ്വമുള്ള അസാന്നിദ്ധ്യത്തെക്കുറിച്ച്, ലിഖിതമായി, അതതു സംഗതിപോലെ, 53-ാം വകുപ്പ് (1)-ാം ഉപവകുപ്പിന്റേയോ (2)-ാം ഉപവകുപ്പിന്റേയോ കീഴിൽ നിയമിക്കപ്പെട്ടിട്ടുള്ള ഗവൺമെന്റ് അനലിസ്റ്റിനെ അറിയിക്കേണ്ടതും ;

(ഖ) അങ്ങനെയുള്ള സാമ്പിൾ വിശ്ലേഷണം ചെയ്തു കിട്ടുന്നതിന് നേരിട്ട ചെലവ് കൈവശക്കാരനോ അയാളുടെ ഏജന്റോ കൊടുക്കേണ്ടതും അങ്ങനെ പണം കൊടുക്കാതിരിക്കുന്ന സംഗതിയിൽ, അത് ഭൂമിക്കരത്തിന്റേയോ പിരിയാനുള്ള പൊതു മുതലിന്റേയോ കുടിശ്ശികയെന്നപോലെ, അതതു സംഗതിപോലെ, കൈവശക്കാരനിൽ നിന്നോ അയാളുടെ ഏജന്റിൽ നിന്നോ വസൂലാക്കാവുന്നതും ;

ആകുന്നു:

എന്നാൽ അങ്ങനെയുള്ള യാതൊരു വസൂലാക്കലും, അതതു സംഗതിപോലെ, കൈവശക്കാരനോ അയാളുടെ ഏജന്റിനോ ആ വിഷയത്തിൽ പറയാനുള്ളത് പറയുവാൻ ഒരവസരം നല്കാത്തപക്ഷം പാടുള്ളതല്ല.

(5) (1)–ാം ഉപവകുപ്പിൻകീഴിൽ ഏതെങ്കിലും ഓടവെള്ളത്തിന്റെയോ വ്യാപാരമാലിന്യത്തിന്റെയോ സാമ്പിൾ വിശ്ലേഷണത്തിനെടുക്കുകയും, സാമ്പിൾ എടുക്കുന്ന ആൾ (3)-ാം ഉപവകുപ്പ് (ക) ഖണ്ഡത്തിൻ കീഴിൽ കൈവശക്കാരനോ അയാളുടെ ഏജന്റിനോ ഒരു നോട്ടീസ് നൽകുകയും, സാമ്പിൾ എടുത്തപ്പോൾ സന്നിഹിതനായിരുന്ന കൈവശക്കാരനോ അയാളുടെ ഏജന്റോ (3)-ാം ഉപവകുപ്പ് (ഖ) ഖണ്ഡത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതുപോലെ സാമ്പിൾ രണ്ടു ഭാഗങ്ങളായി വിഭജിക്കാനാവശ്യപ്പെടാതിരിക്കുകയും ചെയ്യുമ്പോൾ, അപ്രകാരം എടുക്കപ്പെട്ട സാമ്പിൾ ഒരു പാത്രത്തിൽ വയ്ക്കുകയും പാത്രം അടയാളപ്പെടുത്തി മുദ്രവയ്ക്കുകയും അതിൽ സാമ്പിൾ എടുത്ത ആളുടെ കയ്യൊപ്പിടുകയും ചെയ്യേണ്ടതും, അങ്ങനെയുള്ള ആൾ അത് ഉടനെതന്നെ, അതതുസംഗതിപോലെ, (3)-ാം ഉപവകുപ്പ് (ഘ) ഖണ്ഡത്തിലെ (i)-ാം ഉപഖണ്ഡത്തിലോ (ii)-ാം ഉപഖണ്ഡത്തിലോ പരാമർശിച്ചിട്ടുള്ള പരീക്ഷണശാലയിൽ വിശ്ലേഷണത്തിന് അയക്കേണ്ടതും ആണ്.

**21-ാം വകുപ്പിൻ കീഴിൽ എടുത്തിട്ടുള്ള സാമ്പിളുകളുടെ വിശ്ലേഷണ ഫലത്തിന്റെ റിപ്പോർട്ടുകൾ.**

22. (1) ഏതെങ്കിലും ഓടവെള്ളത്തിന്റെയോ വ്യാപാരമാലിന്യത്തിന്റെയോ സാമ്പിൾ, അതതു സംഗതിപോലെ, കേന്ദ്ര ബോർഡോ സ്റ്റേറ്റ് ബോർഡോ സ്ഥാപിച്ചിട്ടുള്ളതോ അംഗീകരിച്ചിട്ടുള്ളതോ ആയ പരീക്ഷണശാലയിൽ വിശ്ലേഷണത്തിനയയ്ക്കുന്നിടത്ത്, 53-ാം വകുപ്പ്, (3)-ാം ഉപവകുപ്പിൻകീഴിൽ നിയമിക്കപ്പെട്ട, ബന്ധപ്പെട്ട ബോർഡിലെ അനലിസ്റ്റ് സാമ്പിൾ വിശ്ലേഷണം ചെയ്യേണ്ടതും, നിർണ്ണയിച്ചിട്ടുള്ള ഫാറത്തിൽ അങ്ങനെയുള്ള വിശ്ലേഷണഫലം സംബന്ധിച്ച റിപ്പോർട്ടിന്റെ മൂന്ന് പ്രതികൾ, അതതു സംഗതിപോലെ, കേന്ദ്ര ബോർഡിനോ സ്റ്റേറ്റ് ബോർഡിനോ സമർപ്പിക്കേണ്ടതും ആണ്.

(2) (1)-ാം ഉപവകുപ്പിൻകീഴിൽ റിപ്പോർട്ട് ലഭിച്ചാൽ, അതതുസംഗതിപോലെ, കേന്ദ്ര ബോർഡോ സ്റ്റേറ്റ് ബോർഡോ റിപ്പോർട്ടിന്റെ ഒരു പകർപ്പ് 21-ാം വകുപ്പിൽ പരാമർശിച്ചിട്ടുള്ള കൈവശക്കാരനോ അയാളുടെ ഏജന്റിനോ അയക്കേണ്ടതും, മറ്റൊരു പകർപ്പ്, ഏതെങ്കിലും നിയമപരമായ നടപടി അയാൾക്കെതിരായി ഉണ്ടാകുന്നപക്ഷം, കോടതി മുൻപാകെ ഹാജരാക്കുന്നതിനുവേണ്ടി സൂക്ഷിക്കേണ്ടതും, മറ്റേ പകർപ്പ് ബന്ധപ്പെട്ട ബോർഡ് സൂക്ഷിക്കേണ്ടതും ആണ്.

(3) ഒരു സാമ്പിൾ 21-ാം വകുപ്പ്, (3)-ാം ഉപവകുപ്പ് (ങ) ഖണ്ഡത്തിനോ (4)-ാം ഉപവകുപ്പിനോ കീഴിൽ വിശ്ലേഷണത്തിനായി അതിൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും പരീക്ഷണശാലയിൽ അയച്ചിട്ടുള്ളിടത്ത്, ആ ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള ഗവൺമെന്റ് അനലിസ്റ്റ് സാമ്പിൾ വിശ്ലേഷണം ചെയ്യേണ്ടതും, നിർണ്ണയിച്ചിട്ടുള്ള ഫാറത്തിൽ വിശ്ലേഷണഫലം സംബന്ധിച്ച റിപ്പോർട്ടിന്റെ മൂന്നു പ്രതികൾ, അതതു സംഗതിപോലെ, കേന്ദ്രബോർഡിനോ സ്റ്റേറ്റു ബോർഡിനോ സമർപ്പിക്കേണ്ടതും, അത് (2)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് അനുസൃതമായിരിക്കേണ്ടതുമാണ്.

(4) അതതു സംഗതിപോലെ, കേന്ദ്രബോർഡോ സ്റ്റേറ്റു ബോർഡോ സ്ഥാപിച്ചിട്ടുള്ളതോ അംഗീകരിച്ചിട്ടുള്ളതോ ആയ പരീക്ഷണശാലയിൽ നടത്തിയിട്ടുള്ള വിശ്ലേഷണത്തിന്റെ ഫലവും, അതതു സംഗതിപോലെ, 51-ാം വകുപ്പിനോ 52-ാം വകുപ്പിനോ കീഴിൽ സ്ഥാപിച്ചിട്ടുള്ളതോ വിനിർദ്ദേശിച്ചിട്ടുള്ളതോ ആയ പരീക്ഷണശാലയുടെ വിശ്ലേഷണത്തിന്റെ ഫലവും, തമ്മിൽ ഏതെങ്കിലും വൈരുദ്ധ്യമോ, പൊരുത്തക്കേടോ, അന്തരമോ ഉള്ളപക്ഷം, രണ്ടിൽ രണ്ടാമത്തേതിന്റെ റിപ്പോർട്ട് സാധുവായിരിക്കുന്നതാണ്.

(5) ഏതെങ്കിലും സാമ്പിൾ, കൈവശക്കാരന്റെയോ അയാളുടെ ഏജന്റിന്റെയോ അപേക്ഷയിൻമേൽ വിശ്ലേഷണം ചെയ്യുന്നതിൽ നേരിടുന്ന ഏതെങ്കിലും ചെലവ്, അങ്ങനെയുള്ള കൈവശക്കാരനോ അയാളുടെ ഏജന്റോ നല്കേണ്ടതും, അതിന് വീഴ്ച വരുത്തുന്ന സംഗതിയിൽ, അത് അയാളിൽ നിന്ന് ഭൂനികുതി കുടിശ്ശികയോ പബ്ലിക് ഡിമാന്റോ എന്നപോലെ വസൂലാക്കാവുന്നതും ആണ്.

പ്രവേശനത്തിനും പരിശോധനയ്ക്കും ഉള്ള അധികാരം.

23. (1) ഈ വകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, ഇതിനുവേണ്ടി സ്റ്റേറ്റ് ബോർഡ് അധികാരപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ആൾക്ക്, അയാൾ ആവശ്യമെന്നു കരുതാവുന്ന സഹായത്തോടുകൂടി, ഏത് സമയത്തും ഏത് സ്ഥലത്തും—

(ക) അയാളെ ഭരമേല്പിച്ചിട്ടുള്ള ബോർഡിന്റെ ഏതെങ്കിലും ചുമതലകൾ നിർവ്വഹിക്കുന്ന ആവശ്യത്തിലേയ്ക്കും ;

(ഖ) അങ്ങനെയുള്ള ഏതെങ്കിലും ചുമതലകൾ നിർവ്വഹിക്കേണ്ടതുണ്ടോ എന്നും അങ്ങനെയാണെങ്കിൽ ഏതു രീതിയിലാണ് അത് നിർവ്വഹിക്കേണ്ടതെന്നുമോ അല്ലെങ്കിൽ ഈ ആക്റ്റിലേയോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലേയോ അല്ലെങ്കിൽ ഈ ആക്റ്റിൻകീഴിൽ നടത്തിയിട്ടുള്ളതോ ഉണ്ടാക്കിയിട്ടുള്ളതോ നൽകിയിട്ടുള്ളതോ അനുവദിച്ചിട്ടുള്ളതോ ആയ, ഏതെങ്കിലും നോട്ടീസിലേയോ ഉത്തരവിലേയോ നിദേശത്തിലേയോ അധികാരപ്പെടുത്തലിലേയോ ഏതെങ്കിലും വ്യവസ്ഥകൾ അനുസരിക്കുന്നുണ്ടോ എന്നോ അനുസരിച്ചിട്ടുണ്ടോ എന്നുമോ തീരുമാനിക്കുന്ന ആവശ്യത്തിലേയ്ക്കും ;

(ഗ) ഏതെങ്കിലും യന്ത്രോപകരണമോ, റിക്കാർഡോ, രജിസ്റ്ററോ, രേഖയോ അല്ലെങ്കിൽ മറ്റേതെങ്കിലും ലക്ഷ്യവസ്തുവോ പരിശോധിക്കുകയോ അല്ലെങ്കിൽ ഈ ആക്റ്റിന്റെയോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളുടെയോ കീഴിൽ ഒരു കുറ്റം ചെയ്തിട്ടുണ്ടെന്നോ, ചെയ്യുന്നുവെന്നോ, ചെയ്യാൻ പോകുന്നുവെന്നോ, അയാൾക്ക് വിശ്വസിക്കാൻ കാരണമുള്ള ഏതെങ്കിലും സ്ഥലത്ത് ശോധന നടത്തുകയോ ചെയ്യുന്നതിനും, ഈ ആക്റ്റിന്റെയോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളുടെയോ കീഴിൽ ശിക്ഷിക്കപ്പെടാവുന്ന ഒരു കുറ്റം ചെയ്തതിന് അത് തെളിവ് നൽകിയേക്കാമെന്ന് അയാൾക്ക് വിശ്വസിക്കാൻ കാരണമുള്ളപക്ഷം, അങ്ങനെയുള്ള ഏതെങ്കിലും യന്ത്രോപകരണമോ, റിക്കാർഡോ, രജിസ്റ്ററോ, രേഖയോ അല്ലെങ്കിൽ മറ്റ് ലക്ഷ്യവസ്തുവോ കണ്ടുകെട്ടുന്നതിനും ,

പ്രവേശിക്കുന്നതിന് അവകാശം ഉണ്ടായിരിക്കുന്നതാണ്:

എന്നാൽ ഈ ഉപവകുപ്പിൻകീഴിൽ ആ കിണർ പരിശോധിക്കുന്നതിന് പ്രവേശിക്കാനുള്ള അധികാരം, അങ്ങനെയുള്ള കിണർ, താമസസ്ഥലമായി ഉപയോഗിക്കുന്ന ഏതെങ്കിലും പരിസരങ്ങളിൽ സ്ഥിതിചെയ്യുകയും അതിലെ ജലം വീട്ടാവശ്യത്തിനുമാത്രം ഉപയോഗിക്കുകയും ചെയ്യുന്ന ഒരു സംഗതിയിൽ, ന്യായമായ സമയങ്ങളിൽ മാത്രം പ്രയോഗിക്കേണ്ടതാണ്.

(1974-ലെ 2)

(2) ക്രിമിനൽ നടപടി നിയമസംഹിത, 1973 -ലെ വ്യവസ്ഥകളോ, ജമ്മു-കാഷ്മീർ സ്റ്റേറ്റിനെ സംബന്ധിച്ച് ആ സ്റ്റേറ്റിൽ പ്രാബല്യത്തിലുള്ള ഏതെങ്കിലും തൽസ്ഥാനീയ നിയമത്തിലെ വ്യവസ്ഥകളോ, ആകാവുന്നിടത്തോളം, ഈ വകുപ്പിൻകീഴിലുള്ള ഏതെങ്കിലും ശോധനയ്ക്കോ പിടിച്ചെടുക്കലിനോ, അതതു സംഗതിപോലെ, മേല്പറഞ്ഞ സംഹിതയിലെ 94-ാം വകുപ്പിൻകീഴിൽ പുറപ്പെടുവിച്ചിട്ടുള്ള ഒരു വാറണ്ടിന്റെ അധികാരത്തിൻകീഴിലോ അല്ലെങ്കിൽ മേല്പറഞ്ഞ നിയമത്തിലെ തൽസ്ഥാനീയ വ്യവസ്ഥകൾക്ക് കീഴിലോ നടത്തിയിട്ടുള്ള ഏതെങ്കിലും ശോധനയ്ക്കോ പിടിച്ചെടുക്കലിനോ ബാധകമാകുന്നതുപോലെ, ബാധകമാകുന്നതാണ്.

വിശദീകരണം.—ഈ വകുപ്പിന്റെ ആവശ്യങ്ങൾക്ക്, "സ്ഥലം" എന്നതിൽ ജലയാനം ഉൾപ്പെടുന്നതാണ്.

മലിനമാക്കുന്ന പദാർത്ഥങ്ങളും മററും ഇടുന്നതിന് അരുവിയോ കിണറോ ഉപയോഗിക്കുന്നതിന്റെ നിരോധനം.

24. (1) ഈ വകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി.—

(ക) യാതൊരാളും അറിഞ്ഞുകൊണ്ട്, സ്റേറററ് ബോർഡ് പ്രതിപാദിക്കാവുന്ന മാനദണ്ഡങ്ങൾ അനുസരിച്ച് തീർച്ചപ്പെടുത്തിയിട്ടുള്ള വിഷമയമോ ഹാനികരമോ മലിനമാക്കുന്നതോ ആയ ഏതെങ്കിലും പദാർത്ഥം (നേരിട്ടോ നേരിട്ടല്ലാതെയോ) ഏതെങ്കിലും അരുവിയിലോ കിണററിലോ ഇടുവിക്കുകയോ ഇടാൻ അനുവദിക്കുകയോ ; അല്ലെങ്കിൽ

(ഖ) യാതൊരാളും അറിഞ്ഞുകൊണ്ട് ഏതെങ്കിലും അരുവിയിൽ മറേറതെങ്കിലും പദാർത്ഥം നേരിട്ടോ അല്ലെങ്കിൽ അതുപോലുള്ള പദാർത്ഥങ്ങളോടു ചേർത്തിട്ടോ മററു കാരണങ്ങൾമൂലമോ അതിന്റെ ഫലമായോ ഉണ്ടാകുന്ന മാലിന്യത്തിനു സാരമായ വർദ്ധനവുണ്ടാക്കുന്നതോ ഉണ്ടാക്കാനിടയുള്ളതോ ആയ രീതിയിൽ, ആ അരുവിയിലെ ജലത്തിന്റെ ശരിയായ ഒഴുക്കിനെ തടസ്സപ്പെടുത്തത്തക്കവണ്ണം ഇടുവിക്കുകയോ ഇടാൻ അനുവദിക്കുകയോ ചെയ്യാൻ പാടുള്ളതല്ല.

(2) താഴെപ്പറയുന്ന ഏതെങ്കിലും പ്രവൃത്തികൾ ചെയ്യുകയോ ചെയ്യിക്കുകയോ മാത്രം കാരണമായി ഒരാൾ (1)-ാം ഉപവകുപ്പിൻ കീഴിൽ ഉള്ള ഒരു കുററത്തിന് അപരാധി ആകുന്നതല്ല, അതായത്:—

(ക) ഏതെങ്കിലും അരുവിയിലോ അതിനു കുറുകെയോ അതിന്റെ കരയിലോ തടത്തിലോ പണിയുന്നതിനോ, നന്നാക്കുന്നതിനോ സംരക്ഷിക്കുന്നതിനോ അയാൾക്ക് അവകാശമുള്ള ഏതെങ്കിലും കെട്ടിടമോ, പാലമോ, ചിറയോ, അണയോ, ചീപ്പോ, ഡോക്കോ, കടൽ പാലമോ, നീർച്ചാലോ, ഓടയോ അല്ലെങ്കിൽ മററു സ്ഥിരമായ പണികളോ ഉണ്ടാക്കുകയോ, നന്നാക്കുകയോ സംരക്ഷിക്കുകയോ ചെയ്യുക ;

(ഖ) ഏതെങ്കിലും അരുവിയുടെ കരയിലോ തടത്തിലോ ഭൂമി നികത്തിയെടുക്കുന്ന ആവശ്യത്തിലേയ്ക്കോ അല്ലെങ്കിൽ അങ്ങനെയുള്ള അരുവിയുടെ കരയ്ക്കോ തടത്തിനോ താങ്ങായോ അതിന്റെ അററകുററപ്പണിക്കോ സംരക്ഷണത്തിനോ വേണ്ടിയുള്ള ഏതെങ്കിലും സാധനങ്ങൾ, അങ്ങനെയുള്ള സാധനങ്ങൾ അങ്ങനെയുള്ള അരുവിയെ മലിനമാക്കാൻ സാദ്ധ്യമാകുന്നതല്ലാത്തപക്ഷം, നിക്ഷേപിക്കുക ;

(ഗ) ഏതെങ്കിലും അരുവിയിൽ അങ്ങനെയുള്ള അരുവിയിലെ ഒഴുക്കുമൂലം അതിൽ നിന്നും ഒഴുകിപ്പോയതോ അല്ലെങ്കിൽ അതിൽ നിക്ഷേപിച്ചിട്ടുള്ളതോ ആയ ഏതെങ്കിലും മണലോ ചരലോ അല്ലെങ്കിൽ മററു പ്രകൃതി നിക്ഷേപങ്ങളോ ഇടുക ;

(ഘ) സ്റേററ് ബോർഡിന്റെ സമ്മതത്തോടുകൂടി, ഒരു കിണററിലോ, കുളത്തിലോ ജലസംഭരണിയിലോ കൂടികിടക്കുന്ന എക്കൽ ഏതെങ്കിലും അരുവിയിൽ ഇടുവിക്കുകയോ ഇടാൻ അനുവദിക്കുകയോ ചെയ്യുക ;

(3) സ്റേററ് ഗവൺമെന്റിന്, സ്റേററ് ബോർഡുമായി ആലോചിച്ചതിനുശേഷമോ അല്ലെങ്കിൽ അതിന്റെ ശുപാർശയിൻമേലോ, ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി, ഏതെങ്കിലും ആളെ (1)-ാം ഉപവകുപ്പിന്റെ പ്രവർത്തനത്തിൽ നിന്ന്, വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കാവുന്ന ഉപാധികൾ ഏതെങ്കിലും ഉള്ളപക്ഷം അവയ്ക്ക് വിധേയമായി ഒഴിവാക്കാവുന്നതും, അപ്രകാരം വിനിർദ്ദേശിച്ചിട്ടുള്ള ഏതെങ്കിലും ഉപാധി അതുപോലെയുള്ള ഒരു വിജ്ഞാപനംവഴി വ്യത്യാസപ്പെടുത്തുകയോ, മാററുകയോ, ഭേദഗതി ചെയ്യുകയോ ചെയ്യാവുന്നതും ആണ്.

പുതിയനിർഗ്ഗമങ്ങളുടേയും പുതിയ പ്രസ്രാവങ്ങളുടേയും മേലുള്ള നിയന്ത്രണങ്ങൾ.

25. (1) ഈ വകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, യാതൊരാളും സ്റേററ് ബോർഡിന്റെ മുൻകൂട്ടിയുള്ള സമ്മതം കൂടാതെ ഓടവെള്ളമോ വ്യാപാരമാലിന്യമോ ഒരു അരുവിയിലോ കിണററിലോ ഓടയിലോ ഭൂമിയിലോ തള്ളിവിടുന്നതിന് ഏതെങ്കിലും പുതിയതോ വ്യത്യാസപ്പെടുത്തിയതോ ആയ നിർഗ്ഗമനമാർഗ്ഗം ഉപയോഗിക്കുകയോ അല്ലെങ്കിൽ ഓടവെള്ളമോ വ്യാപാരമാലിന്യമോ ഒരു അരുവിയിലേയ്ക്കോ കിണററിലേയ്ക്കോ ഓടയിലേയ്ക്കോ നിലത്തിലേയ്ക്കോ പുതുതായി തള്ളിവിടാൻ ആരംഭിക്കുകയോ ചെയ്യാൻ പാടുള്ളതല്ല.

(2) (1)-ാം ഉപവകുപ്പിൻകീഴിൽ സ്റേററ് ബോർഡിന്റെ സമ്മതത്തിനുള്ള ഒരു അപേക്ഷ നിർണ്ണയിക്കപ്പെടാവുന്ന ഫീസുമായും നിർണ്ണയിച്ചിട്ടുള്ള ഫാറത്തിലും നൽകേണ്ടതും, അതിൽ വ്യാവസായികമോ വാണിജ്യപരമോ ആയ സ്ഥാപനങ്ങളുടെ നിർദ്ദിഷ്ട നിർമ്മാണമോ സംസ്ഥാപനമോ, പ്രവർത്തനമോ അല്ലെങ്കിൽ ഏതെങ്കിലും ശുചീകരണമോ നീക്കംചെയ്യൽ പദ്ധതിയോ അല്ലെങ്കിൽ അതിന്റെ ഏതെങ്കിലും വ്യാപിപ്പിക്കലോ കൂട്ടിച്ചേർക്കലോ സംബന്ധിച്ച വിവരങ്ങളും നിർണ്ണയിക്കപ്പെടാവുന്ന മററു വിവരങ്ങളും അടങ്ങിയിരിക്കേണ്ടതുമാകുന്നു.

(3) സ്റേററ് ബോർഡിന് (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള സമ്മതത്തിനുള്ള അപേക്ഷ സംബന്ധിച്ച് അത് യുക്തമെന്ന് കരുതാവുന്ന അന്വേഷണ വിചാരണ നടത്താവുന്നതും അങ്ങനെയുള്ള അന്വേഷണ വിചാരണ നടത്തുന്നതിൽ നിർണ്ണയിക്കപ്പെടാവുന്ന നടപടി അനുവർത്തിക്കേണ്ടതുമാണ്.

(4) സ്റേററ് ബോർഡിന് (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള സമ്മതം അത് ചുമത്താവുന്ന വ്യവസ്ഥകൾക്ക്, അതായത്—

(ക) പുതിയതോ വ്യത്യാസപ്പെടുത്തിയതോ ആയ നിർഗ്ഗമനമാർഗ്ഗത്തിന്റെ സംഗതിയിൽ, അരുവിയിലേയ്ക്കോ കിണററിലേയ്ക്കോ ഓടയിലേയ്ക്കോ ഭൂമിയിലേയ്ക്കോ ഉള്ള പ്രസ്രാവത്തിന്റെ സ്ഥാനമോ അല്ലെങ്കിൽ നിർഗ്ഗമന മാർഗ്ഗത്തിന്റെ നിർമ്മാണമോ അല്ലെങ്കിൽ ഓടവെള്ളമോ വ്യാപാര മാലിന്യമോ ഒരേ ഭൂമിയിലോ പരിസരങ്ങളിലോ നിന്ന് പോകുന്നതിന് ആ നിർഗ്ഗമനമാർഗ്ഗത്തിന്റെയോ മറേറതെങ്കിലും നിർഗ്ഗമന മാർഗ്ഗത്തിന്റെയോ ഉപയോഗമോ സംബന്ധിച്ച വ്യവസ്ഥകൾക്കും ;

(ഖ) ഒരു പുതിയ പ്രസ്രാവത്തിന്റെ സംഗതിയിൽ, ഏതു ഭൂമിയിലോ, പരിസരങ്ങളിലോ നിന്നാണ് പുതിയ പ്രസ്രാവം നടത്തേണ്ടത് അങ്ങനെയുള്ള ഭൂമിയിലോ പരിസരങ്ങളിലോ നിന്നുള്ള മലിനജലത്തിന്റെ സ്വഭാവവും ഘടനയും താപനിലയും, പ്രസ്രാവത്തിന്റെ വ്യാപ്തമോ വേഗതയോ അതും സംബന്ധിച്ച വ്യവസ്ഥകൾക്കും, വിധേയമായി നൽകാവുന്നതും, ചുമത്തിയിട്ടുള്ള അങ്ങനെയുള്ള ഏതെങ്കിലും വ്യവസ്ഥകൾ നിർഗ്ഗമനമാർഗ്ഗം ഉപയോഗിക്കുന്നതോ അല്ലെങ്കിൽ മുൻപറഞ്ഞ ഭൂമിയിലോ പരിസരങ്ങളിലോ നിന്നുള്ള മലിനജലം ഒഴുക്കിക്കളയുന്നതോ ആയ ഏതെങ്കിലും ആൾക്ക് ബാധകമായിരിക്കുന്നതുമാണ്.

(5) സ്റേററ് ബോർഡിന്റെ സമ്മതം കൂടാതെ അരുവിയിലോ കിണററിലോ ഓടയിലോ നിലത്തിലോ ഓടവെള്ളമോ വ്യാപാരമാലിന്യമോ നീക്കംചെയ്യുന്നതിന് പുതിയതോ വ്യത്യാസപ്പെടുത്തിയതോ ആയ നിർഗ്ഗമനമാർഗ്ഗം ഉപയോഗത്തിൽ കൊണ്ടുവരികയോ അല്ലെങ്കിൽ ഓടവെള്ളത്തിന്റെയോ വ്യാപാരമാലിന്യത്തിന്റെയോ ഒരു പുതിയ പ്രസ്രാവം ഉണ്ടാക്കുകയോ ചെയ്യുന്നിടത്ത് സ്റേററു ബോർഡിന്, അതതു സംഗതിപോലെ, നിർഗ്ഗമനമാർഗ്ഗം ഉപയോഗിക്കുകയോ പ്രസ്രാവം ഉണ്ടാക്കുകയോ ചെയ്യുന്ന ആൾക്ക് അങ്ങനെയുള്ള നിർഗ്ഗമനമാർഗ്ഗമോ പ്രസ്രാവമോ സംബന്ധിച്ചുള്ള ബോർഡിന്റെ സമ്മതത്തിനുള്ള ഒരു അപേക്ഷയിൽ അതു ചുമത്തുമായിരുന്ന ഏതെങ്കിലും നിബന്ധനകൾ ചുമത്തിക്കൊണ്ടുള്ള ഒരു നോട്ടീസ് നടത്താവുന്നതാണ്".

(6) ഓരോ സ്റേററ് ബോർഡും ഈ വകുപ്പിൻകീഴിൽ നിർഗ്ഗമന മാർഗ്ഗങ്ങൾ സംബന്ധിച്ചോ അതിന്റെ അധികാരിതയിലുള്ള ഭൂമിയിലോ പരിസരങ്ങളിലോ നിന്നുള്ള മാലിന്യങ്ങൾ സംബന്ധിച്ചോ ചുമത്തിയിട്ടുള്ളതും തത്സമയം പ്രാബല്യത്തിലുള്ളതുമായ നിബന്ധനകളുടെ (ഒരു നിർഗ്ഗമന മാർഗ്ഗം ഉപയോഗത്തിൽ കൊണ്ടുവരികയോ അല്ലെങ്കിൽ ഒരു പുതിയ പ്രസ്രാവം ഉണ്ടാക്കുകയോ ചെയ്യുന്നതിനു മുൻപ് നിർവ്വഹിക്കേണ്ട നിബന്ധനകൾ അല്ലാത്ത) വ്യവസ്ഥകളുടെ അങ്ങനെയുള്ള വിവരങ്ങളടങ്ങിയ ഒരു രജിസ്ററർ സൂക്ഷിക്കേണ്ടതും, ഏതെങ്കിലും നിർഗ്ഗമന മാർഗ്ഗത്തെയോ അങ്ങനെയുള്ള ഭൂമിയിലോ പരിസരങ്ങളിലോ നിന്നുള്ള ഏതെങ്കിലും മാലിന്യത്തേയോ സംബന്ധിച്ച് ആ രജിസ്ററിൽ ഉള്ള അത്രയും ഭാഗം ന്യായമായ എല്ലാ സമയങ്ങളിലും, അതതു സംഗതിപോലെ, നിർഗ്ഗമന മാർഗ്ഗത്തിലോ, അല്ലെങ്കിൽ ഭൂമിയിലോ പരിസരങ്ങളിലോ താൽപര്യമുള്ളതോ അല്ലെങ്കിൽ അവ ബാധകമായി വരുന്നതോ ആയ ഏതെങ്കിലും ആളോ അല്ലെങ്കിൽ അയാൾ ഇതിനുവേണ്ടി അധികാരപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ആളോ പരിശോധിക്കുന്നതിന് വച്ചിരിക്കേണ്ടതും അങ്ങനെയുള്ള രജിസ്ററിൽ അപ്രകാരം അടങ്ങിയിട്ടുള്ള നിബന്ധനകൾ അങ്ങനെയുള്ള നിബന്ധനകൾക്കു വിധേയമായിട്ടാണ് സമ്മതം നൽകിയിട്ടുള്ളത് എന്നതിന് നിശ്ചായക തെളിവ് ആയിരിക്കുന്നതും ആണ്.

(7) (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള സമ്മതം നേരത്തേ കൊടുക്കുകയോ നിരസിക്കുകയോ ചെയ്യാത്തപക്ഷം, ഇതിനുവേണ്ടി എല്ലാ കാര്യങ്ങളിലും പൂർണ്ണമായ ഒരപേക്ഷ സ്റേററ് ബോർഡിന് സമർപ്പിച്ച് നാല് മാസക്കാലം കഴിഞ്ഞതിൻമേൽ നിരുപാധികം നൽകിയിട്ടുള്ളതായി കരുതപ്പെടേണ്ടതാണ്.

(8) ഈ വകുപ്പിന്റെയും 27-ം 30-ം വകുപ്പുകളുടെയും ആവശ്യങ്ങൾക്ക്,—

(ക) ‘‘പുതിയതോ വ്യത്യാസപ്പെടുത്തിയതോ ആയ നിർഗ്ഗമനമാർഗ്ഗം’’ എന്ന പദപ്രയോഗത്തിന് ഈ ആക്ററിന്റെ ആരംഭത്തിലോ അതിനുശേഷമോ പൂർണ്ണമായോ ഭാഗികമായോ നിർമ്മിച്ചിട്ടുള്ളതോ അല്ലെങ്കിൽ (അപ്രകാരം നിർമ്മിച്ചതായാലും അല്ലെങ്കിലും) അങ്ങനെയുള്ള ആരംഭത്തിനുശേഷം സാരമായി വ്യത്യാസപ്പെടുത്തിയതോ ആയ ഏതെങ്കിലും നിർഗ്ഗമനമാർഗ്ഗം എന്ന് അർത്ഥമാകുന്നു.

(ഖ) ‘‘പുതിയ പ്രസ്രാവം’’ എന്ന പദത്തിന്, മലിനജലത്തിന്റെ സ്വഭാവവും, ഘടനയും, താപനിലയും, വ്യാപ്തവും ഡിസ്ചാർജിന്റെ വേഗതയും സംബന്ധിച്ചിടത്തോളം കഴിഞ്ഞുപോയ പന്ത്രണ്ടു മാസങ്ങൾക്കുള്ളിൽ (അതേ നിർഗ്ഗമന മാർഗ്ഗത്തിലൂടെയോ അല്ലെങ്കിൽ മറെറാരു നിർഗ്ഗമനമാർഗ്ഗത്തിലൂടെയോ ആയാലും) ഉണ്ടായിട്ടുള്ള ഒരു പ്രസ്രാവത്തിന്റെ കാര്യമായ തുടർച്ചയല്ലാത്ത ഒരു പ്രസ്രാവം എന്നർത്ഥമാകുന്നതും, അപ്രകാരം ആയിരുന്നാലും, മുൻപറഞ്ഞപ്രകാരം ഉണ്ടാക്കിയിട്ടുള്ള മററു വസ്തുതകളിൽ പൂർവ്വപ്രസ്രാവത്തിന്റെ തുടർച്ചയായ പ്രസ്രാവം പൂർവ്വപ്രസ്രാവവുമായി താരതമ്യപ്പെടുത്തിയാൽ അതിലെ മലിനജലത്തിന്റെ താപനിലയ്ക്കോ വ്യാപ്തത്തിനോ, പ്രസ്രാവത്തിന്റെ വേഗതയ്ക്കോ എന്തെങ്കിലും കുറവുണ്ടെന്ന കാരണംമൂലം ഒരു പുതിയ പ്രസ്രാവമായി കരുതപ്പെടുന്നതല്ലാത്തതുമാണ്.

നിലവിലിരിക്കുന്ന ഓടവെള്ളത്തിന്റെയോ വ്യാപാരമാലിന്യത്തിന്റെയോ പ്രസ്രാവം സംബന്ധിച്ച വ്യവസ്ഥകൾ.

26. ഈ ആക്റ്റിന്റെ ആരംഭത്തിന് തൊട്ടുമുൻപ് ഏതെങ്കിലും ആൾ ഒരു അരുവിയിലോ കിണററിലോ ഓടയിലോ നിലത്തിലോ ഏതെങ്കിലും ഓടവെള്ളമോ വ്യാപാരമാലിന്യമോ തള്ളിവിട്ടുകൊണ്ടിരുന്നിടത്ത് 25-ാം വകുപ്പിലെ വ്യവസ്ഥകൾ ആകാവുന്നിടത്തോളം, അങ്ങനെയുള്ള ആളെ സംബന്ധിച്ച്, ആ വകുപ്പിൽ പരാമർശിച്ചിട്ടുള്ള ആളെ സംബന്ധിച്ച് അവ ബാധകമാകുന്നതുപോലെ, ആ വകുപ്പിലെ (2)-ാം ഉപവകുപ്പിൻകീഴിൽ സമ്മതത്തിന് നൽകേണ്ട അപേക്ഷ സ്റ്റേറ്റ് ഗവൺമെൻറ് ഔദ്യോഗിക ഗസററിൽ ഇതിലേയ്ക്ക് വിജ്ഞാപനംവഴി വിനിർദ്ദേശിക്കാവുന്ന തീയതിയിലോ ആ തീയതിക്കു മുമ്പോ നൽകേണ്ടതാണെന്നുള്ള ഭേദഗതിക്ക് വിധേയമായി ബാധകമാകുന്നതാണ്.

സ്റ്റേറ്റ്ബോർഡ് സമ്മതം നിരസിക്കുകയോ പിൻവലിക്കുകയോ ചെയ്യുന്നത്.

27. (1) ഒരു സ്റ്റേറ്റ് ബോർഡ് പുതിയതോ വ്യത്യാസപ്പെടുത്തിയതോ ആയ ഒരു നിർഗ്ഗമന മാർഗ്ഗം ഉപയോഗത്തിൽ കൊണ്ടുവരുന്നതിനുള്ള അതിന്റെ സമ്മതം അപ്രകാരം ഉണ്ടാക്കിയിട്ടുള്ള നിർഗ്ഗമന മാർഗ്ഗം മാലിന്യങ്ങളുടെ സാമ്പിളുകൾ എടുക്കാനുള്ള അതിന്റെ അവകാശം പ്രയോഗിക്കാൻ സഹായിക്കത്തക്കവണ്ണം സ്റ്റേറ്റ് ബോർഡ് ചുമത്തിയിട്ടുള്ള ഏതെങ്കിലും നിബന്ധനകൾ അനുസരിച്ച് നിർമ്മിക്കപ്പെടാത്തപക്ഷം, നൽകാൻ പാടുള്ളതല്ല.

(2) ഒരു സ്റ്റേറ്റ് ബോർഡിന് അപ്പോഴപ്പോൾ—

(ക) 25-ാം വകുപ്പിന്റെയോ (ഒരു നിർഗ്ഗമന മാർഗ്ഗം ഉപയോഗത്തിൽ കൊണ്ടുവരുന്നതിനോ ഒരു പുതിയ പ്രസ്രാവം ഉണ്ടാക്കുന്നതിനോ മുൻപ് നിറവേററാനുള്ളതല്ലാത്ത വ്യവസ്ഥ) 26-ാം വകുപ്പിന്റെയോ കീഴിൽ ചുമത്തിയ ഏതെങ്കിലും വ്യവസ്ഥ പുനഃപരിശോധന ചെയ്യാവുന്നതും, അതതുസംഗതിപോലെ, നിർഗ്ഗമന മാർഗ്ഗം ഉപയോഗിക്കുകയോ പ്രസ്രാവം ഉണ്ടാക്കുകയോ ചെയ്യുന്ന ആളുടെമേൽ അങ്ങനെയുള്ള ഏതെങ്കിലും വ്യവസ്ഥയുടെ ന്യായമായ ഏതെങ്കിലും വ്യത്യാസപ്പെടുത്തലോ പിൻവലിക്കലോ ചെയ്തുകൊണ്ടുള്ള ഒരു നോട്ടീസ് നടത്താവുന്നതും ;

(ഖ) 25-ാം വകുപ്പ്, (1)-ാം ഉപവകുപ്പിലോ 26-ാം വകുപ്പിലോ പരാമർശിക്കുന്ന ഏതെങ്കിലും സമ്മതത്തിന്റെ നിരസനമോ ഏതെങ്കിലും ഉപാധി കൂടാതെ അങ്ങനെയുള്ള ഏതെങ്കിലും സമ്മതം നൽകലോ പുനഃപരിശോധന ചെയ്യാവുന്നതും അതിനു യുക്തമെന്നു തോന്നാവുന്ന ഉത്തരവുകൾ പുറപ്പെടുവിക്കാവുന്നതും ;

ആകുന്നു.

(3) 25-ാം വകുപ്പിനോ 26-ാം വകുപ്പിനോ കീഴിൽ ചുമത്തിയിട്ടുള്ള ഏതെങ്കിലും നിബന്ധന (2)-ാം ഉപവകുപ്പിൻ കീഴിൽ ചെയ്തിട്ടുള്ള ഏതെങ്കിലും വ്യത്യാസപ്പെടുത്തലിനു വിധേയമായിരിക്കുന്നതും, ആ ഉപവകുപ്പിൻ കീഴിൽ പിൻവലിക്കപ്പെടുന്നതുവരെ പ്രാബല്യത്തിൽ തുടരുന്നതും ആണ്.

അപ്പീലുകൾ.

28 (1) 25-ാം വകുപ്പിനോ 26-ാം വകുപ്പിനോ 27-ാം വകുപ്പിനോ കീഴിൽ സ്റ്റേറ്റ് ബോർഡ് ഉണ്ടാക്കിയിട്ടുള്ള ഒരു ഉത്തരവുമൂലം സങ്കടമുള്ള ഏതെങ്കിലും ആൾക്ക്, ആ ഉത്തരവ് അയാളെ അറിയിച്ച തീയതി മുതൽ മുപ്പതു ദിവസത്തിനുള്ളിൽ, സംവിധാനം ചെയ്യുന്നത് യുക്തമെന്ന് സ്റ്റേറ്റ് ഗവൺമെൻറ് കരുതാവുന്ന അധികാരസ്ഥാനത്തിന് (ഇതിനുശേഷം അപ്പീൽ അധികാരസ്ഥാനം എന്ന് പരാമർശിക്കപ്പെടുന്ന) ഒരു അപ്പീൽ ബോധിപ്പിക്കാവുന്നതാണ് :

എന്നാൽ അപ്പീൽ അധികാരസ്ഥാനത്തിന്, മേൽ പറഞ്ഞ മുപ്പത് ദിവസക്കാലത്തിനുശേഷവും, അപ്പീൽവാദി അപ്പീൽ തക്കസമയത്ത് ബോധിപ്പിക്കാതിരുന്നതിന് മതിയായ കാരണം ഉണ്ടെന്ന് ബോദ്ധ്യമാകുന്നപക്ഷം, അപ്പീൽ സ്വീകരിക്കാവുന്നതാണ്.

(2) ഒരു അപ്പീൽ അധികാരസ്ഥാനം, സ്റ്റേറ്റ് ഗവൺമെൻറിന് യുക്തമെന്നു തോന്നാവുന്നപ്രകാരം, ആ ഗവൺമെൻറു നിയമിക്കുന്ന ഒരാളോ അല്ലെങ്കിൽ മൂന്ന് ആളുകളോ അടങ്ങിയതായിരിക്കുന്നതാണ്.

(3) (1)-ാം ഉപവകപ്പിൻ കീഴിൽ ഒരു അപ്പീൽ ബോധിപ്പിക്കാനുള്ള ഫാറവും രീതിയും അങ്ങനെയുള്ള അപ്പീലിന് കൊടുക്കാനുള്ള ഫീസും അപ്പീൽ അധികാരസ്ഥാനം അനുവർത്തിക്കേണ്ട നടപടിക്രമവും നിർണ്ണയിക്കപ്പെടാവുന്ന വിധത്തിൽ ആയിരിക്കുന്നതാണ്.

(4) (1)-ാം ഉപവകുപ്പിൻ കീഴിൽ ബോധിപ്പിച്ചിട്ടുള്ള ഒരു അപ്പീൽ സ്വീകരിക്കുന്നതിൻമേൽ അപ്പീൽ അധികാരസ്ഥാനം അപ്പീൽ വാദിക്കും സ്റ്റേറ്റ് ബോർഡിനും പറയാനുള്ളത് പറയാൻ ഒരു അവസരം നൽകിയതിനുശേഷം, അപ്പീൽ കഴിയുന്നത്ര വേഗത്തിൽ തീർച്ച ചെയ്യേണ്ടതാണ്.

(5) ചുമത്തിയിട്ടുള്ള ഏതെങ്കിലും നിബന്ധനയോ അല്ലെങ്കിൽ, അതതു സംഗതിപോലെ, ഏതെങ്കിലും നിബന്ധനയുടെ വ്യത്യാസപ്പെടുത്തലോ, ന്യായമായതല്ലെന്ന് അപ്പീൽ അധികാരസ്ഥാനം തീർച്ചപ്പെടുത്തുന്നപക്ഷം,—

(ക) അപ്പീൽ, ചുമത്തിയിട്ടുള്ള ഏതെങ്കിലും നിബന്ധനയുടെ ന്യായമില്ലായ്മ സംബന്ധിച്ചായിരിക്കുന്നിടത്ത് അങ്ങനെയുള്ള അധികാരസ്ഥാനത്തിന് ഒന്നുകിൽ നിബന്ധന ഇല്ലാതാക്കിയതായി കരുതപ്പെടണമെന്നോ അല്ലെങ്കിൽ അതിനു പകരം അതിന് ന്യായമാണെന്ന് തോന്നുന്ന നിബന്ധന ചേർക്കണമെന്നോ നിദേശിക്കാവുന്നതും ;

(ഖ) അപ്പീൽ, ഏതെങ്കിലും നിബന്ധനയുടെ വ്യത്യാസപ്പെടുത്തലിൻെറ ന്യായമില്ലായ്മ സംബന്ധിച്ചായിരിക്കുന്നിടത്ത്, അങ്ങനെയുള്ള അധികാരസ്ഥാനത്തിന്, ഒന്നുകിൽ ആ നിബന്ധന വ്യത്യാസമില്ലാതെ പ്രാബല്യത്തിൽ തുടരുന്നതായി കരുതപ്പെടണമെന്നോ അല്ലെങ്കിൽ ന്യായമെന്ന് അതിന് തോന്നുന്ന രീതിയിൽ അത് വ്യത്യാസപ്പെടുത്തണമെന്നോ നിദേശിക്കാവുന്നതുമാണ്.

**റിവിഷൻ**

29. (1) സ്റേററ് ഗവൺമെൻറിന് ഏതെങ്കിലും സമയത്ത് ഒന്നുകിൽ സ്വമേധയാ, അല്ലെങ്കിൽ ഇതിനുവേണ്ടി സമർപ്പിച്ചിട്ടുള്ള ഒരപേക്ഷയിൻമേൽ 25-ാം വകുപ്പിനോ, 26-ാംവകുപ്പിനോ 27-ാംവകുപ്പിനോ കീഴിൽ സ്റേററ് ബോർഡ് ഒരുത്തരവ് ഉണ്ടാക്കിയിട്ടുള്ളിടത്ത്, ഏതെങ്കിലും കേസിൻെറ റിക്കാർഡുകൾ, അങ്ങനെയുള്ള ഏതെങ്കിലും ഉത്തരവിൻെറ നിയമസാധുതയോ ഔചിത്യമോ സംബന്ധിച്ച് അതിന് സ്വയം ബോദ്ധ്യപ്പെടുന്നതിനുവേണ്ടി ആവശ്യപ്പെടാവുന്നതും, അതു സംബന്ധിച്ച് അതു യുക്തമെന്നു കരുതാവുന്ന ഉത്തരവ് പാസ്സാക്കാവുന്നതുമാണ്:

എന്നാൽ സ്റേററ് ഗവൺമെൻറിന് ഈ ഉപവകുപ്പിൻകീഴിൽ യാതൊരുത്തരവും സ്റേററ് ബോർഡിനും അങ്ങനെയുള്ള ഉത്തരവ് ബാധകമാകാവുന്ന ആൾക്കും ആ വിഷയം സംബന്ധിച്ച് പറയാനുള്ളതു പറയുവാൻ ന്യായമായ അവസരം നൽകാതെ പാസ്സാക്കാൻ പാടുള്ളതല്ല.

(2) സ്റേററ് ഗവൺമെൻറ് 25-ാം വകുപ്പിനോ 26-ാം വകുപ്പിനോ 27-ാം വകുപ്പിനോ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ഏതെങ്കിലും ഉത്തരവ് ആ ഉത്തരവിനെതിരായി അപ്പീൽ അധികാരസ്ഥാനത്തിന് അപ്പീൽ ബോധിപ്പിക്കാമെന്നിരിക്കുകയും എന്നാൽ ബോധിപ്പിച്ചിട്ടില്ലാതിരിക്കുകയുമോ അല്ലെങ്കിൽ അപ്പീൽ ബോധിപ്പിച്ചിട്ടുള്ളപക്ഷം അങ്ങനെയുള്ള അപ്പീൽ അധികാരസ്ഥാനത്തിനു മുൻപാകെ നിലവിലിരിക്കുകയോ ചെയ്യുന്നിടത്ത്, റിവൈസ് ചെയ്യാൻ പാടില്ലാത്തതാണ്.

**സ്റേററ് ബോർഡിന് ചില ജോലികൾ നടത്തുന്നതിനുള്ള അധികാരം**

30. (1) ഈ ആക്ററിൻ കീഴിൽ ഓടവെള്ളമോ വ്യാപാര മാലിന്യമോ അരുവി
യിലോ കിണററിലോ തള്ളിവിടുന്നതിന് ഏതെങ്കിലും പുതിയതോ വ്യത്യാസപ്പെടു
ത്തിയതോ ആയ നിർഗ്ഗമന മാർഗ്ഗം ഉപയോഗത്തിൽ കൊണ്ടുവരുന്നതിനോ അല്ലെ
ങ്കിൽ ഒരു അരുവിയിലോ കിണററിലോ, ഓട വെള്ളമോ വ്യാപാര മാലിന്യമോ
പുതുതായി തള്ളിവിടുന്നതിനോ ഏതെങ്കിലും ആളുടെ മേലോ അല്ലെങ്കിൽ ഈ
ആക്ററിൻെറ ആരംഭത്തിന് തൊട്ടുമുൻപ് അരുവിയിലോ കിണററിലോ ഏതെ
ങ്കിലും ഓടവെള്ളമോ വ്യാപാരമാലിന്യമോ തള്ളിവിട്ടുകൊണ്ടിരുന്ന ഏതെങ്കിലും
ആളുടെ മേലോ ഏതെങ്കിലും നിബന്ധനകൾ ചുമത്തുകയും അങ്ങനെയുള്ള
ആൾ അതിനോട് ബന്ധപ്പെട്ട ഏതെങ്കിലും ജോലി നടത്താൻ ആവശ്യപ്പെടുകയും
അങ്ങനെയുള്ള ജോലി ഇതിനുവേണ്ടി വിനിർദ്ദേശിക്കാവുന്ന സമയത്തിനുള്ളിൽ
നടത്താതിരിക്കുകയും ചെയ്യുന്നിടത്ത്, സ്റേററ് ബോർഡിന് ബന്ധപ്പെട്ട
ആളുടെ മേൽ ഒര് നോട്ടീസ്, നോട്ടീസിൽ വിനിർദ്ദേശിക്കാവുന്ന (മുപ്പതു ദിവ
സത്തിനുള്ളിൽ കുറയാത്ത) സമയത്തിനുള്ളിൽ അതിൽ വിനിർദ്ദേശിച്ചിട്ടുള്ള
ജോലി നടത്താനാവശ്യപ്പെട്ടുകൊണ്ട് നടത്താവുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള നോട്ടീസിൽ ആവശ്യപ്പെട്ടിട്ടുള്ള
ജോലി നടത്തുന്നതിൽ ബന്ധപ്പെട്ട ആൾ വീഴ്ച വരുത്തുന്നപക്ഷം, മേൽപറഞ്ഞ
നോട്ടീസിൽ വിനിർദ്ദേശിച്ചിട്ടുള്ള കാലാവധി അവസാനിച്ചതിനുശേഷം, സ്റേററ്
ബോർഡിന് അങ്ങനെയുള്ള ജോലി സ്വയം നടത്തുകയോ നടത്തിക്കുകയോ ചെയ്യാ
വുന്നതാണ്.

(3) സ്റേററ് ബോർഡിന്, മുൻപറഞ്ഞ ജോലി നടത്തുന്നതിന് നേരിടുന്ന
എല്ലാ ചെലവുകളും സ്റേററ് ഗവൺമെൻറ് ഉത്തരവുമൂലം നിജപ്പെടുത്താവുന്ന
നിരക്കിൽ ചെലവുകൾ ആവശ്യപ്പെടുന്ന തീയതി മുതൽ അത് കൊടുക്കുന്നതുവരെ
യുള്ള പലിശയോടുകൂടി ബോർഡിന് ബന്ധപ്പെട്ട ആളിൽനിന്ന് ഭൂനികുതി
യുടേയോ സർക്കാരിന് ചെല്ലേണ്ട സംഖ്യയുടേയോ കുടിശ്ശിക എന്നപോലെ വസൂ
ലാക്കാവുന്നതാണ്.

**സ്റേററ് ബോർഡിനും മററ് ഏജൻസികൾക്കും ചില സംഗതികളിൽ വിവരം നൽകുന്നത്.**

31. (1) ഏതെങ്കിലും വ്യവസായമോ വ്യാപാരമോ, നടത്തുന്ന ഏതെങ്കിലും
സ്ഥലത്ത്, യാദൃച്ഛിക സംഭവമോ മുൻകൂട്ടി കാണാൻ കഴിയാത്ത മററു പ്രവൃ
ത്തിയോ അല്ലെങ്കിൽ സംഭവമോ മൂലം ഏതെങ്കിലും വിഷമയമോ, ഹാനികരമോ,
മലിനമാക്കുന്നതോ ആയ പദാർത്ഥം, ഒരു അരുവിയിലോ, കിണററിലോ തള്ളി
വിട്ടുകൊണ്ടിരിക്കുകയോ തള്ളിവിടാൻ ഇടയുണ്ടായിരിക്കുകയോ ചെയ്യുകയും
അങ്ങനെയുള്ള തള്ളി വിടലിൻെറ ഫലമായി അങ്ങനെയുള്ള അരുവിയിലേയോ കിണ
ററിലേയോ ജലം മലിനമായിക്കൊണ്ടിരിക്കുകയോ മലിനമാകാൻ ഇടയുണ്ടായിരിക്കുക
യോ ചെയ്യുകയും ചെയ്യുന്നപക്ഷം, അങ്ങനെയുള്ള സ്ഥലത്തിൻെറ ചാർജ് വഹി
ക്കുന്ന ആൾ അങ്ങനെയുള്ള യാദൃച്ഛാസംഭവമോ, പ്രവൃത്തിയോ, സംഭവമോ നട
ക്കുന്ന വിവരം ഉടൻതന്നെ സ്റേററ് ബോർഡിനേയും നിർണ്ണയിക്കപ്പെടാവുന്ന മററ്
അധികാര സ്ഥാനങ്ങളേയും അല്ലെങ്കിൽ ഏജൻസികളേയും അറിയിക്കേണ്ടതാണ്.

(2) ഏതെങ്കിലും തദ്ദേശാധികാരസ്ഥാനം ഏതെങ്കിലും ഓട ശുചീകരണ
പദ്ധതിയോ ഓവുചാൽ പണികളോ നടത്തുന്നിടത്ത്, അങ്ങനെയുള്ള അധികാര
സ്ഥാനത്തിന്, (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ, ഏതെങ്കിലും വ്യവസായമോ
വ്യാപാരമോ നടത്തിക്കൊണ്ടുപോകുന്ന സ്ഥലത്തിൻെറ ചാർജ് വഹിക്കുന്ന ആളെ
സംബന്ധിച്ച് അവ ബാധകമാകുന്നതുപോലെ, ബാധകമാകുന്നതാണ്,

**അരുവിയോ കിണറോ മലിനമാക്കുന്ന സംഗതിയിലുള്ള അടിയന്തിര നടപടികൾ.**

32. (1) സ്റേറററ് ബോർഡിന്, ഏതെങ്കിലും വിഷമയമോ, വിനാശകരമോ മലിനമാക്കുന്നതോ ആയ പദാർത്ഥം ഏതെങ്കിലും അരുവിയിലോ കിണററിലോ ഉണ്ടെന്നോ അല്ലെങ്കിൽ ആ അരുവിയിലോ കിണററിലോ ഏതെങ്കിലും യദൃച്ഛാ സംഭവമോ മുൻകൂട്ടി കാണാൻ കഴിയാത്ത മററു പ്രവൃത്തിയോ, സംഭവമോ മൂലം പതിച്ചുവെന്നോ തോന്നുകയും ബോർഡിന് സത്വര നടപടി എടുക്കേണ്ടതാവശ്യകമോ സമീചീനമോ ആണെന്ന് അഭിപ്രായമുണ്ടായിരിക്കുകയും ചെയ്യുന്നിടത്ത് അതിന് കാരണങ്ങൾ രേഖപ്പെടുത്തിക്കൊണ്ട് താഴെ പറയുന്ന എല്ലാമോ ഏതെങ്കിലുമോ ആവശ്യങ്ങൾക്ക് ആവശ്യകമെന്നു അതു കരുതാവുന്ന പ്രവർത്തനങ്ങൾ നടത്താവുന്നതാണ്, അതായത് :—

(ക) അരുവിയിലോ കിണററിലോ നിന്ന് ആ പദാർത്ഥം മാററുകയും ബോർഡ് ഉചിതമെന്നു കരുതുന്ന രീതിയിൽ അത് നീക്കം ചെയ്യുകയും ചെയ്യുക ;

(ഖ) അരുവിയിലോ കിണററിലോ അതിൻെറ സാന്നിദ്ധ്യംമൂലം ഉണ്ടായ ഏതെങ്കിലും മാലിന്യം അകററുകയോ ലഘൂകരിക്കുകയോ ചെയ്യുക ;

(ഗ) ബന്ധപ്പെട്ട ആളെ, അരുവിയിലോ കിണററിലോ വിഷമയമോ ഹാനികരമോ മലിനമാക്കുന്നതോ ആയ പദാർത്ഥം ഇടുന്നതിൽനിന്നോ, അല്ലെങ്കിൽ അരുവിയോ കിണറോ അനാരോഗ്യകരമായ രീതിയിൽ ഉപയോഗിക്കുന്നതിൽ നിന്നോ ഉടനെ നിയന്ത്രിക്കുന്നതോ നിരോധിക്കുന്നതോ ആയ ഉത്തരവുകൾ പുറപ്പെടുവിക്കുക,

(2) (1)-ാം ഉപവകുപ്പു നൽകിയിട്ടുള്ള അധികാരത്തിൽ, പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതോടുകൂടിയോ അതിനുമുമ്പോ മാററുന്നതായ താൽക്കാലിക എടുപ്പുകളല്ലാത്ത ഏതെങ്കിലും എടുപ്പുകൾ നിർമ്മിക്കുന്നതിനുള്ള അധികാരം ഉൾപ്പെടുന്നതല്ല.

**ബോർഡിന്, അരുവികളിലെയോ കിണറുകളിലേയോ ജലം മലിനമാക്കുമെന്നു ആശങ്ക ഉള്ളിടത്ത് അതിനെ നിരോധിക്കുന്നതിന് കോടതികളിൽ അപേക്ഷ ബോധിപ്പിക്കുന്നതിനുള്ള അധികാരം.**

33. (1) ബോർഡിന് ഏതെങ്കിലും അരുവിയിലേയോ കിണററിലേയോ ജലം ഏതെങ്കിലും പദാർത്ഥം അതിൽ ഇടുന്നതുമൂലമോ ഏതെങ്കിലും പദാർത്ഥം അതിൽ ഇടാനിടയുള്ളതുകൊണ്ടോ അല്ലെങ്കിൽ മററു വിധത്തിലോ, മലിനമാക്കാനിടയുണ്ടെന്ന് ആശങ്ക ഉള്ളിടത്ത്, ബോർഡിന് ഒരു പ്രസിഡൻസി മജിസ്ട്രേററ് കോടതിയുടേയോ ഒരു ഒന്നാംക്ലാസ് മജിസ്ട്രേററ് കോടതിയുടേയോ താഴെ അല്ലാത്ത ഒരു കോടതിയിൽ, അങ്ങനെ മലിനമാക്കാനിടയുള്ള ആളെ നിരോധിക്കുന്നതിന് അപേക്ഷ സമർപ്പിക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൻ കീഴിൽ ഒരു അപേക്ഷ ലഭിക്കുന്നതിൻമേൽ കോടതിക്ക്, അത് യുക്തമെന്നു കരുതുന്ന ഉത്തരവു പുറപ്പെടുവിക്കാവുന്നതാണ്.

(3) (2)-ാം ഉപവകുപ്പിൻ കീഴിൽ കോടതി ഏതെങ്കിലും ആളെ ഏതെങ്കിലും അരുവിയിലേയോ കിണററിലേയോ ജലം മലിനമാക്കുന്നത് നിരോധിച്ചുകൊണ്ടുള്ള ഒരു ഉത്തരവ് പുറപ്പെടുവിക്കുന്നിടത്തു, അതിന് ആ ഉത്തരവിൽ

(i) അരുവിയിലേയോ കിണററിലെയോ ജലം മലിനമാക്കുന്നതിന് ഇടയാക്കുന്നതോ അല്ലെങ്കിൽ മലിനമാക്കിയതോ ആയ ആളെ മലിനമാക്കാനിടയുള്ള പ്രവൃത്തിയിൽ നിന്ന് പിൻതിരിയുന്നതിനോ അല്ലെങ്കിൽ, അതതു സംഗതിപോലെ, അങ്ങനെയുള്ള പദാർത്ഥം അങ്ങനെയുള്ള അരുവിയിലോ കിണററിലോ നിന്ന് നീക്കം ചെയ്യുന്നതിനോ നിർദ്ദേശിക്കുകയും ;

(ii) (1)-ാം ഖണ്ഡത്തിൻ കീഴിലുള്ള നിദേശം (അങ്ങനെയുള്ള അരുവിയിലോ കിണററിലോ നിന്ന് ഏതെങ്കിലും പദാർത്ഥം നീക്കം ചെയ്യുന്നതിനുള്ള ഒരു നിദേശം) അങ്ങനെയുള്ള നിദേശം നൽകപ്പെട്ട ആൾ അനുസരിക്കാത്തപക്ഷം കോടതി വിനിർദ്ദേശിക്കാവുന്ന രീതിയിൽ ആ പദാർത്ഥം നീക്കം ചെയ്യുകയും കൈയൊഴിക്കുകയും ചെയ്യുന്നതിന് ബോർഡിനെ അധികാരപ്പെടുത്തുകയും ;

ചെയ്യാവുന്നതാണ്.

(4) ബോർഡിന്, (3)-ാം ഉപവകുപ്പു (ii)—ാം ഖണ്ഡത്തിൻകീഴിലുള്ള അധികാരം അനുസരിച്ച് ഏതെങ്കിലും പദാർത്ഥം നീക്കം ചെയ്യുന്നതിനോ അല്ലെങ്കിൽ അങ്ങനെയുള്ള ഏതെങ്കിലും പദാർത്ഥം കൈയൊഴിക്കുന്നതിനോ നേരിടുന്ന എല്ലാ ചെലവുകളും ബോർഡിന് അങ്ങനെ കൈയൊഴിക്കലിൽ നിന്ന് ലഭിച്ചിട്ടുള്ള ഏതെങ്കിലും പണത്തിൽ നിന്ന് വഹിക്കേണ്ടതും ബാക്കി കിട്ടാനുള്ള ഏതെങ്കിലും തുക ബന്ധപ്പെട്ട ആളിൽ നിന്നും ഭൂനികുതിയുടേയോ സർക്കാരിലേക്ക് ചെല്ലേണ്ട സംഖ്യയുടേയോ കുടിശ്ശിക എന്ന വണ്ണം വസൂലാക്കേണ്ടതുമാണ്.

## അദ്ധ്യായം VI

### ഫണ്ടുകളും അക്കൗണ്ടുകളും ആഡിററും

**കേന്ദ്ര ഗവൺമെൻറിനാലുള്ള അംശദാനങ്ങൾ.**

34. കേന്ദ്ര ഗവൺമെൻറിന്, പാർലമെൻറ് ഇതിനുവേണ്ടി ഉണ്ടാക്കിയിട്ടുള്ള നിയമം മൂലം നടത്തുന്ന യഥാവിധിയുള്ള വിനിയോഗത്തിനുശേഷം ഓരോ സാമ്പത്തിക വർഷത്തിലും കേന്ദ്രബോർഡിന് ഈ ആക്ററിൻ കീഴിലുള്ള ബോർഡിൻെറ ചുമതലകൾ നിർവ്വഹിക്കുന്നതിന് ബോർഡിനെ പ്രാപ്തമാക്കുന്നതിനാവശ്യമെന്ന് തോന്നാവുന്ന അംശദാനങ്ങൾ നൽകാവുന്നതാണ്.

35. സ്റ്റേററു ഗവൺമെന്റിന് ഇതിനുവേണ്ടി സ്റ്റേററ് നിയമനിർമ്മാണ മണ്ഡലം നിയമം മൂലം നടത്തുന്ന യഥാവിധിയുള്ള വിനിയോഗത്തിന് ശേഷം ഓരോ സാമ്പത്തിക വർഷത്തിലും സ്റ്റേററ് ബോർഡിന് ഈ ആക്ററിൻ കീഴിലുള്ള ബോർഡിന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിന് ബോർഡിനെ പ്രാപ്തമാക്കുന്നതിന് ആവശ്യമെന്ന് തോന്നാവുന്ന അംശദാനങ്ങൾ നൽകാവുന്നതാണ്. *സ്റ്റേററ് ഗവൺമെന്റിനാലുള്ള അംശദാനങ്ങൾ.*

36. (1) കേന്ദ്രബോർഡിന് അതിന്റെ സ്വന്തം ഫണ്ട് ഉണ്ടായിരിക്കുന്നതും അതതുസമയം കേന്ദ്രഗവൺമെന്റ് അതിന് നൽകാവുന്ന എല്ലാ തുകകളും ആ ബോർഡിന്റെ മറെറല്ലാ വരവുകളും (ദാനങ്ങളായോ ഗ്രാന്റുകളായോ സംഭാവനകളായോ ഗുണാനുഭവങ്ങളായോ ഫീസായോ മററു വിധത്തിലോ) ബോർഡിന്റെ ഫണ്ടിൽ ചേർക്കേണ്ടതും ബോർഡിനാലുള്ള എല്ലാ പണം കൊടുക്കലുകളും അതിൽ നിന്ന് ആയിരിക്കേണ്ടതും ആണ്. *കേന്ദ്രബോർഡിന്റെ ഫണ്ട്.*

(2) കേന്ദ്രബോർഡിന്, ഈ ആക്ററിൻകീഴിലുള്ള അതിന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിനും വായുമലിനീകരണം തടയലോ നിയന്ത്രണമോ ഉപശമിപ്പിക്കലോ സംബന്ധിച്ചു തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമം അങ്ങനെയുള്ള നിയമത്തിൻകീഴിലുള്ള ഏതെങ്കിലും ചുമതല കേന്ദ്ര ബോർഡ് നിർവ്വഹിക്കേണ്ടതായി വ്യവസ്ഥ ചെയ്യുന്നിടത്ത്, അങ്ങനെയുള്ള നിയമത്തിൻകീഴിൽ അതിന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിനുകൂടിയും, യുക്തമെന്നു അതു കരുതുന്ന തുകകൾ ചെലവാക്കാവുന്നതും, അങ്ങനെയുള്ള തുകകൾ ആ ബോർഡിന്റെ ഫണ്ടിൽനിന്ന് കൊടുക്കാനുള്ള ചെലവിനങ്ങളായി കണക്കാക്കേണ്ടതും ആണ്.

37. (1) സ്റ്റേററ് ബോർഡിന് അതിന്റെസ്വന്തം ഫണ്ട്ഉണ്ടായിരിക്കുന്നതും അതതുസമയം സ്റ്റേററു ഗവൺമെന്റ് അതിന് നൽകാവുന്ന തുകകളും ആ ബോർഡിന് മറെറല്ലാ വരവുകളും (ദാനങ്ങളായോ ഗ്രാന്റുകളായോ സംഭാവനകളായോ, ഗുണാനുഭവങ്ങളായോ ഫീസായോ മററു വിധത്തിലോ) ബോർഡിന്റെ ഫണ്ടിൽ ചേർക്കേണ്ടതും ബോർഡിനാലുള്ള എല്ലാ പണം കൊടുക്കലുകളും അതിൽനിന്ന് ആയിരിക്കേണ്ടതുമാണ്. *സ്റ്റേററ് ബോർഡിന്റെ ഫണ്ട്.*

(2) സ്റ്റേററ് ബോർഡിന് ഈ ആക്ററിൻകീഴിലുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിനും വായുമലിനീകരണം തടയലോ നിയന്ത്രണമോ ഉപശമിപ്പിക്കലോ സംബന്ധിച്ച് തത്സമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമം അങ്ങനെയുള്ള നിയമത്തിൻകീഴിലുള്ള ഏതെങ്കിലും ചുമതല സ്റ്റേററ് ബോർഡ് നിർവ്വഹിക്കേണ്ടതായി വ്യവസ്ഥചെയ്യുന്നിടത്ത് അങ്ങനെയുള്ള നിയമത്തിൻകീഴിൽ അതിന്റെ ചുമലതകൾ നിർവ്വഹിക്കുന്നതിനു കൂടിയും യുക്തമെന്നു അതിന് തോന്നുന്ന തുകകൾ ചെലവാക്കാവുന്നതും, അങ്ങനെയുള്ള തുകകൾ ആ ബോർഡിന്റെ ഫണ്ടിൽ നിന്ന് കൊടുക്കാനുള്ള ചെലവിനങ്ങളായി കണക്കാക്കേണ്ടതും ആണ്.

38. കേന്ദ്രബോർഡോ, അതതുസംഗതിപോലെ, സ്റ്റേററ് ബോർഡോ, ഓരോ സാമ്പത്തികവർഷത്തിലും, നിർണ്ണയിക്കപ്പെടാവുന്ന ഫാറത്തിലും സമയത്തും, തൊട്ടടുത്ത സാമ്പത്തികവർഷം സംബന്ധിച്ച് മതിക്കാവുന്ന വരവും ചെലവും കാണിക്കുന്ന ഒരു ബഡ്ജററ് തയ്യാറാക്കേണ്ടതും, അതിന്റെ പകർപ്പുകൾ കേന്ദ്രഗവൺമെന്റിനോ അല്ലെങ്കിൽ അതതുസംഗതിപോലെ, സ്റ്റേററുഗവൺമെന്റിനോ അയയ്ക്കേണ്ടതുമാണ്. *ബഡ്ജററ്.*

39. (1) കേന്ദ്രബോർഡ് ഓരോ സാമ്പത്തികവർഷത്തിലും, നിർണ്ണയിക്കപ്പെടാവുന്ന ഫാറത്തിലും സമയത്തും മുമ്പിലത്തെ സാമ്പത്തികവർഷത്തിലെ അതിന്റെ പ്രവർത്തനങ്ങളുടെ സത്യവും പൂർണ്ണവുമായ ഒരു വിവരണം നൽകുന്ന ഒരു വാർഷിക റിപ്പോർട്ട് തയ്യാറാക്കേണ്ടതും, അതിന്റെ പകർപ്പുകൾ കേന്ദ്രഗവൺമെന്റിന് അയച്ചുകൊടുക്കേണ്ടതും, ആ ഗവൺമെന്റ് അങ്ങനെയുള്ള ഓരോ റിപ്പോർട്ടും ആ ഗവൺമെന്റിന് അത് ലഭിച്ച തീയതിമുതൽ ഒൻപതു മാസത്തിനുള്ളിൽ പാർലമെന്റിന്റെ ഇരുസഭകളുടെ മുമ്പിലും വയ്പ്പിക്കേണ്ടതും ആണ്. *വാർഷിക റിപ്പോർട്ട്.*

(2) സ്റ്റേററ് ബോർഡ്, ഓരോ സാമ്പത്തിക വർഷത്തിലും നിർണ്ണയിക്കപ്പെടാവുന്ന ഫാറത്തിലും അങ്ങനെയുള്ള സമയത്തും മുമ്പിലത്തെ സാമ്പത്തിക വർഷത്തിലുള്ളഅതിന്റെ പ്രവർത്തനങ്ങളുടെസത്യവും പൂർണ്ണവുമായ വിവരണം നൽകുന്ന ഒരു വാർഷിക റിപ്പോർട്ട് തയ്യാറാക്കേണ്ടതും, അതിന്റെ പകർപ്പുകൾ സ്റ്റേററ് ഗവൺമെന്റിനയച്ചുകൊടുക്കേണ്ടതും, ആ ഗവൺമെന്റ് അങ്ങനെയുള്ള ഓരോ റിപ്പോർട്ടും അത് ആ ഗവൺമെന്റിന് ലഭിച്ച തീയതി മുതൽ ആറുമാസക്കാലത്തിനുള്ളിൽ സ്റ്റേററ് നിയമസഭയുടെ മുമ്പിൽ വയ്പിക്കേണ്ടതും ആണ്.

40. (1) ഓരോ ബോർഡും ഉചിതമായ അക്കൗണ്ടുകളും പ്രസക്തമായ മററു റിക്കാർഡുകളും സൂക്ഷിക്കേണ്ടതും കേന്ദ്രഗവൺമെന്റോ, അല്ലെങ്കിൽ, അതതുസംഗതിപോലെ, സ്റ്റേററുഗവൺമെന്റോ, നിർണ്ണയിക്കാവുന്ന ഫാറത്തിൽ അക്കൗണ്ടുകളുടെ ഒരു വാർഷിക സ്റ്റേററുമെന്റ് തയ്യാറാക്കേണ്ടതും ആണ്. *അക്കൗണ്ടുകളും ആഡിററും.*

(2) ബോർഡിന്റെ കണക്കുകൾ കമ്പനികൾ ആക്ററ്, 1956 226-ാം വകുപ്പിൻകീഴിൽ കമ്പനികളുടെ ആഡിററായി പ്രവർത്തിക്കാൻതക്ക യോഗ്യതയുള്ള ഒരു ആഡിററർ ആഡിററു ചെയ്യേണ്ടതാണ്. *1956-ലെ 1*

(3) മേൽപറഞ്ഞ ആഡിററെ കേന്ദ്രഗവൺമെന്റോ അല്ലെങ്കിൽ, അതതുസംഗതിപോലെ സ്റ്റേററ് ഗവൺമെന്റോ, ഇൻഡ്യൻ കംട്രോളർ ആൻറ് ആഡിററർ ജനറലിന്റെ ഉപദേശപ്രകാരം നിയമിക്കേണ്ടതാണ്.

(4) ഈ ആക്ററിൻകീഴിൽ ബോർഡിന്റെ കണക്കുകൾ ആഡിററ് ചെയ്യുന്നതിന് നിയമിക്കപ്പെട്ടിട്ടുള്ള ഓരോ ആഡിററർക്കും ബുക്കുകളും, അക്കൗണ്ടുകളും, ബന്ധപ്പെട്ട വൗച്ചറുകളും മററ് രേഖകളും കടലാസുകളും ഹാജരാക്കുന്നതിനാവശ്യപ്പെടാനും ബോർഡിന്റെ ഏത് ആഫീസും പരിശോധിക്കാനും ഉള്ള അവകാശം ഉണ്ടായിരിക്കുന്നതാണ്.

(5) അങ്ങനെയുള്ള ഓരോ ആഡിറററും അയാളുടെ റിപ്പോർട്ടിന്റെ ഒരു പകർപ്പ് അക്കൗണ്ടുകളുടെ ആഡിററ് ചെയ്യപ്പെട്ട ഒരു പകർപ്പോടുകൂടി കേന്ദ്രഗവൺമെൻറിനോ അല്ലെങ്കിൽ, അതതുസംഗതിപോലെ, സ്റേററ് ഗവൺമെൻറിനോ അയയ്ക്കേണ്ടതാണ്.

(6) കേന്ദ്രഗവൺമെൻറ് (5)-ാം ഉപവകുപ്പിൻ കീഴിലുള്ള ആഡിററ് റിപ്പോർട്ട് ലഭിച്ചതിനുശേഷം, ആവുന്നത്ര വേഗത്തിൽ അത് പാർലമെൻറിന്റെ ഇരുസഭകളുടെ മുമ്പിലും വയ്പിക്കേണ്ടതാണ്.

(7) സ്റേററ് ഗവൺമെൻറ് (5)-ാം ഉപവകുപ്പിൻ കീഴിലുള്ള ആഡിററ് റിപ്പോർട്ട് ലഭിച്ചതിനുശേഷം, ആവുന്നത്ര വേഗത്തിൽ അത് സ്റേററ് നിയമനിർമ്മാണമണ്ഡലത്തിന്റെ മുമ്പാകെ വയ്പിക്കേണ്ടതാണ്.

## അദ്ധ്യായം VII

## ദണ്ഡനങ്ങളും നടപടിക്രമവും

20-ാം വകുപ്പ്, (2)-ാം ഉപവകുപ്പിനോ (3)-ാം ഉപവകുപ്പിനോ കീഴിലുള്ള നിദേശങ്ങളോ 32-ാം വകപ്പ്, (1)-ാം ഉപവകുപ്പ് (ഗ) ഖണ്ഡത്തിൻ കീഴിൽ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളോ അനുസരിക്കുന്നതിൽ വീഴ്ച വരുത്തുന്നത്.

41. (1) 20-ാം വകുപ്പ്, (2)-ാം ഉപവകുപ്പിനോ (3)-ാം ഉപവകുപ്പിനോ കീഴിൽ നൽകിയിട്ടുള്ള ഏതെങ്കിലും നിദേശം, നിദേശത്തിൽ വിനിർദ്ദേശിക്കാവുന്ന സമയത്തിനുള്ളിൽ അനുസരിക്കാൻ വീഴ്ച വരുത്തുകയോ അല്ലെങ്കിൽ 32-ാം വകുപ്പ്, (1)-ാം ഉപവകുപ്പ് (ഗ) ഖണ്ഡത്തിൻകീഴിൽ പുറപ്പെടുവിച്ചിട്ടുള്ള ഏതെങ്കിലും ഉത്തരവുകൾ അനുസരിക്കാതിരിക്കുകയോ ചെയ്യുന്ന ഏതൊരാളേയും, കുററസ്ഥാപനം ചെയ്യുന്നതിൻമേൽ, മൂന്നുമാസത്തോളമാകാവുന്ന കാലത്തെ തടവിനോ അയ്യായിരം രൂപയോളമാകാവുന്ന പിഴയ്ക്കോ അല്ലെങ്കിൽ രണ്ടിനുംകൂടിയോ, ശിക്ഷിക്കാവുന്നതും വീഴ്ച തുടരുന്നപക്ഷം, അങ്ങനെയുള്ള ആദ്യത്തെ വീഴ്ചയ്ക്ക് കുററസ്ഥാപനം ചെയ്തതിനുശേഷം അങ്ങനെ വീഴ്ച തുടരുന്ന ഓരോ ദിവസത്തേക്കും ആയിരം രൂപയോളമാകാവുന്ന കൂടുതൽ പിഴയ്ക്ക് ശിക്ഷിക്കാവുന്നതുമാണ്.

(2) 33-ാം വകുപ്പ്, (2)-ാം ഉപവകുപ്പിൻ കീഴിൽ ഒരു കോടതി പുറപ്പെടുവിച്ചിട്ടുള്ള ഏതെങ്കിലും നിദേശം അനുസരിക്കുന്നതിൽ വീഴ്ചവരുത്തുന്ന ഏതൊരാളെയും, കുററസ്ഥാപനം ചെയ്യുന്നതിൻമേൽ മൂന്നുമാസത്തോളമാകാവുന്ന തടവിനോ അയ്യായിരം രൂപയോളമാകാവുന്ന പിഴയ്ക്കോ അല്ലെങ്കിൽ രണ്ടിനും കൂടിയോ ശിക്ഷിക്കാവുന്നതും വീഴ്ച തുടരുന്നപക്ഷം അങ്ങനെയുള്ള ആദ്യത്തെ വീഴ്ച തുടരുന്ന ഓരോ ദിവസത്തേയ്ക്ക് ആയിരം രൂപയോളമാകാവുന്ന കൂടുതൽ പിഴയ്ക്ക് ശിക്ഷിക്കാവുന്നതുമാണ്.

ചില പ്രവർത്തികൾക്കുള്ള ദണ്ഡനം.

42. (1) ഏതൊരാളാണോ—

(ക) ഭൂമിയിൽ ഉറപ്പിച്ചിട്ടുള്ള ഏതെങ്കിലും തൂണോ, പോസ്റേറാ കുററിയോ അല്ലെങ്കിൽ ബോർഡിന്റെ അധികാരിത മൂലമോ അതിൻകീഴിലോ വച്ചിട്ടുള്ളതോ, ലേഖനം ചെയ്തിട്ടുള്ളതോ അല്ലെങ്കിൽ സ്ഥാപിച്ചിട്ടുള്ളതോ ആയ ഏതെങ്കിലും നോട്ടീസോ മററു സാധനമോ നശിപ്പിക്കുകയോ, മറിച്ചിടുകയോ, മാററുകയോ, കേടുവരുത്തുകയോ അല്ലെങ്കിൽ വികൃതമാക്കുകയോ ചെയ്യുകയോ, അല്ലെങ്കിൽ

(ഖ) ബോർഡിന്റെ ഉത്തരവുകൾക്കോ നിദേശങ്ങൾക്കോ കീഴിൽ പ്രവർത്തിക്കുന്ന ഏതെങ്കിലും ആളെ ഈ ആക്ററിൻകീഴിലുള്ള അയാളുടെ അധികാരങ്ങൾ പ്രയോഗിക്കുന്നതും അയാളുടെ ചുമതലകൾ നിർവ്വഹിക്കുന്നതും തടസ്സപ്പെടുത്തുകയോ, അല്ലെങ്കിൽ

(ഗ) ബോർഡിന്റെ ഉടമസ്ഥതയിലുള്ള ഏതെങ്കിലും പണികളോ വസ്തുവകകളോ നഷ്ടപ്പെടുത്തുകയോ, അല്ലെങ്കിൽ

(ഘ) ബോർഡിന്റെ ഏതെങ്കിലും ഉദ്യോഗസ്ഥനോ മററു ജീവനക്കാരനോ, ഈ ആക്ററിന്റെ ആവശ്യത്തിലേയ്ക്കു അയാൾ ആവശ്യപ്പെടുന്ന ഏതെങ്കിലും വിവരം നൽകുന്നതിൽ വീഴ്ച വരുത്തുകയോ, അല്ലെങ്കിൽ

(ങ) 31-ാം വകുപ്പിൻകീഴിൽ, ഏതെങ്കിലും യദൃച്ഛാ സംഭവമോ, അപ്രതീക്ഷിതമായ മററു പ്രവൃത്തിയോ സംഭവമോ നടന്നതായി ബോർഡിനേയും, ആ വകുപ്പ് ആവശ്യപ്പെട്ടിട്ടുള്ളതുപോലെ മററ് അധികാരസ്ഥാനങ്ങളേയോ അല്ലെങ്കിൽ ഏജൻസികളേയോ അവയേയും അറിയിക്കുന്നതിൽ വീഴ്ചവരുത്തുകയോ, അല്ലെങ്കിൽ

(ച) ഈ ആക്ററിൻകീഴിൽ നൽകാൻ അയാൾ ചുമതലപ്പെട്ടിട്ടുള്ള ഏതെങ്കിലും വിവരം നൽകുന്നതിൽ അറിഞ്ഞുകൊണ്ടോ മന:പൂർവ്വമായോ സാരവത്തായ ഏതെങ്കിലും വസ്തുതയിൽ വ്യാജമായ പ്രസ്താവന നൽകുകയോ, അല്ലെങ്കിൽ

(ഛ) 25-ാം വകുപ്പിനോ 26-ാം വകുപ്പിനോ കീഴിൽ ഏതെങ്കിലും സമ്മതം നേടുന്ന ആവശ്യത്തിലേയ്ക്ക് അറിഞ്ഞുകൊണ്ടോ മന:പൂർവ്വമായോ ഏതെങ്കിലും സാരവത്തായ വസ്തുത സംബന്ധിച്ച് വ്യാജമായ പ്രസ്താവന നൽകുകയോ, ചെയ്യുന്നത്, അങ്ങനെയുള്ള ആളെ മൂന്നുമാസത്തോളമാകാവുന്ന കാലത്തെ തടവിനോ ആയിരം രൂപയോളമാകാവുന്ന പിഴയ്ക്കോ അല്ലെങ്കിൽ രണ്ടിനും കൂടിയോ ശിക്ഷിക്കാവുന്നതാണ്.

(2) 25-ാം വകുപ്പിലേയോ 26-ാം വകുപ്പിലേയോ വ്യവസ്ഥകളനുസരിച്ചുള്ള ഒരു സമ്മതം നൽകുന്നതിന് ഒരു മീററിന്റെയോ, ഗേജിന്റെയോ മററ് അളവിന്റെയോ അല്ലെങ്കിൽ ഒരു ഉൽബോധകോപകരണത്തിന്റെയോ ഉപയോഗം ആവശ്യമായിരിക്കുകയും അങ്ങനെയുള്ള ഉപകരണം ആ വ്യവസ്ഥകളുടെ ആവശ്യങ്ങൾക്കായി ഉപയോഗിക്കുകയും ചെയ്യുന്നിടത്ത്, ആ ഉപകരണത്തെ ശരിയായ വിധത്തിൽ ഉൽബോധനം നൽകുകയോ അളവു കാണിക്കുകയോ ചെയ്യുന്നതിൽ തടസ്സപ്പെടുത്തുകയോ ചെയ്യത്തക്കവിധത്തിൽ അറിഞ്ഞുകൊണ്ടോ മന:പൂർവ്വമായോ മാററുകയോ അതിൽ ഇടപെടുകയോ ചെയ്യുന്ന ഏതൊരാളേയും മൂന്നുമാസത്തോളം ആകാവുന്ന കാലത്തെ തടവിനോ ആയിരം രൂപയോളം ആകാവുന്ന പിഴയ്ക്കോ അല്ലെങ്കിൽ രണ്ടിനുംകൂടിയോ ശിക്ഷിക്കാവുന്നതാണ്.

43. 24-ാം വകുപ്പിലെ വ്യവസ്ഥകൾ ലംഘിക്കുന്ന ഏതൊരാളേയും ആറുമാസത്തിൽ കുറയാത്തതും എന്നാൽ ആറുവർഷത്തോളമാകാവുന്നതുമായ കാലത്തെ തടവിനും പിഴയ്ക്കും ശിക്ഷിക്കാവുന്നതാണ്.

24-ാം വകുപ്പിലെ വ്യവസ്ഥകളുടെ ലംഘനത്തിനുള്ള ദണ്ഡനം.

44. 25-ാം വകുപ്പിലേയോ 26-ാം വകുപ്പിലേയോ വ്യവസ്ഥകൾ ലംഘിക്കുന്ന ഏതൊരാളേയും ആറുമാസത്തിൽ കുറയാത്തതും എന്നാൽ ആറുവർഷത്തോളമാകാവുന്നതുമായ തടവിനും പിഴയ്ക്കും ശിക്ഷിക്കാവുന്നതാണ്.

25-ാം വകുപ്പോ 26-ാം വകുപ്പോ ലംഘിക്കുന്നതിനുള്ള ദണ്ഡനം.

45. 24-ാം വകുപ്പിനോ 25-ാം വകുപ്പിനോ 26-ാം വകുപ്പിനോ കീഴിൽ ഏതെങ്കിലും കുററത്തിന് കുററസ്ഥാപനം ചെയ്യപ്പെട്ട ഏതെങ്കിലും ആൾ അതേ വ്യവസ്ഥകളുടെ ലംഘനം ഉൾക്കൊള്ളുന്ന ഒരു കുററത്തിന് വീണ്ടും അപരാധിയാണെന്ന് കാണുന്നപക്ഷം, അയാളെ രണ്ടാമത്തെ കുററസ്ഥാപനത്തിൻമേലും പിന്നീടുള്ള ഓരോ കുററസ്ഥാപനത്തിൻമേലും ഒരു വർഷത്തിൽ കുറയാത്തതും എന്നാൽ ഏഴുവർഷത്തോളമാകാവുന്നതുമായ കാലത്തെ തടവിനും പിഴയ്ക്കും ശിക്ഷിക്കാവുന്നതാണ്:

മുൻ കുററസ്ഥാപനത്തിന് ശേഷം വർദ്ധിപ്പിച്ച ദണ്ഡനം.

എന്നാൽ ഈ വകുപ്പിന്റെ ആവശ്യത്തിലേയ്ക്ക്, ശിക്ഷിക്കപ്പെടുന്നതായ കുററം ചെയ്തതിന് രണ്ടുവർഷത്തിൽ കൂടുതൽ കാലത്തിന് മുമ്പുള്ളതായ ഏതെങ്കിലും കുററസ്ഥാപനം നടപടിയ്ക്കെടുക്കാൻ പാടുള്ളതല്ല.

46. ഈ ആക്ററിൻകീഴിൽ ഒരു കുററത്തിന് കുററസ്ഥാപനം ചെയ്യപ്പെട്ട ഏതെങ്കിലും ആൾ അതിനുശേഷവും അതേ തരത്തിലുള്ള കുററം ചെയ്യുന്നപക്ഷം, രണ്ടാമത്തേയോ പിന്നീട്ടുള്ളതോ ആയ കുററസ്ഥാപനം ഏത് കോടതിയുടെ മുമ്പിലാണോ നടക്കുന്നത് ആ കോടതി കുററക്കാരന്റെ പേരും, താമസസ്ഥലവും, കുററവും ചുമത്തിയിട്ടുള്ള ദണ്ഡനവും, കുററക്കാരന്റെ ചെലവിൽ കോടതി നിർദേശിക്കുന്ന വർത്തമാനപ്പത്രങ്ങളിലോ മററ് രീതിയിലോ പ്രസിദ്ധീകരണത്തിനുള്ള ചെലവുകൾ കുററസ്ഥാപനത്തോടനുബന്ധിച്ചുണ്ടാകുന്ന കോടതിച്ചെലവിന്റെ ഭാഗമായി കരുതേണ്ടതും, പിഴ ഈടാക്കുന്ന രീതിയിൽ അത് വസൂലാക്കേണ്ടതും ആണ്.

കുററക്കാരുടെ പേരുകൾ പ്രസിദ്ധീകരിക്കുന്നത്.

47. (1) ഈ ആക്ററിൻ കീഴിലുള്ള ഒരു കുററം ഒരു കമ്പനി ചെയ്തിട്ടുള്ളിടത്ത് ആ കുററം ചെയ്ത സമയത്ത് കമ്പനിയുടെ ബിസ്നസ്സിന്റെ ചുമതല വഹിച്ചിരുന്നതും അതിന്റെ നടത്തിപ്പിന് കമ്പനിയോട് ഉത്തരവാദിത്വമുണ്ടായിരുന്നതും ആയ ഏതൊരാളും കൂടാതെ കമ്പനിയും, ആ കുററത്തിന് അപരാധികളായി കരുതപ്പെടേണ്ടതും, എതിരായി നടപടി എടുക്കപ്പെടാനും അതനുസരിച്ച് ശിക്ഷിക്കപ്പെടാനും ബാദ്ധ്യസ്ഥരായിരിക്കുന്നതുമാണ്:

കമ്പനികളാലുള്ള കുററങ്ങൾ.

എന്നാൽ ഈ ഉപവകുപ്പിൽ അടങ്ങിയിട്ടുള്ള യാതൊന്നും അങ്ങനെയുള്ള ഏതെങ്കിലും ആളെ, ആ കുററം അയാളുടെ അറിവു കൂടാതെ ചെയ്തിട്ടുള്ളതാണെന്നോ അല്ലെങ്കിൽ അങ്ങനെയുള്ള കുററം ചെയ്യുന്നതു തടയുന്നതിനു അയാൾ വേണ്ടുന്നത്ര എല്ലാ ശ്രദ്ധയും ചെലുത്തിയിരുന്നു എന്നോ അയാൾ തെളിയിക്കുന്നപക്ഷം, ഈ ആക്ററിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ഏതെങ്കിലും ശിക്ഷയ്ക്ക് ബാദ്ധ്യസ്ഥനാക്കുന്നതല്ല;

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്ററിൻ കീഴിലുള്ള ഒരു കുററം ഒരു കമ്പനി ചെയ്തിരിക്കുകയും ആ കുററം ആ കമ്പനിയിലെ ഏതെങ്കിലും ഡയറക്ടറുടേയോ മാനേജരുടേയോ സെക്രട്ടറിയുടേയോ മററ് ഉദ്യോഗസ്ഥന്റെയോ സമ്മതത്തോടുകൂടിയോ, മൗനാനുവാദത്തോടുകൂടിയോ ചെയ്തിട്ടുള്ളതാണെന്നോ അല്ലെങ്കിൽ അവരുടെ ഭാഗത്തുനിന്നുള്ള ഏതെങ്കിലും ഉപേക്ഷമൂലമാണെന്നു കൽപ്പിക്കപ്പെടാവുന്നതാണെന്നോ തെളിയിക്കുകയും ചെയ്യുന്നപക്ഷം, അങ്ങനെയുള്ള മാനേജരോ സെക്രട്ടറിയോ അല്ലെങ്കിൽ മററ് ഉദ്യോഗസ്ഥനോ കൂടി ആ കുററത്തിന് അപരാധി ആണെന്ന് കരുതപ്പെടേണ്ടതും അതനുസരിച്ച് എതിരായി നടപടി നടത്തപ്പെടുന്നതിനും ശിക്ഷിക്കപ്പെടുന്നതിനും അയാൾ ബാദ്ധ്യസ്ഥനായിരിക്കുന്നതുമാണ്.

3/2852/V.

വിശദീകരണം.—ഈ വകുപ്പിന്റെ ആവശ്യങ്ങൾക്ക്,—

(ക) "കമ്പനി" എന്നാൽ ഏതെങ്കിലും ഏകാംഗീകൃത നികായം എന്നർത്ഥമാകുന്നതും, അതിൽ ഒരു ഫേമോ വ്യക്തികളുടെ മററു സമാജമോ ഉൾപ്പെടുന്നതും ;

(ഖ) 'ഡയറക്ടർ' എന്നാൽ, ഒരു ഫേമിനെ സംബന്ധിച്ചിടത്തോളം, ഫേമിലെ ഒരു പങ്കാളി എന്ന് അർത്ഥമാകുന്നതും ആണ്.

ഗവൺമെൻറ് ഡിപ്പാർട്ട്മെൻറുകളാലുള്ള കുററങ്ങൾ.

48. ഈ ആക്ററിൻകീഴിൽ ഒരു കുററം ഏതെങ്കിലും ഗവൺമെൻറ് ഡിപ്പാർട്ടുമെൻറ് ചെയ്തിട്ടുള്ളിടത്ത്, ആ ഡിപ്പാർട്ടുമെൻറ് മേധാവി ആ കുററത്തിന് കുററക്കാരനായി കരുതപ്പെടേണ്ടതും എതിരായി നടപടി നടത്തുന്നതിനും അതനുസരിച്ച് ശിക്ഷിക്കപ്പെടുന്നതിനും അയാൾ ബാദ്ധ്യസ്ഥനായിരിക്കുന്നതുമാണ് ;

എന്നാൽ ഈ വകുപ്പിൽ അടങ്ങിയിട്ടുള്ള യാതൊന്നും, ഡിപ്പാർട്ടുമെൻറിലെ അങ്ങനെയുള്ള ഡിപ്പാർട്ടുമെൻറു മേധാവിയെ ആ കുററം അയാളുടെ അറിവു കൂടാതെ ചെയ്തതാണെന്നോ അല്ലെങ്കിൽ അങ്ങനെയുള്ള കുററം ചെയ്യുന്നത് തടയുന്നതിന് അയാൾ വേണ്ടത്ര ശ്രദ്ധയും ചെലുത്തിയിരുന്നു എന്നോ അയാൾ തെളിയിക്കുന്നപക്ഷം യാതൊരു ശിക്ഷയ്ക്കും ബാദ്ധ്യസ്ഥനാക്കുന്നതല്ല.

കുററങ്ങൾ നടപടിക്കെടുക്കുന്നത്.

49. (1) യാതൊരു കോടതിയും, ഈ ആക്ററിൻകീഴിലുള്ള ഏതെങ്കിലും കുററം, സ്റേററ് ബോർഡിന്റെ പരാതിയിൻമേലോ, അല്ലെങ്കിൽ അതിന്റെ മുൻകൂട്ടിയുള്ള ലിഖിതമായ അനുമതിയോടുകൂടിയോ അല്ലാതെ നടപടിക്കെടുക്കാൻ പാടില്ലാത്തതും, ഒരു മഹാനഗര മജിസ്ട്രേട്ട് കോടതിയുടെയോ ഒരു ജുഡീഷ്യൽ മജിസ്ട്രേററു കോടതിയുടെയോ പദവിക്ക് താഴെയുള്ള യാതൊരു കോടതിയും ഈ ആക്ററിൻകീഴിൽ ശിക്ഷിക്കപ്പെടാവുന്ന ഒരു കുററം വിചാരണ ചെയ്യാൻ പാടില്ലാത്തതും ആണ്.

1974-ലെ 2

(2) ക്രിമിനൽ നടപടി നിയമസംഹിത, 1973 29-ാം വകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഏതെങ്കിലും ജുഡീഷ്യൽ മജിസ്ട്രേട്ടോ ഏതെങ്കിലും മഹാനഗര മജിസ്ട്രേട്ടോ ഈ ആക്ററിൻകീഴിൽ ശിക്ഷിക്കപ്പെടാവുന്ന ഒരു കുററത്തിന് കുററസ്ഥാപനം ചെയ്തിട്ടുള്ള ഏതെങ്കിലും ആളുടെ മേൽ രണ്ടുവർഷത്തിൽ കവിയുന്ന കാലത്തെ തടവിനോ അല്ലെങ്കിൽ രണ്ടായിരം രൂപയിൽ കവിയുന്ന പിഴയ്ക്കോ ഉള്ള ശിക്ഷാവിധി പാസ്സാക്കുന്നത് നിയമാനുസൃതമായിരിക്കുന്നതാണ്.

ബോർഡിലെ അംഗങ്ങളും ഉദ്യോഗസ്ഥൻമാരും, ജീവനക്കാരും പബ്ലിക് സർവൻറുമാരാണെന്ന്.

1890-ലെ 45,

50. ഒരു ബോർഡിലെ എല്ലാ അംഗങ്ങളും ഉദ്യോഗസ്ഥൻമാരും ജീവനക്കാരും ഈ ആക്ററിലെയും അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളുടേയും വ്യവസ്ഥകൾ അനുസരിച്ച് പ്രവർത്തിക്കുമ്പോഴോ പ്രവർത്തിക്കുന്നതായി കരുതപ്പെടുമ്പോഴോ, ഇൻഡ്യൻ ശിക്ഷാനിയമസംഹിത 21-ാം വകുപ്പിന്റെ അർത്ഥവ്യാപ്തിക്കുള്ളിലുള്ള പബ്ലിക് സർവൻറുമാരായി കരുതപ്പെടേണ്ടതാണ്.

## അദ്ധ്യായം VIII

### പലവക

കേന്ദ്ര ജലപരീക്ഷണശാല

51. (1) കേന്ദ്രഗവൺമെൻറിന് ഔദ്യോഗിക ഗസററിൽ വിജ്ഞാപനംമൂലം,—

(ക) ഒരു കേന്ദ്രജലപരീക്ഷണശാല സ്ഥാപിക്കുകയോ ; അല്ലെങ്കിൽ

(ഖ) ഈ ആക്ററിൻകീഴിൽ ഒരു കേന്ദ്രജലപരീക്ഷണശാലയെ ഭരമേൽപ്പിച്ചിട്ടുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിനു ഏതെങ്കിലും പരീക്ഷണശാലയേയോ വിദ്യാശാലയേയോ ഒരു കേന്ദ്രജലപരീക്ഷണശാലയായി വിനിർദ്ദേശിക്കുകയോ ; ചെയ്യാവുന്നതാണ്.

(2) കേന്ദ്രഗവൺമെൻറിനു, കേന്ദ്രബോർഡുമായി ആലോചിച്ചതിനു ശേഷം,—

(ക) കേന്ദ്ര ജലപരീക്ഷണശാലയുടെ ചുമതലകളും ;

(ഖ) പ്രസ്തുത പരീക്ഷണശാലയിൽ ജലത്തിന്റേയോ ഓടവെള്ളത്തിന്റേയോ വ്യാപാരമാലിന്യത്തിന്റേയോ സാമ്പിളുകൾ വിശ്ലേഷണത്തിനോ പരിശോധനയ്ക്കോ നല്കുന്നതിനുള്ള നടപടിയും അതിൻകീഴിലുള്ള പരീക്ഷണശാലയുടെ റിപ്പോർട്ടിന്റെ ഫാറവും, അങ്ങനെയുള്ള റിപ്പോർട്ട് സംബന്ധിച്ച് കൊടുക്കാനുള്ള ഫീസും ;

(ഗ) ആ പരീക്ഷണശാലയ്ക്ക് അതിന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിനാവശ്യകമോ സമീചീനമോ ആകാവുന്ന മററു വിഷയങ്ങളും ;

നിർണ്ണയിച്ചുകൊണ്ട് ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

സ്റേററ് ജല പരീക്ഷണശാല

52. (1) സ്റേററ് ഗവൺമെൻറിന് ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി,—

(ക) ഒരു സ്റേററ് ജലപരീക്ഷണശാല സ്ഥാപിക്കുകയോ ; അല്ലെങ്കിൽ

(ഖ) ഏതെങ്കിലും പരീക്ഷണശാലയേയോ വിദ്യാശാലയേയോ ഈ ആക്ററിൻകീഴിൽ ഒരു സ്റേററു ജലപരീക്ഷണശാലയെ ഭരമേൽപ്പിച്ചിട്ടുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിനു ഒരു സ്റേററ് ജലപരീക്ഷണശാല ആയി വിനിർദ്ദേശിക്കുകയോ ചെയ്യാവുന്നതാണ്.

(2) സ്റ്റേറ്റ് ഗവൺമെന്റിന് സ്റ്റേറ്റ് ബോർഡുമായി ആലോചിച്ചതിനുശേഷം,—

(ക) സ്റ്റേറ്റു ജലപരീക്ഷണശാലയുടെ ചുമതലകളും ;

(ഖ) പ്രസ്തുത പരീക്ഷണശാലയിൽ ജലത്തിന്റെയോ ഓടവെള്ളത്തിന്റെയോ വ്യാപാരമാലിന്യത്തിന്റെയോ സാമ്പിളുകൾ വിശ്ലേഷണം ചെയ്യുന്നതിനോ പരിശോധിയ്ക്കുന്നതിനോ അയയ്ക്കുന്നതിനുള്ള നടപടിയും, പരീക്ഷണശാലയുടെ അതിൻമേലുള്ള റിപ്പോർട്ടിന്റെ ഫാറവും, അങ്ങനെയുള്ള റിപ്പോർട്ട് സംബന്ധിച്ച് കൊടുക്കാനുള്ള ഫീസും ;

(ഗ) ആ പരീക്ഷണശാലയ്ക്ക് അതിന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിനു പ്രാപ്തമാക്കാൻ ആവശ്യകമോ സമീചീനമോ ആകാവുന്ന മററു വിഷയങ്ങളും നിർണ്ണയിച്ചുകൊണ്ട് ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

അനലിസ്ററുകൾ.

53. (1) കേന്ദ്രഗവൺമെന്റിന്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി, അത് യുക്തമെന്ന് കരുതുന്നതും നിർണ്ണയിക്കപ്പെട്ട യോഗ്യതകൾ ഉള്ളതുമായ ആളുകളെ 51-ാം വകുപ്പ് (1)-ാം ഉപവകുപ്പിൻകീഴിൽ സ്ഥാപിച്ചിട്ടുള്ളതോ വിനിർദ്ദേശിച്ചിട്ടുള്ളതോ ആയ ഏതെങ്കിലും പരീക്ഷണശാലയിൽ വിശ്ലേഷണത്തിനായി അയച്ചിട്ടുള്ള ജലത്തിന്റെയോ ഓടവെള്ളത്തിന്റെയോ വ്യാപാരമാലിന്യത്തിന്റെയോ സാമ്പിളുകൾ വിശ്ലേഷണം ചെയ്യുന്ന ആവശ്യത്തിലേക്ക്, ഗവൺമെന്റ് അനലിസ്ററുകളായി നിയമിക്കാവുന്നതാണ്.

(2) സ്റ്റേറ്റ് ഗവൺമെന്റിന്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി, അതു യുക്തമെന്ന് കരുതുന്നതും നിർണ്ണയിക്കപ്പെട്ട യോഗ്യതകൾ ഉള്ളതുമായ ആളുകളെ 52-ാം വകുപ്പ് (1)-ാം ഉപവകുപ്പിൻകീഴിൽ സ്ഥാപിച്ചിട്ടുള്ളതോ വിനിർദ്ദേശിച്ചിട്ടുള്ളതോ ആയ ഏതെങ്കിലും പരീക്ഷണശാലയിൽ വിശ്ലേഷണത്തിനായി അയച്ചിട്ടുള്ള ജലത്തിന്റെയോ ഓടവെള്ളത്തിന്റെയോ വ്യാപാരമാലിന്യത്തിന്റെയോ സാമ്പിളുകൾ വിശ്ലേഷണം ചെയ്യുന്ന ആവശ്യത്തിലേക്ക് ഗവൺമെന്റ് അനലിസ്ററുകളായി നിയമിക്കാവുന്നതാണ്.

(3) 12-ാം വകുപ്പ് (3)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് ഭംഗം കൂടാതെ, കേന്ദ്രബോർഡിനോ അല്ലെങ്കിൽ, അതതു സംഗതിപോലെ, സ്റ്റേറ്റ് ബോർഡിനോ ഔദ്യോഗിക ഗസററിൽ വിജ്ഞാപനംമൂലവും, അതതുസംഗതിപോലെ, കേന്ദ്ര ഗവൺമെന്റിന്റെയോ സ്റ്റേറ്റ് ഗവൺമെന്റിന്റെയോ അംഗീകാരത്തോടുകൂടിയും, അത് യുക്തമെന്ന് കരുതുന്നതും നിർണ്ണയിക്കപ്പെട്ട യോഗ്യതകൾ ഉള്ളതുമായ ആളുകളെ 16-ാം വകുപ്പിനോ അല്ലെങ്കിൽ, അതതുസംഗതിപോലെ, 17-ാം വകുപ്പിനോ കീഴിൽ സ്ഥാപിച്ചിട്ടുള്ളതോ അംഗീകരിച്ചിട്ടുള്ളതോ ആയ ഏതെങ്കിലും പരീക്ഷണശാലയിൽ വിശ്ലേഷണത്തിനായി അയച്ചിട്ടുള്ള ജലത്തിന്റെയോ ഓടവെള്ളത്തിന്റെയോ വ്യാപാരമാലിന്യത്തിന്റെയോ സാമ്പിളുകൾ വിശ്ലേഷണം ചെയ്യുന്ന ആവശ്യത്തിലേക്ക് ബോർഡ് അനലിസ്ററുകളായി നിയമിക്കാവുന്നതാണ്.

അനലിസ്ററുകളുടെ റിപ്പോർട്ടുകൾ

54. ഗവൺമെന്റ് അനലിസ്ററിന്റെയോ അല്ലെങ്കിൽ, അതതു സംഗതി പോലെ, ബോർഡു അനലിസ്ററിന്റെയോ കൈയ്യൊപ്പോടുകൂടിയ ഒരു റിപ്പോർട്ട് ആയി ഉദ്ദേശിക്കപ്പെടുന്ന ഏതെങ്കിലും രേഖ അതിന് പ്രസ്താവിച്ചിട്ടുള്ള വസ്തുതകളുടെ തെളിവായി ഈ ആക്ററിൻകീഴിലുള്ള ഏതെങ്കിലും നടപടിയിൽ ഉപയോഗിക്കാവുന്നതാണ്.

തദ്ദേശാധികാരസ്ഥാനങ്ങൾ സഹായിക്കണമെന്ന്.

55. എല്ലാ തദ്ദേശാധികാരസ്ഥാനങ്ങളും ബോർഡിന് അതിന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിനാവശ്യകമാകാവുന്ന സഹായവുംതുണയും ചെയ്തുകൊടുക്കേണ്ടതും അങ്ങനെയുള്ള വിവരങ്ങൾ നല്കേണ്ടതും അതിന്റെ കൃത്യങ്ങൾ നിർവ്വഹിക്കുന്നതിനു ആവശ്യകമാകാവുന്ന റിക്കാർഡുകളും ഭൂപടങ്ങളും പ്ലാനുകളും മററു രേഖകളും പരിശോധിക്കാനും പരീക്ഷണം നടത്താനും ബോർഡിനു ലഭ്യമാക്കേണ്ടതുമാണ്.

സ്റ്റേറ്റ് ബോർഡിനു വേണ്ടി ഭൂമി നിർബന്ധമായി ആർജ്ജിക്കുന്നത്. 1894-ലെ 1

56. ഒരു സ്റ്റേറ്റ് ബോർഡിന് ഈ ആക്ററിൻകീഴിൽ അതിന്റെ ചുമതലകൾ കാര്യക്ഷമമായി നിർവ്വഹിക്കുന്നതിന് ആവശ്യമായ ഏതെങ്കിലും ഭൂമി ഒരു പൊതു ആവശ്യത്തിനു വേണ്ടിയിരിക്കുന്നു എന്നു കരുതേണ്ടതും, അങ്ങനെയുള്ള ഭൂമി, ഭൂമി ആർജ്ജിക്കൽ ആക്ററ് 1894-ലെ വ്യവസ്ഥകളിൻ കീഴിലോ അല്ലെങ്കിൽ, തൽസമയം പ്രാബല്യത്തിലുള്ള മറേറതെങ്കിലും തൽസ്ഥാനീയ നിയമത്തിൻകീഴിലോ സ്റ്റേറ്റ്ബോർഡിന്വേണ്ടി ആർജ്ജിക്കേണ്ടതും ആകുന്നു.

റിട്ടേണുകളും റിപ്പോർട്ടുകളും

57. കേന്ദ്രബോർഡ് കേന്ദ്രഗവൺമെന്റിനും, സ്റ്റേറ്റ്ബോർഡ് സ്റ്റേറ്റ് ഗവൺമെന്റിനും കേന്ദ്രബോർഡിനും അതിന്റെ ഫണ്ടിനെയോ, പ്രവർത്തനങ്ങളെയോ സംബന്ധിച്ച് ആ ഗവൺമെന്റോ, അല്ലെങ്കിൽ, അതതു സംഗതി പോലെ, കേന്ദ്രബോർഡോ, അതതുസമയം, ആവശ്യപ്പെടാവുന്ന റിപ്പോർട്ടുകളും, റിട്ടേണുകളും, സ്ഥിതിവിവരക്കണക്കുകളും, അക്കൗണ്ടുകളും മററു വിവരങ്ങളും നല്കേണ്ടതാണ്.

**അധികാരിതയ്ക്ക് തടസ്സം**

58. യാതൊരു സിവിൽ കോടതിക്കും, ഈ ആക്റ്റിൻകീഴിൽ സംവിധാനം ചെയ്തിട്ടുള്ള ഒരു അപ്പീൽ അധികാരസ്ഥാനത്തെ, ഈ ആക്റ്റുമൂലമോ ഈ ആക്റ്റിൻകീഴിലോ തീർച്ച ചെയ്യാൻ അധികാരപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും വിഷയം സംബന്ധിച്ച് ഏതെങ്കിലും വ്യവഹാരമോ നടപടിയോ സ്വീകരിക്കുന്നതിനു അധികാരിത ഉണ്ടായിരിക്കുന്നതല്ലാത്തതും, യാതൊരു കോടതിയോ മററു അധികാര സ്ഥാനമോ, ഈ ആക്റ്റുമൂലമോ ഈ ആക്റ്റിൻകീഴിലോ നല്കിയിട്ടുള്ള ഏതെങ്കിലും അധികാരം അനുസരിച്ച് എടുത്തിട്ടുള്ളതോ എടുക്കേണ്ടതോ ആയ ഏതെങ്കിലും നടപടിയെ സംബന്ധിച്ച് യാതൊരു നിരോധനാജ്ഞയും നല്കാൻ പാടില്ലാത്തതും ആണ്.

**ഉത്തമ വിശ്വാസത്തിൽ എടുത്ത നടപടിക്കു സംരക്ഷണം**

59. ഈ ആക്റ്റോ അതിനുകീഴിലുണ്ടാക്കിയ ചട്ടങ്ങളോ അനുസരിച്ച് ഉത്തമവിശ്വാസത്തിൽ ചെയ്തതോ ചെയ്തതായി കരുതപ്പെട്ടതോ ആയ എന്തെങ്കിലും സംബന്ധിച്ച് ഗവൺമെൻറിനോ ഗവൺമെൻറിന്റെ ഏതെങ്കിലും ഉദ്യോഗസ്ഥനോ ഒരു ബോർഡിലെ ഏതെങ്കിലും ഉദ്യോഗസ്ഥനോ ഒരു ബോർഡിലെ ഏതെങ്കിലും അംഗത്തിനോ ഉദ്യോഗസ്ഥനോ എതിരായി യാതൊരു വ്യവഹാരമോ മററു നിയമനടപടികളോ നിലനില്ക്കുന്നതല്ല.

**അധിപ്രഭാവം**

60. ഈ ആക്റ്റിന്റെ വ്യവസ്ഥകൾക്ക്, ഈ ആക്റ്റ് അല്ലാതുള്ള ഏതെങ്കിലും അധിനിയമത്തിൽ, അവയ്ക്ക് വിരുദ്ധമായി എന്തുതന്നെ അടങ്ങിയിരുന്നാലും പ്രഭാവം ഉണ്ടായിരിക്കുന്നതാണ്.

**കേന്ദ്രഗവൺമെൻറിന് കേന്ദ്രബോർഡിനെയും ജോയിൻറു ബോർഡുകളെയും അതിലംഘിക്കാനുള്ള അധികാരം.**

61. (1) ഏതെങ്കിലും സമയത്ത് കേന്ദ്രഗവൺമെൻറിന്—

(ക) കേന്ദ്രബോർഡോ, ഏതെങ്കിലും ജോയിൻറ് ബോർഡോ ഈ ആക്റ്റുമൂലമോ ആക്റ്റിൻകീഴിലോ അതിൻമേൽ ചുമത്തിയിട്ടുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിൽ തുടർച്ചയായി വീഴ്ച വരുത്തി എന്നോ ;

അല്ലെങ്കിൽ

(ഖ) പൊതുജനങ്ങളുടെ താൽപ്പര്യത്തിന് അപ്രകാരം ചെയ്യുന്നത് ആവശ്യമാക്കിത്തീർക്കുന്ന പരിത:സ്ഥിതികൾ നിലവിലുണ്ടെന്നോ ;

അഭിപ്രായമുള്ളപക്ഷം, കേന്ദ്രഗവൺമെൻറിന്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനംമൂലം, കേന്ദ്രബോർഡിനെയോ, അതതു സംഗതിപോലെ, അങ്ങനെയുള്ള ജോയിൻറു ബോർഡിനെയോ വിജ്ഞാപനത്തിൽ വിനിർദ്ദിഷ്ടമാക്കാവുന്ന ഒരു വർഷത്തിൽ കവിയാത്ത കാലത്തേക്ക് അതിലംഘിക്കാവുന്നതാണ്:

എന്നാൽ ഈ ഉപവകുപ്പിൻകീഴിൽ (ക) ഖണ്ഡത്തിൽ പ്രസ്താവിച്ചിട്ടുള്ള കാരണങ്ങൾക്കായി ഒരു വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുമുമ്പു, കേന്ദ്രഗവൺമെൻറ്, കേന്ദ്രബോർഡിനോ, അതതു സംഗതിപോലെ, അങ്ങനെയുള്ള ജോയിൻറു ബോർഡിനോ, അതിനെ അതിലംഘിക്കാതിരിക്കുന്നതിനുള്ള കാരണം കാണിക്കാൻ ന്യായമായ ഒരവസരം നല്കേണ്ടതും, കേന്ദ്ര ബോർഡിന്റെയോ, അതതുസംഗതിപോലെ, അങ്ങനെയുള്ള ജോയിൻറു ബോർഡിന്റെയോ ഏതെങ്കിലും വിശദീകരണങ്ങളും ആക്ഷേപങ്ങളും, ഉള്ളപക്ഷം അവ പരിഗണിക്കേണ്ടതുമാണ്.

(2) (1)-ാം ഉപവകുപ്പിൻകീഴിൽ കേന്ദ്രബോർഡിനേയോ ഏതെങ്കിലും സ്റേററു ബോർഡിനേയോ അതിലംഘിച്ചുകൊണ്ടുള്ള ഒരു വിജ്ഞാപനം പ്രസിദ്ധപ്പെടുത്തുന്നതിൻമേൽ,—

(ക) എല്ലാ അംഗങ്ങളും അതിലംഘിക്കുന്ന തീയതി മുതൽ അവരുടെ അങ്ങനെയുള്ള ഉദ്യോഗങ്ങൾ ഒഴിയേണ്ടതും ;

(ഖ) ഈ ആക്റ്റുമൂലമോ അതിൻകീഴിലോ കേന്ദ്രബോർഡോ അങ്ങനെയുള്ള ജോയിൻറുബോർഡോ പ്രയോഗിക്കാവുന്നതോ, നിർവ്വഹിക്കാവുന്നതോ അനുഷ്ഠിക്കാവുന്നതോ ആയ എല്ലാ അധികാരങ്ങളും, ചുമതലകളും, കർത്തവ്യങ്ങളും, കേന്ദ്രബോർഡോ, അതതുസംഗതിപോലെ, ജോയിൻറുബോർഡോ (3)-ാം ഉപവകുപ്പിൻകീഴിൽ പുന:സംവിധാനം ചെയ്യുന്നതുവരെ, കേന്ദ്രഗവൺമെൻറ് നിദേശിക്കാവുന്ന ആളോ ആളുകളോ പ്രയോഗിക്കുകയോ നിർവ്വഹിക്കുകയോ, അനുഷ്ഠിക്കുകയോ ചെയ്യേണ്ടതും ;

(ഗ) കേന്ദ്രബോർഡിന്റെയോ അങ്ങനെയുള്ള ജോയിൻറു ബോർഡിന്റെയോ ഉടമസ്ഥതയിലോ നിയന്ത്രണത്തിലോ ഉള്ള എല്ലാ വസ്തുവകകളും (3)-ാം ഉപവകുപ്പിൻകീഴിൽ കേന്ദ്രബോർഡോ, അതതുസംഗതിപോലെ, അങ്ങനെയുള്ള ജോയിൻറ് ബോർഡോ പുന:സംവിധാനം ചെയ്യപ്പെടുന്നതുവരെ, കേന്ദ്രഗവൺമെൻറിൽ നിക്ഷിപ്തമായിരിക്കുന്നതും,

ആകുന്നു.

(3) (1)-ാം ഉപവകുപ്പിൻകീഴിൽ പുറപ്പെടുവിച്ചിട്ടുള്ള വിജ്ഞാപനത്തിൽ വിനിർദ്ദിഷ്ടമായ അതിലംഘന കാലാവധി അവസാനിക്കുന്നതിൻമേൽ, കേന്ദ്രഗവൺമെൻറിന്—

(ക) അതിന് ആവശ്യമാണെന്ന് തോന്നാവുന്ന ആറുമാസത്തിൽ കവിയാത്ത കൂടുതൽ കാലത്തേക്ക് അതിലംഘന കാലാവധി നീട്ടുകയോ ; അല്ലെങ്കിൽ

(ഖ) കേന്ദ്രബോർഡോ, അതതു സംഗതിപോലെ, ജോയിൻറുബോർഡോ അതതു സംഗതിപോലെ പുതിയ നാമനിർദ്ദേശമോ നിയമനമോമൂലം, പുനഃസംവിധാനം ചെയ്യാവുന്നതും, അങ്ങനെയുള്ള സംഗതിയിൽ (2)-ാം ഉപവകുപ്പ് (ക) ഖണ്ഡത്തിൻകീഴിൽ ഉദ്യോഗം ഒഴിഞ്ഞിട്ടുള്ള ഏതെങ്കിലും ആൾ നാമനിർദ്ദേശം ചെയ്യപ്പെടുന്നതിനോ, നിയമിക്കപ്പെടുന്നതിനോ അയോഗ്യനായി കരുതാൻ പാടില്ലാത്തതും ആണ്:

എന്നാൽ കേന്ദ്രഗവൺമെൻറിന്, (1)-ാം ഉപവകുപ്പിൽ ആദ്യമേ വിനിർദ്ദിഷ്ടമാക്കിയിട്ടുള്ളതോ അല്ലെങ്കിൽ ഈ ഉപവകുപ്പിൻകീഴിൽ നീട്ടിയ പ്രകാരമുള്ളതോ ആയാലും അതിലംഘന കാലാവധി അവസാനിക്കുന്നതിന് മുമ്പ് ഏതെങ്കിലും സമയത്ത് ഈ ഉപവകുപ്പിലെ (ഖ) ഖണ്ഡത്തിൻകീഴിൽ നടപടി എടുക്കാവുന്നതാണ്.

സ്റേററ് ഗവൺമെൻറിന് സ്റേററ് ബോർഡിനെ അതിലംഘിക്കാനുള്ള അധികാരം.

62. (1) ഏതെങ്കിലും സമയത്ത് സ്റേററ് ഗവൺമെൻറിന്—

(ക) സ്റേററ് ബോർഡ്, ഈ ആക്ററ്മൂലമോ ആക്ററിൻകീഴിലോ അതിൻമേൽ ചുമത്തിയിട്ടുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിൽ തുടർച്ചയായി വീഴ്ച വരുത്തിയെന്നോ; അല്ലെങ്കിൽ

(ഖ) പൊതു താല്പര്യാർത്ഥം അപ്രകാരം ചെയ്യുന്നത് ആവശ്യകമാക്കിത്തീർക്കുന്ന പരിതഃസ്ഥിതികൾ നിലവിലുണ്ടെന്നോ,

അഭിപ്രായമുള്ളപക്ഷം, സ്റേററു ഗവൺമെൻറിന്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി, വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കാവുന്ന, ഒരു വർഷത്തിൽ കവിയാത്ത, കാലത്തേക്ക് സ്റേററ് ബോർഡിനെ അതിലംഘിക്കാവുന്നതാണ്;

എന്നാൽ ഈ ഉപവകുപ്പിൻകീഴിൽ (ക) ഖണ്ഡത്തിൽ പ്രസ്താവിച്ചിട്ടുള്ള കാരണങ്ങൾക്കായി ഒരു വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുമുമ്പ് സ്റേററ് ഗവൺമെൻറ്, അതിനെ അതിലംഘിക്കാതിരിക്കുന്നതിനുള്ള കാരണം കാണിക്കാൻ ന്യായമായ ഒരവസരം സ്റേററ് ബോർഡിന് നല്കേണ്ടതും, സ്റേററ് ബോർഡിന് ഏതെങ്കിലും വിശദീകരണങ്ങളും ആക്ഷേപങ്ങളും, ഉള്ളപക്ഷം, അവ പരിഗണിക്കേണ്ടതുമാണ്.

(2) (1)-ാം ഉപവകുപ്പിൻകീഴിൽ സ്റേററു ബോർഡിനെ അതിലംഘിക്കുന്ന ഒരു വിജ്ഞാപനം പ്രസിദ്ധപ്പെടുത്തുന്നതിൻമേൽ, 61-ാം വകുപ്പ്, (2)-ം (3)-ം ഉപവകുപ്പുകളിലെ വ്യവസ്ഥകൾ സ്റേററു ബോർഡിനെ അതിലംഘിക്കുന്നതു സംബന്ധിച്ചു, അവ കേന്ദ്രഗവൺമെൻറ് കേന്ദ്ര ബോർഡിനേയോ ജോയിൻറു ബോർഡിനേയോ അതിലംഘിക്കുന്നതു സംബന്ധിച്ച് ബാധകമാകുന്നതുപോലെ, ബാധകമാകുന്നതാണ്.

കേന്ദ്ര ഗവൺമെൻറിന് ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം

63. (1) കേന്ദ്രഗവൺമെൻറിനു. കേന്ദ്രബോർഡു സംവിധാനം ചെയ്യുന്നതോടുകൂടിത്തന്നെ; (2)-ാം ഉപവകുപ്പിൽ വിനിർദ്ദേശിച്ചിട്ടുള്ള സംഗതികൾ സംബന്ധിച്ച് ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്:

എന്നാൽ കേന്ദ്രബോർഡു സംവിധാനം ചെയ്തു കഴിയുമ്പോൾ അങ്ങനെയുള്ള യാതൊരു ചട്ടവും, ബോർഡുമായി ആലോചിക്കാതെ ഉണ്ടാക്കുകയോ വ്യത്യാസപ്പെടുത്തുകയോ ഭേദഗതി ചെയ്യുകയോ, റദ്ദാക്കുകയോ ചെയ്യാൻ പാടുള്ളതല്ല.

(2) പ്രത്യേകിച്ചും, മേൽ പ്രസ്താവിച്ച അധികാരത്തിൻെറ സാമാന്യതയ്ക്ക് ഭംഗം കൂടാതെയും, അങ്ങനെയുള്ള ചട്ടങ്ങളിൽ താഴെപ്പറയുന്ന എല്ലാമോ അല്ലെങ്കിൽ ഏതെങ്കിലുമോ സംഗതികൾക്ക് വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത് :—

(ക) 5-ാം വകുപ്പ്, (8)-ാം ഉപവകുപ്പിൻ കീഴിൽ കേന്ദ്രബോർഡിലെ അംഗങ്ങളുടെ (ചെയർമാനും മെമ്പർസെക്രട്ടറിയും അല്ലാതുള്ള) സേവന വ്യവസ്ഥകളും ഉപാധികളും ;

(ഖ) ഈ ആക്ററിൻകീഴിൽ സംവിധാനം ചെയ്തിട്ടുള്ള കേന്ദ്ര ബോർഡിൻേറയോ അതിൻെറ ഏതെങ്കിലും കമ്മററിയുടേയോ യോഗങ്ങൾ ചേരേണ്ട ഇടവേളകളും സമയവും, സ്ഥലവും അങ്ങനെയുള്ള യോഗങ്ങളിൽ 8-ാംവകുപ്പിൻകീഴിലും 9-ാം വകുപ്പ് (2)-ാം ഉപവകുപ്പിൻകീഴിലും ബിസിനസ്സ് നടത്തുന്നതിന് ആവശ്യമായ കോറം ഉൾപ്പെടെ അനുവർത്തിക്കേണ്ട നടപടിക്രമവും;

(ഗ) കേന്ദ്ര ബോർഡിലെ ഒരു കമ്മിററിയിലുള്ള ബോർഡിലെ അംഗങ്ങളല്ലാത്ത അംഗങ്ങൾക്ക് 9-ാം വകുപ്പ്, (3)-ാം ഉപവകുപ്പിൻ കീഴിൽ കൊടുക്കേണ്ട ഫീസുകളും ബത്തകളും ;

(ഘ) 10-ാം വകുപ്പു, (1)-ാം ഉപവകുപ്പിൻ കീഴിൽ കേന്ദ്ര ബോർഡിൽ ആളുകളെ കൂട്ടുചേർക്കാവുന്നതു ഏതു രീതിയിലും ഏത് ആവശ്യങ്ങൾക്കും ആണെന്നും അങ്ങനെയുള്ള ആളുകൾക്കു കൊടുക്കേണ്ട ഫീസുകളും ബത്തകളും ;

(ങ) 5-ാം വകുപ്പ് (9)-ാംഉപവകുപ്പിനു കീഴിലും 12-ാം വകുപ്പ്, (1)-ാം ഉപവകുപ്പിൻ കീഴിലും കേന്ദ്രബോർഡിലെ ചെയർമാൻേറയും മെമ്പർ സെക്രട്ടറിയുടേയും സേവന വ്യവസ്ഥകളും ഉപാധികളും ;

(ച) 12-ാം വകുപ്പ്, (4)-ാം ഉപവകുപ്പിൻ കീഴിൽ കേന്ദ്രബോർഡിൽ ഏത് വ്യവസ്ഥകൾക്ക് വിധേയമായാണ് ഒരാളെ ഒരു കൺസൽട്ടിംഗ് എൻജിനീയർ ആയി നിയമിക്കാവുന്നതെന്ന് ;

(ഛ) കേന്ദ്ര ബോർഡിലെ ചെയർമാനും മെമ്പർ സെക്രട്ടറിയും പ്രയോഗിക്കേണ്ടതും നിർവ്വഹിക്കേണ്ടതുമായ അധികാരങ്ങളും കർത്തവ്യങ്ങളും ;

(ജ) x x x x

(ഝ) 1978-ലെ 44-ാം ആക്റ്റു മുഖേന വിട്ടുകളഞ്ഞു.

(ഞ) 22-ാം വകുപ്പ്, (1)-ാം ഉപവകുപ്പിൻ കീഴിൽ കേന്ദ്രബോർഡു അനാലിസ്റ്റിന്റെ റിപ്പോർട്ടിന്റെ ഫാറം ;

(ട) 22-ാം വകുപ്പു, (3)-ാം ഉപവകുപ്പിൻ കീഴിൽ ഗവൺമെന്റ് അനാലിസ്റ്റിന്റെ റിപ്പോർട്ടിന്റെ ഫാറം ;

(ഠ) 38-ാം 39-ാം വകുപ്പുകളിൻ കീഴിൽ കേന്ദ്രബോർഡിന്റെ ബഡ്ജററു വാർഷിക റിപ്പോർട്ടും തയ്യാറാക്കി കേന്ദ്രഗവൺമെന്റിനു അയയ്ക്കാവുന്നതു ഏതു ഫാറത്തിലും ഏതു സമയത്തിനുള്ളിലും ആണെന്ന്;

(ഡ) 40-ാം വകുപ്പിൻ കീഴിൽ കേന്ദ്ര ബോർഡ് സൂക്ഷിക്കാവുന്ന അക്കൗണ്ടുകളുടെ ഫാറം ;

(ഢ) കേന്ദ്ര ബോർഡിനെ സംബന്ധിച്ച, യൂണിയൻ രാജ്യക്ഷേത്രങ്ങളെ സംബന്ധിച്ച് ആ ബോർഡിന്റെ അധികാരങ്ങളും ചുമതലകളും ഉൾപ്പെടെയുള്ള മറേറതെങ്കിലും വിഷയം ;

(ണ) നിർണ്ണയിക്കപ്പെടേണ്ടതോ, നിർണ്ണയിക്കപ്പെടാവുന്നതോ, ആയ മറേറതെങ്കിലും വിഷയം ;

(3) ഈ ആക്റ്റിൻ കീഴിൽ കേന്ദ്രഗവൺമെന്റ് ഉണ്ടാക്കുന്ന ഓരോ ചട്ടവും, അതുണ്ടാക്കിയതിനുശേഷം കഴിയുന്നത്ര വേഗത്തിൽ, പാർലമെന്റ് സമ്മേളിച്ചുകൊണ്ടിരിക്കുമ്പോൾ അതിന്റെ ഓരോ സഭയിലും ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ടോ അതിലധികമോ സമ്മേളനങ്ങളിലോ അടങ്ങുന്ന ആകെ മുപ്പതു ദിവസത്തേയ്ക്ക് വയ്ക്കേണ്ടതും, മുൻപറഞ്ഞ സമ്മേളനത്തിനോ തുടർന്നുള്ള സമ്മേളനങ്ങൾക്കോ തൊട്ടടുത്തു വരുന്ന സമ്മേളനം അവസാനിക്കുന്നതിന് മുൻപ് ഇരുസഭകളും ആ ചട്ടത്തിൽ എന്തെങ്കിലും രൂപഭേദം വരുത്തുന്നതിൽ യോജിക്കുകയോ അല്ലെങ്കിൽ ഇരുസഭകളും ചട്ടം ഉണ്ടാക്കാൻ പാടില്ല എന്നതിൽ യോജിക്കുകയോ ചെയ്യുന്നപക്ഷം, അതിനുശേഷം ആ ചട്ടത്തിൽ അതതു സംഗതിപോലെ, അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽമാത്രം പ്രാബല്യം ഉണ്ടായിരിക്കുകയോ, അല്ലെങ്കിൽ പ്രാബല്യം ഇല്ലാതിരിക്കുകയോ ചെയ്യുന്നതും, എന്നിരുന്നാലും അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ പ്രാബല്യശൂന്യമാക്കലോ ആ ചട്ടത്തിൻകീഴിൽ മുമ്പ് ചെയ്തിട്ടുള്ള എന്തിന്റെയെങ്കിലും സാധുതയ്ക്ക് ഭംഗം വരാത്തവിധം ആയിരിക്കുന്നതുമാണ്.

സ്റ്റേററ് ഗവൺമെന്റിന് ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം

64. (1) സ്റ്റേററു ഗവൺമെന്റിന്, സ്റ്റേററു ബോർഡ് സംവിധാനം ചെയ്യുന്നതോടുകൂടി 63-ാം വകുപ്പിന്റെ അധികാരസീമയ്ക്കുള്ളിലുള്ളതല്ലാത്ത വിഷയങ്ങളെ സംബന്ധിച്ച്, ഈ ആക്റ്റിന്റെ ആവശ്യങ്ങൾ നടത്തുന്നതിനു ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

എന്നാൽ സ്റ്റേററു ബോർഡു സംവിധാനം ചെയ്തിട്ടുള്ളപ്പോൾ, അങ്ങനെയുള്ള യാതൊരു ചട്ടവും, ആ ബോർഡുമായി ആലോചിക്കാതെ ഉണ്ടാക്കുകയോ വ്യത്യാസപ്പെടുത്തുകയോ, ഭേദഗതി ചെയ്യുകയോ, റദ്ദാക്കുകയോ ചെയ്യാൻ പാടുള്ളതല്ല.

(2) പ്രത്യേകിച്ച്, മുകളിൽ പ്രസ്താവിച്ചിട്ടുള്ള അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗം കൂടാതെ അങ്ങനെയുള്ള ചട്ടങ്ങൾക്കു താഴെ പറയുന്ന എല്ലാമോ അല്ലെങ്കിൽ ഏതെങ്കിലുമോ വിഷങ്ങയൾക്ക് വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത് —

(ക) 5-ാം വകുപ്പ്, (8)-ാം ഉപവകുപ്പിൻ കീഴിൽ സ്റ്റേററ് ബോർഡിലെ (ചെയർമാനും മെമ്പർ സെക്രട്ടറിയും അല്ലാതുള്ള) അംഗങ്ങളുടെ സേവന വ്യവസ്ഥകളും ഉപാധികളും ;

(ഖ) ഈ ആക്റ്റിൻ കീഴിൽ സംവിധാനം ചെയ്തിട്ടുള്ള സ്റ്റേററു ബോർഡിന്റേയോ ആ ബോർഡിന്റെ ഏതെങ്കിലും കമ്മററിയുടെയോ ആ യോഗങ്ങൾ ചേരേണ്ട സമയവും സ്ഥലവും അങ്ങനെയുള്ള യോഗങ്ങളിൽ 8-ാം വകുപ്പിൻ കീഴിലും 9-ാം വകുപ്പ്, (2)-ാം ഉപവകുപ്പിൻ കീഴിലും ബിസിനസ്സിന്റെ നടത്തിപ്പിനാവശ്യമായ കോറം ഉൾപ്പെടെ, അനുവർത്തിക്കേണ്ട നടപടിക്രമവും ;

(ഗ) സ്റ്റേററ് ബോർഡിലെ ഒരു കമ്മിററിയിലുള്ള ബോർഡിലെ അംഗങ്ങൾക്ക് 9-ാം വകുപ്പ്, (3)-ാം ഉപവകുപ്പിൻകീഴിൽ നൽകേണ്ട ഫീസുകളും, ബത്തകളും ;

(ഘ) 10-ാം വകുപ്പ് (1)-ാം ഉപവകുപ്പിൻകീഴിൽ സ്റ്റേററ് ബോർഡുമായി ആളുകൾക്ക് സഹകരിക്കാവുന്നത് ഏതു രീതിയിലും ഏതാവശ്യങ്ങൾക്കുവേണ്ടിയും ആണെന്നും അങ്ങനെയുള്ള ആളുകൾക്ക് നല്കേണ്ട ഫീസുകളും ബത്തകളും;

(ങ) 5-ാം വകുപ്പ് (9)-ാം ഉപവകുപ്പിൻ കീഴിലും 12-ാം വകുപ്പ്, (1)-ാം ഉപവകുപ്പിൻ കീഴിലും സ്റ്റേറ്ററു ബോർഡിലെ ചെയർമാൻെറയും മെമ്പർ സെക്രട്ടറിയുടെയും സേവനവ്യവസ്ഥകളും ഉപാധികളും;

(ച) 12-ാം വകുപ്പ്, (4)-ാം ഉപവകുപ്പിൻ കീഴിൽ സ്റ്റേററു ബോർഡിൽ ഏതുവ്യവസ്ഥകൾക്കു വിധേയമായാണു ഒരാളെ ഒരു കൺസൾട്ടിംഗ് എൻജിനീയർ ആയി നിയമിക്കാവുന്നതെന്ന് ;

(ഛ) സ്റ്റേററു ബോർഡിലെ ചെയർമാനും മെമ്പർ സെക്രട്ടറിയും പ്രയോഗിക്കേണ്ട അധികാരങ്ങളും നിർവ്വഹിക്കേണ്ട കർത്തവ്യങ്ങളും ;

(ജ) 21-ാം വകുപ്പിൽ പരാമർശിച്ചിട്ടുള്ള നോട്ടീസിൻെറ ഫാറം ;

(ഝ) 22-ാം വകുപ്പ് (1)-ാം ഉപവകുപ്പിൻ കീഴിലുള്ള സ്റ്റേററു ബോർഡു അനലിസ്ററിൻെറ റിപ്പോർട്ടിൻെറ ഫാറം ;

(ഞ) 22-ാം വകുപ്പ്, (1)-ാം ഉപവകുപ്പിൻ കീഴിലുള്ള ഗവൺമെൻറ് അനലിസ്ററിൻെറ റിപ്പോർട്ടിൻെറ ഫാറം ;

(ട) 25-ാം വകുപ്പ് (2)-ാം ഉപവകുപ്പിൻ കീഴിൽ സ്റ്റേററു ബോർഡിൻെറ അനുമതിക്കുള്ള അപേക്ഷയുടെ ഫാറവും അതിൽ അടങ്ങിയിരിക്കാവുന്ന വിവരങ്ങളും ;

(ഠ) 25-ാം വകുപ്പ്; (3)-ാം ഉപവകുപ്പിൻ കീഴിൽ സ്റ്റേററു ബോർഡിൻെറ അനുമതി ലഭിക്കാനുള്ള അപേക്ഷ സംബന്ധിച്ചു നടത്താവുന്ന അന്വേഷണവിചാരണയുടെ രീതിയും, അങ്ങനെയുള്ള അനുമതി നൽകുകയോ നിരസിക്കുകയോ ചെയ്യുന്നതിന് കണക്കിലെടുക്കേണ്ട വിഷയങ്ങളും ;

(ഡ) അപ്പീലുകൾ ബോധിപ്പിക്കാവുന്നതു ഏതു ഫാറത്തിലും രീതിയിലും ആണെന്നും അങ്ങനെയുള്ള അപ്പീലുകൾ സംബന്ധിച്ച് നൽകേണ്ട ഫീസും, 28-ാംവകുപ്പ് (3)-ാം ഉപവകുപ്പിൻ കീഴിൽ അപ്പീലുകൾ തീർച്ചചെയ്യുന്നതിൽ അപ്പീൽ അധികാരസ്ഥാനം അനുവർത്തിക്കേണ്ട നടപടിക്രമവും ;

(ഢ) 38-ം 39-ം, വകുപ്പുകളിൻ കീഴിൽ, സ്റ്റേററു ബോർഡിൻെറ ബഡ്ജററും വാർഷിക റിപ്പോർട്ടും തയ്യാറാക്കി സ്റ്റേററു ഗവൺമെൻറിന് അയക്കാവുന്നത് ഏതു ഫാറത്തിലും ഏതു സമയത്തിനുള്ളിലും ആണെന്ന് ;

(ണ) 40-ാം വകുപ്പ്, (1)-ാം ഉപവകുപ്പിൻ കീഴിൽ സ്റ്റേററു ബോർഡിൻെറ കണക്കുകൾ സൂക്ഷിക്കാവുന്നത് ഏതു ഫാറത്തിലാണെന്ന് ;

(ത) നിർണ്ണയിക്കപ്പെടേണ്ടതോ നിർണ്ണയിക്കപ്പെടാവുന്നതോ ആയ മറേറതെങ്കിലും വിഷയം.

---